**JEEVA MOZHIKAL** RNI/KERBIL/-2003/21404
**December 2013** www.jeevamozhikal.org
Annual Contribution Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-11-2013

## കോഴിയോ മുട്ടയോ ആദ്യം ഉണ്ടായത്?

'**കോ**ഴിയാണോ കോഴിമുട്ടയാണോ ആദ്യം ഉണ്ടായത്?"

പഴയ ഒരു തർക്കമാണിത്. കോഴിയാണ് ആദ്യം ഉണ്ടായതെന്നു പറഞ്ഞാൽ ആദ്യത്തെ ആ കോഴി ഉണ്ടായതും ഒരു മുട്ട വിരിഞ്ഞാണല്ലോ, അപ്പോൾ മുട്ടയല്ലേ ആദ്യം ഉണ്ടായത് എന്നാകും ചോദ്യം.

എന്നാൽ മുട്ടയാണ് ആദ്യം ഉണ്ടായത് എന്നു പറഞ്ഞാലോ? ആ മുട്ട ഒരു കോഴി ഇട്ടതാകണമല്ലോ, അതുകൊണ്ട് കോഴിയല്ലേ ആദ്യം ഉണ്ടായത് എന്നാകും തർക്കം.

ചുരുക്കത്തിൽ കോഴിയാണോ മുട്ടയാണോ ആദ്യം ഉണ്ടായത് എന്ന ചോദ്യത്തിനു വ്യക്തമായ ഒരു മറുപടിയില്ലാതെ നൂറ്റാണ്ടുകളായി തർക്കവിഷയമായി തുടരുകയായിരുന്നു.

എന്നാൽ ഈയിടെ ആ ചോദ്യത്തിനു മറുപടി ലഭിച്ചു-മുട്ടയല്ല, കോഴിയാണ് ആദ്യം ഉണ്ടായത്. 'Hector' എന്ന അത്യന്താധുനിക കംപ്യൂട്ടറിന്റെ സഹായത്തോടെ ഷെഫീൽഡ്, വാർഫിക് സർവകലാശാലകളിലെ ശാസ്ത്രസംഘം ഗവേഷണം നടത്തി കണ്ടുപിടിച്ചതാണ് ഈ കാര്യം.

ഈ നിഗമനത്തിലേക്കു ശാസ്ത്രസംഘം എത്തിച്ചേർന്നത് ഇങ്ങനെയാണ്: മുട്ടയിൽ നിന്നല്ല മുട്ടത്തോടിൽ നിന്നാണു ശാസ്ത്രജ്ഞർക്ക് ഇതു സംബന്ധിച്ച ആദ്യസൂചന ലഭിച്ചത്. മുട്ടത്തോടിന്റെ സൃഷ്ടിക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു പ്രോട്ടീനാണ് 'ഓവോക്ലെയ്ഡിൻ' എന്ന് അവർ കണ്ടെത്തി. ഈ പ്രോട്ടീൻ മുട്ടത്തോടിന് എവിടെ നിന്നു ലഭിച്ചു എന്നായി അവരുടെ അടുത്ത അന്വേഷണം. ഒടുവിൽ അവർ കണ്ടെത്തി പിടക്കോഴിയുടെ അണ്ഡകോശത്തിലാണ് 'ഓവോക്ലെയ്ഡിൻ' എന്ന പ്രോട്ടീനുള്ളത്. അപ്പോൾ പിടക്കോഴിയുടെ അണ്ഡകോശത്തിൽ നിന്നാണു മുട്ടത്തോടിന് ഈ പ്രോട്ടീൻ ലഭിച്ചത് എന്നു വ്യക്തം. ഇതു കാണിക്കുന്നത് കോഴിയിൽ നിന്നാണു മുട്ട ഉണ്ടായതെന്നാണ്, മറിച്ചല്ല-ശാസ്ത്രസംഘം ചൂണ്ടിക്കാട്ടുന്നു.

കോഴിയാണ് ആദ്യം ഉണ്ടായത് എന്ന കണ്ടെത്തൽ ബൈബിളിലെ സൃഷ്ടി വിവരണത്തെയും ശരി വയ്ക്കുന്നു. സൃഷ്ടിപ്പിൽ അഞ്ചാം ദിവസം അതതുതരം ജീവജന്തുക്കളെയും പറവകളെയുമാണു ദൈവം സൃഷ്ടിച്ചത്, അല്ലാതെ അവയുടെ മുട്ടയെയല്ല (ഉൽപത്തി 1:22, 23).

ചുരുക്കത്തിൽ തർക്കം നിർത്താം. മുട്ടയല്ല, കോഴിയാണ് ആദ്യം ഉണ്ടായത്. ബൈബിളിലെ സൃഷ്ടി വിവരണമാണു ശരിയെന്നു ശാസ്ത്രത്തിന്റെ കണ്ടെത്തലും വ്യക്തമാക്കുന്നു.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 11 – ലക്കം 12

ഡിസംബർ 2013



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*
വാല്യം 11 ഡിസംബർ 2013 ലക്കം 12

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :
ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ 0481 - 2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

## ഒറ്റനോട്ടത്തിൽ

**സാക്ഷിയാകുക**

*'യേശുവിനെ കേൾക്കുക' എന്ന അടിസ്ഥാനത്തിന്മേലാണ് 'യേശുവിനെ സാക്ഷിക്കുക' എന്ന കെട്ടിടം പണിയേണ്ടത്.*

## മൊഴിമുത്തുകൾ

## പൂർണതയിലേക്ക് ആയുക



ആരും പൂർണരല്ലാത്തതിനാൽ അപൂർണത അത്രയ്ക്ക് അപകടകാരിയല്ല എന്ന ചിന്തയിൽ ലോകമയത്വത്തിലും അലസതയിലും പാപത്തിലും തങ്ങളെത്തന്നെ താരാട്ടുപാടി ഉറക്കുന്ന ധാരാളം ക്രിസ്ത്യാനികളുണ്ട്. പൂർണഹൃദയത്തോടെ നമുക്ക് ദൈവത്തെ സ്നേഹിക്കാൻ, സേവിക്കാൻ, കഴിയുമെന്ന് ഗ്രഹിച്ചിട്ടില്ലാത്തതിനാൽ ഇവർ ക്രിസ്തീയജീവിതത്തിൽ ഒട്ടും പുരോഗതി പ്രാപിച്ചിട്ടില്ല.

**ആൻഡ്രു മുറേ**

## അലയുന്ന മനസ്സ്




'നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്കു മധ്യേ പട്ടമായിരിക്കയും വേണം.' *(ആവർത്തനം 11:18)*

# BECOMING A PEOPLE OF MERCY

Throughout His life, Jesus reached to those rejected by others. He loved the outcasts, those who were despised, scorned, and excluded. Yet His practice of dining with known evildoers offended the Pharisees, and they confronted Jesus' disciples with this question: 'Why is your Teacher eating with the tax-gatherers and sinners?" (Matt. 9:11).

When Jesus heard their question, He answered, 'It is not those who are healthy who need a physician, but those who are sick. But go and learn what this means, 'I desire compassion, and not sacrifice,' for I did not come to call the righteous, but sinners" (Matt. 9:12-13).

Jesus told the religious Pharisees to go and learn what our heavenly Father meant when He said, 'I desire compassion [mercy], and not sacrifice." So many today are religious without being compassionate. Compassion in the Greek language means a 'yearning in the bowels." It is something that cannot be easily ignored. A religion without love is an abomination to God. The church needs to learn that God desires love and compassion, not merely an adherence to ritual and sacrifice.

### Mercy Not Wrath

The church was created not to fulfill God's wrath, but to complete His mercy. True prayer is born of love and comes in the midst of sin and need. It comes not to condemn, but to cover.

Jesus said His Father's house would be a 'house of prayer for all the nations" (Mark 11:17). Consider passionately this phrase: 'prayer for." Jesus taught His disciples to 'pray for" those who would persecute or mistreat them (Matt. 5:44). When Job 'prayed for" his friends (Job 42:10). Paul wrote that God 'desires all men to be saved" (1 Tim. 2:4). Therefore, he urged 'that entreaties and prayers…be made on behalf of all men, for kings and all who are in authority" (vv. 1-2). The nature of our calling is to pray for people in difficulty, in sin, in sickness, and in need of God.

### Conformed to the Image of God

Consider this: The only Person in the entire universe worthy to 'open the book" and release God's wrath on sin is the very One in all the universe Who least wants to do that. His commitment to man's redemption was a total sacrifice, an offering that abides eternally at God's throne. Yes, He is the Lion of the tribe of Judah, but He is also the Lamb slain for men's sins. He is the only One to whom authority is given to open the book of divine wrath (see Rev. 5).

Because Christ paid the highest price for redemption, we can be confident that He will not release divine fury until He fully exhausts divine mercy. Even then, when His judgments finally come, they will continue to be guided by His motive of mercy, giving time for sinners to repent.

God's Word tells us plainly, 'As He is, so also are we in this world" (1 John 4:17). Our pattern is the Lamb. Our goal is not merely the exposure of sin but also the unveiling of the sacrifice for sin. Our great commission is to bring healing and the message of God's mercy to the nations. Until Christ breaks the seals that ultimately will lead to wrath, we must stand in intercession before God as ambassadors of the Lamb.

## എഡിറ്റോറിയൽ



"ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്" (മത്തായി 7:14)

ഒരു വാതിൽ; പിന്നെ വഴി-ഇതാണ് ക്രിസ്തീയജീവിതത്തിൽ മുന്നോട്ടു പോകുവാൻ ദൈവം വച്ചിട്ടുള്ള മാർഗ്ഗം. ക്രിസ്തീയജീവിതത്തിലേക്കു നാം പ്രവേശിക്കുന്നത് ഒരു ഇടുങ്ങിയ വാതിലിലൂടെ; തുടർന്നു മുന്നോട്ടു പോകുന്നത് ഒരു ഇടുങ്ങിയ വഴിയിലൂടെ.

ഇത് ഒരിക്കലായി എന്നേക്കുമായി നടക്കുന്ന ഏകസംഭവമായാണു നാം പലപ്പോഴും ചിന്തിക്കുന്നത്. എന്നാൽ യാഥാർത്ഥ്യം അങ്ങനെയല്ല. ക്രിസ്തീയജീവിതത്തിൽ നിരന്തരം ഇതു സംഭവിച്ചുകൊണ്ടേയിരിക്കുന്നു.

വാതിൽ ഒരു പ്രതിസന്ധി (crisis) യെയാണു കാണിക്കുന്നത്; വഴി ഒരു പ്രയാണ (process) ത്തെയും.

ഒരു പ്രതിസന്ധിയിലൂടെയാണു നാം ആദ്യം ദൈവത്തെ കണ്ടുമുട്ടുന്നത്. ലോകത്തിന്റെ വിശാലമായ മാർഗ്ഗത്തിലൂടെ പോകുന്ന നാം പല സാഹചര്യങ്ങൾ നൽകുന്ന സമ്മർദ്ദത്തിലൂടെ ഒരു പ്രതിസന്ധിയിലെത്തുന്നു.അവിടെവച്ച് ഇനി ദൈവത്തെ കൂടാതെ മുന്നോട്ടുപോകുവാൻ കഴിയുകയില്ലെന്നു മനസ്സിലാക്കി നാം നമ്മെത്തന്നെ ദൈവത്തിനായി സമർപ്പിക്കുന്നു. ഇതു ജീവങ്കലേക്കുള്ള വാതിലാണ്. തുടർന്ന് ഇടുക്കമുള്ള വഴിയിലൂടെ, ക്രിസ്തീയജീവിതത്തിലൂടെയുള്ള പ്രയാണമാണ്.

ക്രിസ്തീയജീവിതത്തിന്റെ തുടക്കത്തിലുള്ള വാതിലും തുടർന്നുള്ള വഴിയും പലർക്കും അറിയാം. പക്ഷേ ഇതു ക്രിസ്തീയജീവിതത്തിൽ ആവർത്തിച്ചുവരുന്ന ഒന്നാണെന്നതിനെക്കുറിച്ചു പലരും ബോധവാന്മാരല്ല. എന്നാൽ നാം സത്യസന്ധരാണെങ്കിൽ നാം ഇടുക്കമുള്ള വഴിയിലൂടെ മുന്നോട്ടുപോകുമ്പോൾ തന്നെ ചില നാളുകൾ കഴിയുമ്പോൾ പിന്നേയും ഒരു പ്രതിസന്ധിയാകുന്ന വാതിലിനു മുമ്പിൽ എത്തുന്നുവെന്നു കണ്ടെത്തും.

ഈ പ്രതിസന്ധിയും ജീവങ്കലേക്കുള്ള വാതിലാണെന്നു തിരിച്ചറിഞ്ഞ് ദൈവഹിതപ്രകാരം നാം അതിലൂടെ കടന്നാൽ അതു നമ്മുടെ ക്രിസ്തീയജീവിതത്തിനു കൂടുതൽ ആഴം നൽകും. നാം ആ വാതിലിലൂടെ കടന്ന് വീണ്ടും ഇടുക്കമുള്ള ഒരു വഴിയിലൂടെ മുന്നോട്ടു പോകും. ഇങ്ങനെ ചില വർഷങ്ങൾ കഴിയുമ്പോൾ പിന്നേയും ഒരു പ്രതിസന്ധിയാകുന്ന വാതിൽ; അതു നൽകുന്ന ഇടുങ്ങിയ വഴി. ഇത് ആവർത്തിച്ചു വരും. ഇതു നമ്മുടെ ദൈവാനുഭവത്തിനു കൂടുതൽ ആഴം നൽകിക്കൊണ്ടിരിക്കും. അങ്ങനെയങ്ങനെ മുന്നോട്ട്....

ഉദാഹരണത്തിനു ക്രിസ്തീയജീവിതത്തിലേക്കു നിങ്ങൾ അടുത്തയിടെ വന്ന ഒരാളാണെന്നിരിക്കട്ടെ.നിങ്ങൾ ഒരു വാതിൽ കടന്നു; ഒരു വഴിയിലേക്കു വന്നു. എന്നാൽ നിങ്ങൾ തുടക്കത്തിൽ എല്ലാം 'ശരി' 'തെറ്റി'ന്റെ അടിസ്ഥാനത്തിലായിരിക്കും കാണുകയും വിലയിരുത്തുകയും ചെയ്യുന്നത്.പക്ഷേ നിങ്ങൾ ഈ വഴിയിലൂടെ സത്യസന്ധതയോടെ മുന്നോട്ടു പോയാൽ കുറച്ചുകഴിയുമ്പോൾ ശരി ചെയ്തശേഷവും അതു ക്രിസ്തുവിന്റെ ജീവനിൽ കുറവാണെന്നു കാണും. തെറ്റു ചെയ്യാതിരുന്ന ശേഷവും നിങ്ങൾക്ക് ഉള്ളിൽ ഒരു സന്തോഷമില്ല.ജീവന്റെ ഒരു തുടിപ്പ് നിങ്ങൾക്ക് അനുഭവപ്പെടുന്നില്ല. ഒരു തൃപ്തിയില്ല. എവിടെയോ എന്തോ കുറവുള്ളതുപോലെ.

ഇവിടെ നിങ്ങൾ വീണ്ടും ഒരു പ്രതിസന്ധിയെ (വാതിലിനെ) അഭിമുഖീകരിക്കുകയാണ്. നിങ്ങൾ നിങ്ങളോടു തന്നെ നിർദ്ദയം സത്യസന്ധനാണെങ്കിൽ നിങ്ങൾ ഇതുവരെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ പ്രമാണത്താൽ മാത്രം ഭരിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരുവനായിരുന്നെന്നു കണ്ടെത്തും. ഇനി ഇങ്ങനെ മുന്നോട്ടു പോകാനാവില്ല. തുടർന്നു നിങ്ങൾ ജീവന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുന്ന ഒരു ജീവിതം തിരഞ്ഞെടുത്താൽ നിങ്ങൾ പുതിയ ഒരു വാതിൽ കടന്നു. തുടർന്ന് ആ വാതിലിന്റേതായ ഞെരുക്കമുള്ള ഒരു വഴിയിലൂടെ പ്രയാണം ചെയ്യാൻ തുടങ്ങുകയാണ്.

ശരി -തെറ്റിന്റെ പ്രമാണത്തിൽ നിന്നു ജീവന്റെ പ്രമാണത്തിലേക്കു മാറുന്നത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്നു ജീവന്റെ വൃക്ഷത്തിലേക്കു മാറുന്നതാണ്. ഏദനിൽ തോട്ടത്തിന്റെ മധ്യത്തിൽ ദൈവം രണ്ടു വൃക്ഷങ്ങൾ- നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ജീവന്റെ വൃക്ഷവും-മുളപ്പിച്ചതെന്തിനാണ്? ദൈവത്തിന്റെ ആഗ്രഹം മനുഷ്യൻ സ്വമേധയാ ജീവന്റെ വൃക്ഷം തിരഞ്ഞെടുക്കണമെന്നായിരുന്നു. എന്നാൽ അവൻ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലേക്കാണു പോയത്.

ഇന്നു ജീവങ്കലേക്കുള്ള ആദ്യ വാതിൽ കടന്നശേഷവും നാം ശരി- തെറ്റിന്റെ പ്രമാണത്താലാണോ ഭരിച്ചു നിയന്ത്രിക്കപ്പെടുന്നത്? മറിച്ച് നാം ക്രിസ്തുവിന്റെ ജീവനിലേക്കു വരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ജീവന്റെ, ആത്മാവിന്റെ പ്രമാണത്താൽ ഭരിച്ചു നിയന്ത്രിക്കപ്പെടുന്നവരാകണം നാം. അറിവിൽ നിന്നു ജീവനിലേക്കുള്ള തിരിവാണിത്.

ഈ വഴി ബുദ്ധിമാന്മാർക്കു മനസ്സിലാകുകയില്ല. മറിച്ച് ശിശുക്കൾക്കാണു ദൈവം ഇതു വെളിപ്പെടുത്തിയിരിക്കുന്നത്.

ക്രിസ്തുവിന്റെ ജീവിതത്തിൽ തന്നെ പല രംഗങ്ങളിലും നമ്മുടെ സ്വാഭാവികയുക്തിക്കു മനസ്സിലാകുന്ന രീതിയിലായിരുന്നില്ല അവിടുത്തെ പെരുമാറ്റം. ഇതു പീലാത്തോസിനെയും മഹാപുരോഹിതനെയും ആശ്ചര്യപ്പെടുത്തിയതായി നാം വായിക്കുന്നു. (യോഹ. 19:10, മത്തായി 26:63). എന്നാൽ യേശു ആ സാഹചര്യത്തിൽ തന്നെത്തന്നെ ന്യായീകരിച്ച് ഒരു വാക്കും പറഞ്ഞില്ല.

വാസ്തവത്തിൽ സ്വയം വിശദീകരിച്ച് ആളുകളുടെ തെറ്റിദ്ധാരണ മാറ്റുകയല്ലേ ശരിയായി ചെയ്യേണ്ടത്? ചില രംഗങ്ങളിൽ യേശു അങ്ങനെതന്നെ ചെയ്തു. പക്ഷേ പല രംഗങ്ങളിലും അവിടുന്ന് ഒന്നും ഉരിയാടിയില്ല. നാമും യേശുവിന്റെ ജീവന്റെ പങ്കാളിത്തം ഉള്ളവരെങ്കിൽ ചില തെറ്റിദ്ധാരണകളുടെയും കിംവദന്തികളുടെയും മുൻപാകെ സ്വയം ന്യായീകരിക്കാൻ മുതിരുകയില്ല.

വാച്ച് മാൻ നീയുടെ ജീവിതത്തിലെ ഒരു സംഭവം കാണുക: അദ്ദേഹം അവിവാഹിതനായിരുന്നകാലത്ത് ഷാങ് ഹായിൽ അദ്ദേഹത്തോടൊപ്പം ചില ദിവസങ്ങൾ താമസിക്കാൻ അദ്ദേഹത്തിന്റെ അമ്മ വന്നു. ഇതേ തുടർന്ന്, ഒരു സ്ത്രീ വാച്ച്മാൻ നീയോടൊപ്പം വന്നു താമസിക്കുന്നതായി കിംവദന്തി പരന്നു. ഒരു ദിവസം മിസ് ഗ്രൂവ്സ് എന്ന സഹോദരി ഇതു കേട്ടു വന്നു വാച്ച്മാൻ നീയോടു പരസ്യമായി ചോദിച്ചു: "ഒരു സ്ത്രീ അവിവാഹിതനായ താങ്കളോടൊപ്പം താമസിക്കുന്നു എന്നു കേൾക്കുന്നതു ശരിയാണോ"?

*(ശേഷം പേജ് 18 ൽ)*

ജീവമൊഴികൾ

സന്ദേശം

# രണ്ടു വൃക്ഷങ്ങൾ രണ്ടു പ്രമാണങ്ങൾ

**വാച്ച്മാൻ നീ**

“അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവ

വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു” (ഉല്പത്തി 2:8, 9).

ജീവവൃക്ഷവും, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും- മനുഷ്യർ പിന്തുടരുന്ന രണ്ടു വ്യത്യസ്ത മർഗങ്ങളാണ് ഈ വൃക്ഷങ്ങളിലൂടെ ദൈവം നമുക്കു കാണിച്ചുതരുന്നത്. ചിലരുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്ന പ്രമാണം നന്മതിന്മകളെക്കുറിച്ചുള്ള അറിവാണ്. മറ്റു ചിലരാകട്ടെ ജീവന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുന്നു. ദൈവമക്കൾ ഈ രണ്ടു നിയമങ്ങളാൽ ഭരിക്കപ്പെടുന്നവരാ



*അവർ ശരിയുടെയും തെറ്റിന്റെയും വഴികളെ നന്നായി കർശനമായി കൂട്ടിക്കിഴിച്ചു നോക്കുന്നു. എന്നിട്ട് ഏറ്റവും ശരിയായതെന്നു തോന്നുന്ന മാർഗം പിന്തുടരുന്നു.*

**ദൈവവചനം പറയുന്നത് 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും' എന്നാണ്, തിന്മയെ എല്ലാം നിരാകരിക്കുകയും ശരി മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുക എന്ന മാനദണ്ഡം പാലിച്ചു പ്രവർത്തിക്കുന്നതു ക്രിസ്തീയതയല്ല, അതു നിയമത്തിനു കീഴ്പ്പെട്ടുള്ള ജീവിതമാണ്. പഴയ ഉടമ്പടി പ്രകാരമുള്ള ജീവിതം. പുതിയ ഉടമ്പടിയുടെ ജീവിതം അല്ലത്. മതപരവും ധാർമ്മികവുമായ ഒരു പ്രമാണം ആണത്. ക്രിസ്തീയ മാനദണ്ഡത്തിൽനിന്ന് അത് എത്രയോ താഴെയാണ്!**

കയാൽ ഇതേപ്പറ്റി വിശദമായി നമുക്കു ചിന്തിക്കാം.

എന്താണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ പ്രമാണം?

നാം നന്മതിന്മകളുടെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുന്നവരാണെങ്കിൽ ഒരു തീരുമാനം എടുക്കേണ്ടി വരുമ്പോൾ ആദ്യം ചിന്തിക്കും: ഇതു ശരിയാണോ അതോ തെറ്റാണോ? ഇതു നന്മയായി തീരുമോ അതോ തിന്മയാകുമോ? എന്തു ചെയ്യുന്നതിനു മുമ്പും ഈ ചോദ്യത്തിനു മുമ്പാകെ അധൈര്യപ്പെട്ടു നിൽക്കുകയും അതിന്റെ നന്മതിന്മകളെക്കുറിച്ചുള്ള വിചാരങ്ങൾ മനസ്സിലിട്ടു മഥിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ ഒട്ടേറെയാണ്.ശരിയായ കാര്യം മാത്രം ചെയ്യാൻ താൽപര്യമുള്ളവരാണവർ.എല്ലാ തിന്മയും ഒഴിവാക്കാനവർ ആഗ്രഹിക്കുന്നു. ക്രിസ്തീയമെന്നു തങ്ങൾ കരുതിയിരിക്കുന്ന കാര്യങ്ങളോടുചേർന്നുപോകുന്ന ജീവിതം നയിക്കാനാണവർക്കു താൽപര്യം.അതുകൊണ്ട് അവർ ഒരോ സാഹചര്യത്തേയും, ഒരോ പെരുമാറ്റത്തേയും കർശനമായി കൂട്ടിക്കിഴിച്ചു നോക്കുന്നു. എന്നിട്ട് ഏറ്റവും ശരിയായതെന്നു തോന്നുന്ന മാർഗം പിന്തുടരുന്നു. ക്രിസ്തീയതയ്ക്കു സഹായകരമായ പാതയിലൂടെ പോകാനുള്ള താൽപര്യംകൊണ്ടാണ് തെറ്റും ശരിയും തൂക്കി നോക്കുകയും തങ്ങൾക്ക് ഏറ്റവും ശരിയായ തെന്നു തോന്നുന്ന മാർഗം മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുന്നത്.

എന്നാൽ ദൈവവചനം പറയുന്നതോ? 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും' എന്നാണ് (ഉല്പത്തി 2:17). തിന്മയെ എല്ലാം നിരാകരിക്കുകയും ശരി മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുക എന്ന മാനദണ്ഡം പാലിച്ചു പ്രവർത്തിക്കുന്നതു ക്രിസ്തീയതയല്ല, അതു നിയമത്തിനു കീഴ്പ്പെട്ടുള്ള ജീവിതമാണ്. പഴയ ഉടമ്പടി പ്രകാരമുള്ള ജീവിതം. പുതിയ ഉടമ്പടിയുടെ ജീവിതം അല്ലത്. മതപരവും ധാർമ്മികവുമായ ഒരു പ്രമാണം ആണത്. ക്രിസ്തീയ മാനദണ്ഡത്തിൽനിന്ന് അത് എത്രയോ താഴെയാണ്!

ക്രിസ്തീയത ജീവനിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു:

എന്താണ് ക്രിസ്തീയത? ജീവനുമായ ബന്ധപ്പെട്ട കാര്യമാണത്. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ പുതുജീവന്റെ ഉടമയാണ്. അപ്പോൾ ഏതു രീതിയിൽ പ്രവർത്തിക്കണമെന്നു തീരുമാനിക്കേണ്ടി വരുമ്പോൾ അതു ശരിയോ തെറ്റോ എന്നതായിരിക്കരുത് നിങ്ങളുടെ മുഖ്യ ചിന്താവിഷയം.മറിച്ച് നിങ്ങളിലുള്ള പുതിയ ജീവനെ ഇതെങ്ങനെ ബാധിക്കും എന്നതായിരിക്കണം ശ്രദ്ധിക്കേണ്ടത്.ദൈവം നമുക്ക് ഒരു പുതുജനനമാണു നൽകിയത്. അല്ലാതെ പാലിക്കേണ്ട ഒട്ടേറെ ചട്ടങ്ങളും പ്രമാണങ്ങളുമല്ല. എന്നിട്ടും പുറം





ലോകത്തിന്റെ നീതിബോധങ്ങളോടും മാനദണ്ഡങ്ങളോടും ഒപ്പം നിൽക്കാൻ ഒട്ടേറെ ക്രിസ്ത്യാനികളും പണിപ്പെടുന്നു എന്നത് അമ്പരപ്പിക്കുന്ന കാര്യമല്ലേ? ദൈവം നമ്മെ ഒരു പുതിയ സീനായ് മലയുടെ താഴ്വരയിലേക്കു കൊണ്ടുവന്ന് 'അതു ചെയ്യരുത്' 'ഇതു ചെയ്യണം' എന്നിങ്ങനെ പുതിയ ഒരുപിടി കൽപ്പനകൾ തരികയല്ല ചെയ്തത്. ഒരു കാര്യം ചെയ്യാൻ തുടങ്ങുമ്പോൾ അതിന്റെ തെറ്റും ശരിയും കൂട്ടിക്കിഴിക്കുകയല്ല, ദിവ്യജീവന്റെ അതിനോടുള്ള പ്രതികരണം നാം ശ്രദ്ധിക്കുകയാണു വേണ്ടത്.എന്നിട്ടു മുന്നോട്ടു പോകണം.ക്രിസ്ത്യാനിയെന്ന നിലയിൽ ക്രിസ്തുവിന്റെ ജീവനാണ് നിങ്ങളിൽ ഇപ്പോൾ വസിക്കുന്നത്. ഈ ജീവന്റെ പ്രതികരണമാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. ഏതെങ്കിലും ഒരു കാര്യം ചെയ്യുന്നതു സംബന്ധിച്ച് ആലോചിക്കുമ്പോൾ അതിന് അനുകൂലമായി ഉള്ളിൽ ജീവന്റെ കുതിപ്പ് അനുഭവപ്പെടുന്നുണ്ടെങ്കിൽ അതു ചെയ്യുക. ആന്തരിക ജീവനിൽനിന്ന് അനുകൂലമായ പ്രതികരണം, ഉള്ളിൽ ആ 'അഭിഷേകം', ഉണ്ടെങ്കിൽ (1 യോഹന്നാൻ 2:20, 27) ധൈര്യമായി മുന്നോട്ടുപോകാം. അതേ സമയം ഒരു പ്രവർത്തനത്തിനു തുനിയുമ്പോൾ ആന്തരിക ജീവൻ മങ്ങിപ്പോകുന്നെങ്കിൽ, എത്രതന്നെ നല്ല കാര്യമാണെങ്കിലും മുന്നോട്ടുപോകാതിരിക്കുന്നതാണു നല്ലത്.

ക്രിസ്തുവില്ലാത്ത പലരുടേയും പെരുമാറ്റം തെറ്റിന്റേയും ശരിയുടേയും പ്രമാണത്തിൽ അധിഷ്ഠിതമാണെന്ന കാര്യം നിങ്ങൾക്കറിയാമോ? അതേ പ്രമാണമാണ് ക്രിസ്ത്യാനിയേയും ഭരിക്കുന്നതെങ്കിൽ പിന്നെ അവർ തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? ബാഹ്യമായ ധാർമ്മിക പ്രമാണങ്ങളല്ല, ക്രിസ്തുവിന്റെ ജീവനാണ് ക്രിസ്ത്യാനിയെ നിയന്ത്രിക്കുന്നതെന്നു ദൈവവചനം വ്യക്തമായി പറയുന്നു. ദൈവത്തിനുള്ളതിനോടും ദൈവത്തിന് എതിരായതിനോടും പ്രതികരി

**എന്താണ് ക്രിസ്തീയത? ജീവനുമായ ബന്ധപ്പെട്ട കാര്യമാണത്. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ പുതു ജീവന്റെ ഉടമയാണ്. അപ്പോൾ ഏതു രീതിയിൽ പ്രവർത്തിക്കണമെന്നു തീരുമാനിക്കേണ്ടി വരുമ്പോൾ അതു ശരിയോ തെറ്റോ എന്നതായിരിക്കരുത് നിങ്ങളുടെ മുഖ്യ ചിന്താവിഷയം.മറിച്ച് നിങ്ങളിലുള്ള പുതിയ ജീവനെ ഇതെങ്ങനെ ബാധിക്കും എന്നതായിരിക്കണം ശ്രദ്ധിക്കേണ്ടത്.ദൈവംനമുക്ക് ഒരു പുതുജനനമാണു നൽകിയത്. അല്ലാതെ പാലിക്കേണ്ട ഒട്ടേറെ ചട്ടങ്ങളും പ്രമാണങ്ങളുമല്ല.**

ക്കുന്ന നിർണായകമായ എന്തോ ഒന്നു ക്രിസ്ത്യാനിയിലുണ്ട്. അതുകൊണ്ടു തന്നെ നാം നമ്മുടെ ആന്തരിക പ്രതികരണത്തിനു ചെവികൊടുക്കേണ്ടിയിരിക്കുന്നു.ഒരു നിർദ്ദേശത്തിനു മുമ്പിൽ നമ്മുടെ ആന്തരിക ജീവന്റെ തുടിപ്പ് നല്ല നിലയിൽ പ്രതികരിക്കുന്നുവെങ്കിൽ അത് അംഗീകരിക്കുക, ഇല്ലെങ്കിൽ ഉപേക്ഷിക്കുക. മറ്റുള്ളവരുടേയോ നമ്മുടെ തന്നേയോ യുക്തിയാലോ, ബാഹ്യമായ ഘടകങ്ങളാലോ ഭരിക്കപ്പെടുവാൻ നാം അനുവദിക്കരുത്. ഒരു കാര്യം നമ്മുടെ ദൃഷ്ടിയിൽ നന്നായി തോന്നിയെന്നു വരും. കാര്യകാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ നമ്മുടെ ബുദ്ധിക്കും അതു കുഴപ്പമില്ലെന്നു തോന്നിയേക്കാം. പക്ഷേ നമ്മുടെ ആന്തരിക ജീവൻ അതേക്കുറിച്ച് എന്തുപറയുന്നു?

ജീവിതത്തിന്റെ അലൗകിക മാനദണ്ഡം:

**പെരുമാറ്റം ജീവനിൽ അധിഷ്ഠിതമായിരിക്കണമെന്ന് ഒരിക്കൽ മനസ്സിലായാൽ, തിന്മയെ മാത്രമല്ല ബാഹ്യമായി നല്ലതെന്നു തോന്നുന്നതിനേയും ഒഴിവാക്കണമെന്നു നിങ്ങൾ സമ്മതിക്കും. ജീവനിൽനിന്ന് ഉത്ഭവിക്കാത്ത ഒരു പ്രവർത്തനത്തേയും നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല.ദൈവവചനം പറയുന്നത് ഓർക്കുക: 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം നീ തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും,നിശ്ചയം.' നന്മയേയും തിന്മയേയും ഇവിടെ ഒരുമിച്ചാണു പറഞ്ഞിരിക്കുന്നത് എന്നതും അതിന്മേലാണു ജീവനെ ('മരിക്കും നിശ്ചയം') പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ശ്രദ്ധിക്കുക.**

പെരുമാറ്റം ജീവനിൽ അധിഷ്ഠിതമായിരിക്കണമെന്ന് ഒരിക്കൽ മനസ്സിലായാൽ, തിന്മയെ മാത്രമല്ല ബാഹ്യമായി നല്ലതെന്നു തോന്നുന്നതിനേയും ഒഴിവാക്കണമെന്നു നിങ്ങൾ സമ്മതിക്കും. ക്രിസ്തീയ ജീവനിൽനിന്നു മാത്രമേ ക്രിസ്തീയ പെരുമാറ്റം ഉത്ഭവിക്കുകയുള്ളു. അതുകൊണ്ടു ജീവനിൽനിന്ന് ഉത്ഭവിക്കാത്ത ഒരു പ്രവർത്തനത്തേയും നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല.ദൈവവചനം പറയുന്നത് ഓർക്കുക: 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം നീ തിന്നരുത്.തിന്നുന്ന നാളിൽ നീ മരിക്കും,നിശ്ചയം.' നന്മയേയും തിന്മയേയും ഇവിടെ ഒരുമിച്ചാണു പറഞ്ഞിരിക്കുന്നത് എന്നതും അതിന്മേലാണു ജീവനെ ('മരിക്കും നിശ്ചയം') പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ശ്രദ്ധിക്കുക.

എന്റെ ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭനാളുകളിൽ തെറ്റെല്ലാം ഒഴിവാക്കുവാനും ശരിയെന്നു തോന്നുന്നതു മാത്രം ചെയ്യുവാനും ഞാൻ വളരെ ജാഗ്രത പുലർത്തിയിരുന്നു. വലിയ പുരോഗതി ഇക്കാര്യത്തിൽ ഞാൻ കൈവരിച്ചതായും എനിക്കു തോന്നി. ആ കാലഘട്ടത്തിൽ എന്നോടൊപ്പം പ്രവർത്തിച്ചിരുന്ന ഒരു സഹശുശ്രൂഷകനുണ്ടായിരുന്നു. എന്നേക്കാൾ രണ്ടു വയസ്സു പ്രായക്കൂടുതലുള്ള അദ്ദേഹത്തോടു പ്രവർത്തനങ്ങൾ സംബന്ധിച്ചു പല കാര്യങ്ങളിലും ഞാൻ വ്യത്യസ്തമായ അഭിപ്രായം പറഞ്ഞിരുന്നു. ശരിയുടേയും തെറ്റിന്റേയും മാനദണ്ഡംവച്ചായിരുന്നു എന്റെ സമീപനം. എന്നെക്കാൾ മുതിർന്ന സഹോദരനാണു താനെന്ന ന്യായം അനുസരിച്ച് അദ്ദേഹമാകട്ടെ അതൊന്നും ചെവിക്കൊള്ളാതിരിക്കുകയും സ്വന്ത അഭിപ്രായപ്രകാരം മുന്നോട്ടു പോവുകയും ചെയ്തിരുന്നു. ഒരിക്കൽ ഈ പ്രശ്നം ഞാൻ ഒട്ടേറെ ആത്മീയ അനുഭവങ്ങളുള്ള, പക്വതയുള്ള ഒരു സഹോദരിയോടു പറഞ്ഞ് അവരുടെ അഭിപ്രായം ആരാഞ്ഞു. എന്നാൽ മുതിർന്ന സഹോദരൻ പറയുന്നത് എന്തായാലും അനുസരിക്കാനായിരുന്നു അവരുടെ ഉപദേശം. അവർ പറഞ്ഞു: 'ശരിയും ന്യായവും നിന്റെ ഭാഗത്തായിരിക്കും, പക്ഷേ ഈ പ്രശ്നത്തിൽ ശരിയുടെ പക്ഷത്തു നിൽക്കുമ്പോൾ തന്നെ നിന്റെ ആന്തരിക ബോധ്യം എങ്ങനെയിരിക്കുന്നു.നിന്റെ ആന്തരിക ജീവൻ നിന്റെ പെരുമാറ്റത്തിൽ പ്രതിഷേധിക്കുന്നില്ലേ?' അവർ പറഞ്ഞതു സത്യമായിരുന്നു. മാനുഷിക മാനദണ്ഡം അനുസരിച്ചു ഞാൻ ചെയ്തതു ശരിയായിരുന്നു.പക്ഷേ ആന്തരിക ജീവൻ അതു തെറ്റാണെന്ന് എന്നെ ബോധ്യപ്പെടുത്തി.

ശരിയല്ലാത്ത എല്ലാറ്റിനേയും മാത്രമല്ല ബാഹ്യമായി മാത്രം ശരിയായ കാര്യങ്ങളേയും ആന്തരിക ജീവൻ വിധിക്കുന്നുണ്ട്. മാനുഷിക മാനദണ്ഡം അനുസരിച്ച് ശരിയായ ഒട്ടേറെ കാര്യങ്ങളുണ്ടായിരിക്കാം.





പക്ഷേ അവയിലെ ദിവ്യജീവന്റെ അഭാവംകൊണ്ട് ദൈവിക മാനദണ്ഡം അവയെ തെറ്റെന്നു വിധിക്കുന്നു. ഞാൻ മുകളിൽ പറഞ്ഞ സംഭവത്തെ തുടർന്നു ദൈവമുമ്പാകെ മാത്രം ജീവിക്കേണ്ടതിന്റേയും ശരിയുടേയും തെറ്റിന്റേയും പ്രമാണത്താലല്ലാതെ ജീവന്റെ പ്രമാണത്താൽ പെരുമാറ്റം നിയന്ത്രിക്കപ്പെടേണ്ടതിന്റെയും ആവശ്യകത എനിക്ക് ആദ്യമായി ബോധ്യമായി. അതിൽ പിന്നെ ഏതു കാര്യവും അത് എത്ര ശരിയാണെന്ന് മറ്റുള്ളവർ പറഞ്ഞാലും നല്ല കാര്യമായി എനിക്കുതന്നെ തോന്നിയാലും, എന്നിലുള്ള ക്രിസ്തുവിന്റെ ജീവന് അതിനോടുള്ള പ്രതികരണം എന്താണെന്നു സൂക്ഷ്മമായി ശ്രദ്ധിച്ച ശേഷമേ മുന്നോട്ടുപോയിട്ടുള്ളു.

ദൈവിക അംഗീകാരമുണ്ടെന്നു ബോധ്യം വന്ന കാര്യങ്ങളിൽ തന്നെ മുന്നോട്ടു പോകുമ്പോൾ ആന്തരിക ജീവൻ കൂടുതൽ ബലപ്പെടുകയാണോ ക്ഷയിക്കുകയാണോ എന്നതും ശ്രദ്ധിക്കണം. ആന്തരിക അഭിഷേകം നാം ശരിയായ വഴിയിലാണെന്ന ഉറപ്പു തരുന്നു. അതേ സമയം അഭിഷേകത്തിന്റെ അഭാവം അനുഭവപ്പെട്ടാൽ ആ കാര്യത്തിലുള്ള ദൈവിക അംഗീകാരം പിൻവലിക്കപ്പെട്ടതിന്റെ സൂചനയായി കണക്കാക്കാം. നമ്മെ സംബന്ധിച്ച് ദൈവവഴി ബാഹ്യമായ എന്തെങ്കിലും സൂചനകളിലൂടെയല്ല ആന്തരിക ബോധ്യങ്ങളിലൂടെയാണ് അറിയിക്കുന്നത്. ആത്മാവിലുള്ള സമാധാനവും സന്തോഷവുമാണ് ദൈവിക വഴിയിലൂടെയാണു പോകുന്നത് എന്നതിന്റെ വ്യക്തമായ സൂചന.

ഞാൻ ഒരിക്കൽ ഒരു സ്ഥലം സന്ദർശിച്ചപ്പോൾ മറ്റൊരു സഹോദരനും അവിടെ അതിഥിയായി ഉണ്ടായിരുന്നു. തനിക്ക് ആത്മികമായി പ്രയോജനമുള്ള സ്ഥലമാണതെങ്കിലും അവിടെ നടക്കുന്ന ഏറെ കാര്യങ്ങളോടും അദ്ദേഹത്തിനു യോജിപ്പുണ്ടായിരുന്നില്ല. അദ്ദേഹം അതു പറയുകയും ചെയ്യുമായിരുന്നു. ഒരു ദിവസം

**മാനുഷിക മാനദണ്ഡം അനുസരിച്ച് ശരിയായയയായ ഒട്ടേറെ കാര്യങ്ങളുണ്ടായിരിക്കാം. പക്ഷേ അവയിലെ ദിവ്യജീവന്റെ അഭാവംകൊണ്ട് ദൈവികമാനദണ്ഡം അവയെ തെറ്റെന്നു വിധിക്കുന്നു. ദൈവമുമ്പാകെ മാത്രം ജീവിക്കേണ്ടതിന്റേയും ശരിയുടേയും തെറ്റിന്റേയും പ്രമാണത്താലല്ലാതെ ജീവന്റെ പ്രമാണത്താൽ പെരുമാറ്റം നിയന്ത്രിക്കപ്പെടേണ്ടതിന്റെയും ആവശ്യകത എനിക്ക് ആദ്യമായി ബോധ്യമായതിൽ പിന്നെ ഏതു കാര്യവും അത് എത്ര ശരിയാണെന്ന് മറ്റുള്ളവർ പറഞ്ഞാലും എന്നിലുള്ള ക്രിസ്തുവിന്റെ ജീവന് അതിനോടുള്ള പ്രതികരണം എന്താണെന്നു സൂക്ഷ്മമായി ശ്രദ്ധിച്ചശേഷമേ മുന്നോട്ടുപോയിട്ടുള്ളൂ.**

ഈ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ 'ഈ സ്ഥലത്തോട് ഇത്രയേറെ എതിർപ്പുണ്ടെങ്കിൽ എന്തിനാണിവിടെ തുടരുന്നത്. വേറെങ്ങോട്ടെങ്കിലും പൊയ്ക്കൂടേ?' എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. 'അതിന്റെ കാരണം ഇവിടെയാണു കിടക്കുന്നത്.' നെഞ്ചിൽ തൊട്ടുകൊണ്ട് അദ്ദേഹം മറുപടി പറഞ്ഞു. 'ഓരോ തവണയും ഇവിടം വിട്ടു പോകുന്ന കാര്യം ചിന്തിക്കുമ്പോൾ എന്റെ ഹൃദയ സമാധാനം നഷ്ടപ്പെടുന്നു.'

'സഹോദരാ, തെറ്റും ശരിയുടേയും പ്രമാണവും, ജീവന്റെ പ്രമാണവും, രണ്ടു വ്യത്യസ്ത കാര്യങ്ങൾ താങ്കളിവിടെ കാണുന്നില്ലേ?' ഞാൻ ചോദിച്ചു.

'ശരിയാണ്' അദ്ദേഹം സമ്മതിച്ചു. 'ഓരോ തവണ ഞാൻ ഇവിടം വിട്ടു

> **ദൈവമക്കളുടെ ഇടയിലുള്ള ഏറ്റവും വലിയ തെറ്റിദ്ധാരണ അവരുടെ പ്രവർത്തനങ്ങൾ തെറ്റും ശരിയുടേയും പ്രമാണത്താൽ നിയന്ത്രിക്കപ്പെടണം എന്നുള്ളതാണ്. എന്നാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ സംബന്ധിച്ച് ആന്തരിക ജീവനിൽ അടിസ്ഥാനപ്പെട്ടതായിരിക്കണം എല്ലാ തീരുമാനവും. ജീവനാൽ പരിശോധിക്കപ്പെടാത്ത ഒരു തീരുമാനവും ഒരു യഥാർത്ഥ ക്രിസ്ത്യാനി കൈക്കൊള്ളരുത്. ഒരു പ്രവൃത്തിക്കു മുതിരുമ്പോൾ ആന്തരിക ജീവനിൽ ഒരു വിശാലത അനുഭവപ്പെട്ടാൽ മുന്നോട്ടു പോകുക. ആന്തരിക ജീവൻ പിൻവാങ്ങുന്നുവെങ്കിൽ ഉടനെ അതു നിർത്തിവയ്ക്കുക.**

പോകാൻ തുടങ്ങുമ്പോഴും ആന്തരികമായ ഒരു വിലക്ക് എനിക്കനുഭവപ്പെടുന്നു. ഇവിടെ നടക്കുന്നതു പലതും ശരിയല്ലെങ്കിലും എന്നെ സംബന്ധിച്ച് ഇവിടം വിട്ടു പോകുന്നതും ശരിയല്ല.' ആ സ്ഥലത്തു തന്നെ തുടർന്ന് അവിടെ ദൈവത്തെ കണ്ടുമുട്ടുവാനായിരുന്നു ആ സഹോദരന്റെ വിളി.

ബാഹ്യകാര്യങ്ങൾ തീരുമാനത്തെ നിയന്ത്രിക്കരുത്:

ദൈവമക്കളുടെ ഇടയിലുള്ള ഏറ്റവും വലിയ തെറ്റിദ്ധാരണ അവരുടെ പ്രവർത്തനങ്ങൾ തെറ്റും ശരിയുടേയും പ്രമാണത്താൽ നിയന്ത്രിക്കപ്പെടണം എന്നുള്ളതാണ്. അവരുടെ കാഴ്ച അവരോടു ശരി എന്നു പറയുന്നത് അവർ ചെയ്യുന്നു. അവരുടെ പശ്ചാത്തലം ശരിയെന്നു പറയുന്നതും അവർ ചെയ്യുന്നു. എന്നാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ സംബന്ധിച്ച് ആന്തരിക ജീവനിൽ അടിസ്ഥാനപ്പെട്ടതായിരിക്കണം എല്ലാ തീരുമാനവും. മറ്റെല്ലാറ്റിൽ നിന്നും വ്യത്യസ്തമാണത്. ജീവനാൽ പരിശോധിക്കപ്പെടാത്ത ഒരു തീരുമാനവും ഒരു യഥാർത്ഥ ക്രിസ്ത്യാനി കൈക്കൊള്ളരുത്. ഒരു പ്രവൃത്തിക്കു മുതിരുമ്പോൾ ആന്തരിക ജീവനിൽ ഒരു വിശാലത അനുഭവപ്പെട്ടാൽ മുന്നോട്ടു പോകുക. എന്നാൽ ഒരു പ്രവർത്തനത്തിൽ മുന്നോട്ടു പോകുമ്പോൾ ആന്തരിക ജീവൻ പിൻവാങ്ങുന്നുവെങ്കിൽ ഉടനെ അതു നിർത്തിവയ്ക്കുക.

ഒരു സംഭവം ഞാൻ ഓർക്കുന്നു: ഒരു സ്ഥലത്തു സഹോദരന്മാർ ഫലപ്രദമായ ചില പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ദൈവം അവരെ യഥാർത്ഥമായി തന്നെ ഉപയോഗിച്ചിരുന്നു. എന്നാൽ അവരുടെ പ്രവർത്തനം പൂർണ്ണമാണോ എന്നു ചോദിച്ചാൽ, ഇല്ല പലതും മെച്ചപ്പെടേണ്ടതുണ്ടെന്നു ഞാൻ പറയുമായിരുന്നു. ഒരു ദിവസം ഈ സഹോദരന്മാർ വളരെ താഴ്മയോടെ അവരുടെ പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ടു. ഞാൻ ചില കാര്യങ്ങൾ അങ്ങനെ വേണം, ഇങ്ങനെ വേണം എന്നുപറഞ്ഞ് കൊടുക്കുകയും ചെയ്തു. പക്ഷേ പിന്നീടും അവരുടെ പ്രവർത്തനത്തിൽ മാറ്റമൊന്നും കാണപ്പെട്ടില്ല. ഇക്കാര്യം എന്നെ അലട്ടിയോ? തീർച്ചയായും ഇല്ല. ഞാൻ ചെയ്തതു പുറമേ കാണാവുന്ന കാര്യങ്ങളിൽ ചില ക്രമീകരണങ്ങൾ നിർദ്ദേശിക്കുക മാത്രമാണ്. ദൈവം ആന്തരികമായി അവരുടെ ജീവിതത്തിൽ ചെയ്തുകൊണ്ടിരുന്നത് എന്താണെന്ന് എനിക്കറിയില്ല. പുറമേ കാണാവുന്ന രീതിയിൽ ഞാൻ നിർദ്ദേശിച്ച തരത്തിലുള്ള മാറ്റം ഉണ്ടാകണമെന്നു ശഠിച്ചു ദൈവത്തിന്റെ പ്രവർത്തനത്തിൽ ഇടപെടാൻ ഞാനാരാണ്?

(തുടരും)





ധ്യാനം

# എഴുന്നേറ്റു പ്രകാശിക്കുക

**ഡി.എൽ.മൂഡി**

ചന്ദ്രന്റെ പ്രകാശംപോലെ നമ്മുടേതും കടമെടുത്ത പ്രകാശമാണ്.രക്ഷകന്റെ പ്രകാശത്തിൽ ജീവിക്കുമ്പോൾ അവിടുത്തെ വെളിച്ചത്താൽ നാമും പ്രകാശിക്കുന്നു.ദൈവത്തോടൊപ്പം പർവ്വതത്തിൽ ആയിരുന്ന മോശെയുടെ മുഖം പ്രകാശിച്ചപ്പോലെ സ്വർഗ്ഗീയ അന്തരീക്ഷത്തിൽ ആയിരുന്നാൽ നമുക്ക് പ്രകാശിക്കാതിരിക്കാൻ കഴിയുകയില്ല. എന്നാൽ വിശ്വാസത്തിൽ നാം ബലഹീനരായി മുഖം താഴ്ത്തി നിന്നാൽ നമ്മുടെ പ്രകാശം നഷ്ടപ്പെട്ടതു തന്നെ.

യുദ്ധസമയത്ത് അമേരിക്കയിൽ ഒരു പ്രാർത്ഥനായോഗത്തിൽ ആയിരുന്നത് ഞാൻ ഓർക്കുന്നു. വലിയ പ്രശ്നത്തിന്റെ സമയം.ഞങ്ങളെല്ലാവരും മ്ലാനമുഖരായി അന്ധകാരത്തിലായിരുന്നു.കുറെ സമയത്തേക്കു സംഗതികളെല്ലാം ഞങ്ങൾക്കെതിരായാണ് സംഭവിച്ചുകൊണ്ടിരുന്നത്. അവസാനം വൃദ്ധനായ ഒരു സഹോദരൻ എഴുന്നേറ്റു നിന്ന് പറഞ്ഞു: 'നമ്മുടെ ഹൃദയത്തിലെ ധൈര്യം ചോർന്ന്, ഇങ്ങനെ വ്യസനിച്ചിരിക്കാൻ നമുക്കെന്താണു സംഭവിച്ചിരിക്കുന്നത്? നമ്മുടെ വിശ്വസക്കുറവാണ് ഇതിനു കാരണം.അബ്രഹാമും, മോശെയും, യോശുവയും, ഏലിയാവും, ദാവീദും വിശ്വാസത്തിൽ ശക്തരായ മനുഷ്യരായിരുന്നു. അവർ വിശ്വസിച്ചു. അതുകൊണ്ട് ദൈവം അവരെ ആദരിച്ചു. എല്ലായ്പോഴുമെന്നപോലെ അവിടുന്ന് ഇപ്പോഴും ശക്തനും നമ്മെ സഹായിപ്പാൻ താത്പര്യമുള്ളവനുമാണ്. എന്തുകൊണ്ടാണു നമുക്ക് തന്നിൽ പൂർണ്ണവിശ്വാസമില്ലാതിരിക്കുന്നത്? നമ്മുടെ സൈന്യം തോറ്റുപോയാലും, എല്ലാം അന്ധകാരാവൃതമായി തോന്നിയാലും അവിടുത്തേക്ക് ഇപ്പോഴും ശക്തിയുണ്ടെന്നു മറന്നുകളയുന്നത് തന്നെ അപമാനിക്കുന്നതിനു തുല്യമാണ്.' ഇതു കേട്ടപ്പോൾ ഞങ്ങൾ ഉത്സാഹഭരിതരായി.

ഇതിനോടുചേർന്ന്, കുറച്ചുനാൾ മുമ്പ് എനിക്കുണ്ടായ ഒരനുഭവം ഞാൻ പങ്കുവയ്ക്കാം.യുഎസിലെ പശ്ചിമപർവ്വതങ്ങളുടെ കൊടുമുടിയിൽ എത്തിച്ചേരുവാൻ ഞാൻ ആഗ്രഹിച്ചു.കൊടുമുടിയിൽ നിന്നു സൂര്യോദയം കാണുന്നത് ഏറ്റവും മനോഹരമായിരിക്കുമെന്ന് എന്നോട് ചിലർ പറഞ്ഞിരുന്നു.ഒരു സായാഹ്നത്തിൽ ഞങ്ങളിതിനായി പുറപ്പെട്ടു.വഴിയുടെ മദ്ധ്യത്തിലുള്ള ഒരു വീട്ടിൽ എത്തി, അർദ്ധരാത്രി വരെ അവിടെ വിശ്രമിച്ചശേഷം മുകളിലേക്കു വീണ്ടും ഞങ്ങൾ പുറപ്പെട്ടു. ഒരു ചെറിയ സംഘം. നല്ല ഒരു വഴികാട്ടിയോടൊപ്പം ഞങ്ങൾ യാത്രതിരിച്ചു. താമസിയാതെ മഴ പെയ്യുവാൻ തുടങ്ങി. മിന്നലിന്റേയും ഇടിവെട്ടിന്റെയും ഒപ്പം കൊടുങ്കാറ്റും ആഞ്ഞടിച്ചു.ഇനിയും മുന്നോട്ടു പോകുന്നതു

**പെട്ടെന്നു തന്നെ ഞങ്ങൾ പർവതത്തിൽ കയറി ആ ഇടിവെട്ടോടുകൂടിയുള്ള കാർമേഘങ്ങൾക്കു മുകളിൽ എത്തിച്ചേർന്നു. അന്തരീക്ഷം തെളിഞ്ഞു. സൂര്യനുദിച്ചപ്പോൾ സൂര്യന്റെ രശ്മികൾ കുന്നിൻമുകളിൽ മനോഹരമായി പ്രകാശം വിതറുന്ന സുന്ദരമായ കാഴ്ച ഞങ്ങൾ കണ്ടു. സൂര്യപ്രകാശം ഞങ്ങൾ നിൽക്കുന്നിടത്തു ചിതറിപ്പരന്നപ്പോൾ കാർമേഘങ്ങൾ പർവതത്തിന്റെ താഴെയായിക്കഴിഞ്ഞിരുന്നു. ഇങ്ങനെയാണ് ദൈവമക്കൾ കയറിക്കയറികൊടുമുടിയിലെത്തി കാർമേഘങ്ങൾക്കു മുകളിലുള്ള തെളിഞ്ഞ അന്തരീക്ഷത്തിൽ എത്തിച്ചേരുന്നത്. അവിടെ നീതിസൂര്യന്റെ ആദ്യകിരണങ്ങൾ മൂടൽമഞ്ഞിനും കാർമേഘത്തിനും മുകളിലായി നമുക്ക് എത്തിപ്പിടിക്കാം.**

ദുർഘടമാണ് എന്നു കരുതി ഞാൻ വഴികാട്ടിയോടു പറഞ്ഞു: "നമുക്കു മടങ്ങാം". അപ്പോൾ വഴികാട്ടി പറഞ്ഞു: "ഹൊ, നാം ഈ കാർമേഘങ്ങളിലൂടെ വേഗത്തിൽ കടന്നുപോയി ഇവയുടെ മുകളിലെത്തി മഹത്തരമായ കാഴ്ച നമ്മൾ കാണാൻ പോകുന്നു." അങ്ങനെ ഞങ്ങൾ മുകളിലേക്കുള്ള യാത്ര തുടർന്നു. ഞങ്ങളുടെ ചെവിയിൽ ഇടിവെട്ടിന്റെ ശബ്ദം മുഴങ്ങുന്നുണ്ടായിരുന്നു.പെട്ടെന്നു തന്നെ ഞങ്ങൾ പർവതത്തിൽ കയറി ആ ഇടിവെട്ടോടുകൂടിയുള്ള കാർമേഘങ്ങൾക്കു മുകളിൽ എത്തിച്ചേർന്നു. അന്തരീക്ഷം പെട്ടെന്നു തെളിഞ്ഞു. സൂര്യനുദിച്ചപ്പോൾ സൂര്യന്റെ രശ്മികൾ കുന്നിൻമുകളിൽ മനോഹരമായി പ്രകാശം വിതറുന്ന സുന്ദരമായ കാഴ്ച ഞങ്ങൾ കണ്ടു. സൂര്യപ്രകാശം ഞങ്ങൾ നിൽക്കുന്നിടത്തു ചിതറിപ്പരന്നപ്പോൾ കാർമേഘങ്ങൾ പർവതത്തിന്റെ താഴെയായിക്കഴിഞ്ഞിരുന്നു!

ഇങ്ങനെയാണ് ദൈവമക്കൾ കയറിക്കയറികൊടുമുടിയിലെത്തി കാർമേഘങ്ങൾക്കു മുകളിലുള്ള തെളിഞ്ഞ അന്തരീക്ഷത്തിൽ എത്തിച്ചേരുന്നത്. അവിടെ നീതിസൂര്യന്റെ ആദ്യകിരണങ്ങൾ മൂടൽമഞ്ഞിനും കാർമേഘത്തിനും മുകളിലായി നമുക്ക് എത്തിപ്പിടിക്കാം. നിങ്ങളിൽ പലരും അന്ധകാരത്തിലും മ്ലാനതയിലും ആയിരിക്കാം. എന്നാൽ ഭയപ്പെടരുത്; മുകളിലേക്ക് കയറുക, ഗുരുവിന്റെ സമീപത്തിലെത്തുക, നിങ്ങളുടെ ആത്മാവിൽ അവന്റെ പ്രകാശകിരണങ്ങൾ നിറയ്ക്കാം; അതു മറ്റുള്ളവരിലും ചിതറിപ്പരക്കുവാൻ ഇടവരും.

നമ്മൾ വെളിച്ചത്തിന്റെ മക്കൾ എന്നപോലെ ജീവിക്കണം. ഇരുട്ടിന്റെ മക്കളായിട്ടല്ല. വ്യസനിച്ചും നിരാശപ്പെട്ടുമിരുന്നാൽ നാം സമാധാനത്തിന്റേയും, സന്തോഷത്തിന്റേയും, സന്തുഷ്ടിയുടേയും മക്കളാണെന്നു ലോകം എങ്ങനെ അറിയും? നമ്മുടെ വെളിച്ചം കത്തിക്കൊണ്ടിരിക്കുവാൻ ദൃഢനിശ്ചയത്തോടെ ഒരുങ്ങിയിരിക്കണം.നമ്മെ സംബന്ധിച്ചിടത്തോളം ക്രിസ്തുവാണു മുകളിൽ നിൽക്കുന്ന വെളിച്ചം. അതിനു താഴെയുള്ള വെളിച്ചങ്ങളാണു നമ്മൾ. താഴെയുള്ള ഈ വെളിച്ചങ്ങൾ എപ്പോഴും കത്തിക്കൊണ്ടിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് നമ്മുടെ ചുമതലയാണ്. നമ്മെ ആക്കിവച്ചിരിക്കുന്ന സ്ഥലത്ത് നാം പ്രകാശിച്ചു കൊണ്ടിരിക്കണം എന്നു കർത്താവ് പ്രതീക്ഷിക്കുന്നു. ജീവിക്കുന്ന സാക്ഷികളായി, പ്രകാശം പരത്തുന്ന ദീപങ്ങളായി നാം മുന്നോട്ടു ഗമിക്കുമ്പോൾ അവിടുന്നു നമ്മെ പ്രകാശിക്കുന്ന കനാൻനാടിന്റെ തീരത്തിലേക്ക് സുരക്ഷിതമായി നയിക്കും. സംശയമില്ല.





**ദൈവം യോജിപ്പിച്ചത്**

### ആനും അഡൊണൈറാം ജഡ്സനും-4

# മരണനിഴൽ താഴ്വരയിലൂടെ...

സന്ധിസംഭാഷണങ്ങൾ നടത്താനും ഉടമ്പടികളും ധാരണാപത്രവും മറ്റും തയ്യാറാക്കാനും സഹായിക്കാമെന്നു ജഡ്സൻ ഏറ്റിരുന്നു.അവിടത്തെ ഭാഷ അദ്ദേഹത്തെപ്പോലെ അറിയാവുന്ന വേറൊരു വിദേശിയില്ലായിരുന്നല്ലോ. സമയം അതിവേഗം കടന്നുപോയിക്കൊണ്ടിരുന്നു. വീട്ടിൽ നിന്നും പോന്നിട്ട് ആഴ്ചകളും മാസങ്ങളുമായി.പട്ടാളക്കാരുടെ ഓരോ ജോലികളിൽ മുഴുകി മടങ്ങിപ്പോവാനാവാതെ അങ്ങനെ കഴിയവേ ഒരു ദിവസം കറുത്ത മുദ്ര പതിച്ച ഒരു കവർ അദ്ദേഹത്തിനു ലഭിച്ചു. ഉള്ളടക്കം ഊഹിക്കാനാവുമായിരുന്നു. മനുഷ്യജീവിതത്തിലെ ഏറ്റവും സുനിശ്ചമായ സംഭവം. മരണം. പക്ഷേ ആരുടെ? കത്തുപൊട്ടിച്ചപ്പോൾ ജഡ്സന് തലചുറ്റി. തന്റെ പ്രാണപ്രേയസി എന്നന്നേക്കുമായി തന്നെവിട്ടുപോയിരിക്കുന്നു! നാൻസിക്ക് വീണ്ടും കഠിനമായ പനിയുണ്ടായെന്നും അങ്ങനെയാണ് മരണം സംഭവിച്ചതെന്നുമുള്ള വിവരങ്ങൾ പിന്നീടാണറിഞ്ഞത്.തന്റെ മുപ്പത്തിയാറാമത്തെ വയസ്സിൽ കർത്താവിന്റെ ആ മുന്നണിപ്പോരാളി അന്യനാട്ടിൽ സ്വന്തക്കാരോ സ്നേഹിതരോ എന്തിനേറെ, ഏകാശ്രയമായ ഭർത്താവുപോലുമോ അടുത്തില്ലാതെ തന്റെ ഓട്ടം അവസാനിപ്പിച്ച് സനാഥയായി സ്വർഗ്ഗീയഭവനത്തിൽ പ്രവേശിച്ചു.രണ്ടു മാസങ്ങൾക്കുശേഷം കുഞ്ഞുമരിയയും അമ്മയോടൊപ്പം ചേർന്നു.

തീരാദുഃഖം കഠിനജോലികൊണ്ടു മറക്കാൻ ജഡ്സൻ ശ്രമിച്ചു. ഒരു വർഷത്തിലേറെക്കാലം തർജ്ജമ ജോലിയും സുവിശേഷപ്രവർത്തനവുമായി അദ്ദേഹം മുന്നോട്ടുപോയി.എന്നാൽ തന്റെ ഹൃദയം ഇതിലൊക്കെയുണ്ടായിരുന്നോ എന്നു സംശയമാണ്. കുറ്റബോധവും വ്യാകുലതയും ഒരിക്കലും ഒഴിഞ്ഞുപോകാതെ നിന്നു. ജീവൻ രക്ഷപ്പെടുത്താനായില്ലെന്നതു പോകട്ടെ, തന്നെക്കൊണ്ട് ഏറ്റവും ആവശ്യമുണ്ടായിരുന്ന ആ സമയങ്ങളിൽ താൻ ഭാര്യയുടെയും കുഞ്ഞിന്റെയും സമീപത്തില്ലാതായിപ്പോയതിന് തന്നോടുതന്നെ ക്ഷമിക്കാൻ ജഡ്സന് കഴിഞ്ഞില്ല.

കാലം കടന്നുപോയിട്ടും വിഷാദം മൂർച്ഛിച്ചതേയുള്ളൂ. ഒരുതരം രോഗാവസ്ഥയെന്നുതന്നെ പറയാം. മറ്റുള്ളവരോടുള്ള ഇടപെടലുകൾ കുറഞ്ഞു. നാൻസിയുടെ മരണം നടന്ന് ഏതാണ്ട് രണ്ടു വർഷമായപ്പോൾ ജഡ്സൻ വനത്തിലേക്ക് പോയി ഒരു കുടിലുണ്ടാക്കി അതിൽ ഏകാന്തവാസം തുടങ്ങി.ആത്മീയമായി വളരെ അധഃപതിച്ച ഒരു സമയമായിരുന്നു അതെന്ന് പറയേണ്ടിവരും. 'ദൈവമെന്നാൽ എനിക്ക് മഹാനായ ഒരജ്ഞാതൻ മാത്രം.അവനിൽ ഞാൻ വിശ്വസിക്കുന്നു. പക്ഷേ അറിയാൻ സാധിക്കുന്നില്ല' എന്നദ്ദേഹം ഇക്കാലത്തൊരിക്കൽ എഴുതുകയുണ്ടായി. ജഡ്സന്റെ ഈ മാനസികാവസ്ഥ മറ്റു മിഷനറിമാരെയെന്നതുപോലെ നാട്ടുകാരായ വിശ്വാസികളെയും വേദനിപ്പിച്ചു. അവർ അദ്ദേഹത്തെ സന്ദർശിക്കുകയും

**കത്തുപൊട്ടിച്ചപ്പോൾ ജഡ്സന് തലചുറ്റി. തന്റെ പ്രാണപ്രേയസി എന്നന്നേക്കുമായി തന്നെവിട്ടുപോയിരിക്കുന്നു! നാൻസിക്ക് വീണ്ടും കഠിനമായ പനിയുണ്ടായെന്നും അങ്ങനെയാണ് മരണം സംഭവിച്ചതെന്നുമുള്ള വിവരങ്ങൾ പിന്നീടാണറിഞ്ഞത്. തന്റെ മുപ്പത്തിയാറാമത്തെ വയസ്സിൽ കർത്താവിന്റെ ആ മുന്നണിപ്പോരാളി അന്യനാട്ടിൽ സ്വന്തക്കാരോ സ്നേഹിതരോ എന്തിനേറെ, ഏകാശ്രയമായ ഭർത്താവുപോലുമോ അടുത്തില്ലാതെ തന്റെ ഓട്ടം അവസാനിപ്പിച്ചു സനാഥയായി സ്വർഗ്ഗീയഭവനത്തിൽ പ്രവേശിച്ചു.**

ഭക്ഷണം കൊടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും, കർത്താവ് അവനെ എഴുന്നേൽപ്പിക്കും (യാക്കോബ് 5:15) എന്ന ദൈവവാക്യം സ്ഥിരീകരിച്ചുകൊണ്ട് ജഡ്സൻ സാധാരണജീവിതത്തിലേക്ക് മടങ്ങി വന്നു! ആത്മാവിന്റെ മുഴുവൻ ശക്തിയോടുമായിരുന്നു തിരിച്ചുവരവ്. അത് പ്രവർത്തനങ്ങളിൽ പ്രകടവുമായിരുന്നു.അപ്പോഴേക്കും ബർമ്മയൊട്ടുക്കു ചെറുതായെങ്കിലും വ്യാപരിച്ചിരുന്ന സുവിശേഷകേന്ദ്രങ്ങൾ എല്ലാം ജഡ്സൻ സന്ദർശിച്ചു പ്രവർത്തകരെ ധൈര്യപ്പെടുത്തി.

തനിക്കു ചെയ്തു തീർക്കേണ്ട അല്ലെങ്കിൽ തനിക്കു മാത്രം സാധിക്കുന്ന ഒരു ജോലി ബാക്കിയുണ്ടായിരുന്നു.ബർമ്മ ഭാഷയിലെ ബൈബിളിന്റെ പൂർത്തീകരണം. പുതിയനിയമം നേരത്തെ തയ്യാറായിരുന്നല്ലോ. പഴയനിയമത്തിന്റെ മൂലഭാഷയായ ഹീബ്രൂവിൽ നിന്നും നേരിട്ടാണ് അദ്ദേഹം തർജ്ജമ ചെയ്തത്.ദിവസേന ഇരുപത്തിയഞ്ച് വചനങ്ങൾ എന്ന കണക്കിന് പരിഭാഷപ്പെടുത്തിയാൽപോലും കുറഞ്ഞത് രണ്ടുവർഷമെടുക്കും പൂർത്തിയാക്കാൻ. രണ്ടുഭാഷകളും കടുകട്ടിയാണല്ലോ. എങ്കിലും അത് അദ്ദേഹം ദൈവകൃപയാൽ ചെയ്തുതീർത്തു. തുടർന്നുവന്ന ഒട്ടേറെ വർഷങ്ങൾ അതിന്റെ ഭാഷാശുദ്ധിക്കായുള്ള ശ്രമങ്ങൾക്കായി ചെലവിട്ടു. അങ്ങനെ തേച്ചുമിനുക്കി പരിപൂർണ്ണതയിലെത്തിക്കാൻ പ്രയത്നിച്ചു.1840 ൽ, നാൻസിയുടെ മരണത്തിന് പതിനാലു കൊല്ലത്തിനുശേഷമാണ് ബൈബിൾ പരിഭാഷയുടെ അവസാന പേജ് പ്രസിലേക്ക് അയയ്ക്കാനായത്.

ഇതിനിടയിൽ 1834ൽ ജഡ്സൻ വീണ്ടും വിവാഹം കഴിക്കുകയുണ്ടായി. സാറ ബോർഡ്മൻ എന്ന വിധവയായിരുന്നു വധു.സാറയുംഭർത്താവ് ജോർജ് ബോർഡ്മനും അമേരിക്കയിൽ നിന്നും മിഷനറിമാരായി ബർമ്മയിലെത്തിയതായിരുന്നു.അധഃകൃതരായി കണക്കാക്കിപ്പോന്ന 'കാരൻ'മാർ എന്ന ഗിരിവർഗ്ഗത്തിനിടയിലാണവർ തുടക്കം മുതൽ പ്രവർത്തിച്ചുവന്നത്.എങ്ങനെയുണ്ടായെന്നറിഞ്ഞുകൂടാ, വെളുത്ത മനുഷ്യർ 'ജീവന്റെ പുസ്തക'വുമായി തങ്ങളുടെ അടുത്തു വരുമെന്നൊരു വിശ്വാസം അവർക്കുണ്ടായിരുന്നു. ബൈബിളുമായെത്തിയ ജോർജിനും സാറയ്ക്കും സുവിശേഷം പറയാൻ ഇതെളുപ്പമായി. ഒരാളെങ്കിലും വിശ്വാസത്തിലേക്ക് വരുന്നതു കാണാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവന്ന ജഡ്സനിൽ നിന്നും വ്യത്യസ്തമായി ജോർജിന് അനേകർ ക്രിസ്തുവിനെ രക്ഷിതാവായി ഏറ്റുപറയുന്നതു കാണാൻ ഭാഗ്യമുണ്ടായി.ബർമ്മയിലെത്തി അഞ്ചുവർഷമാവുമ്പോഴേക്കും ജോർജിന്റെ ആരോഗ്യം നന്നാ ക്ഷയിച്ചിരുന്നു. തന്റെ ജീവിതത്തിന്റെ അവസാന





രണ്ടുമാസങ്ങളിൽ മാത്രം അൻപത്തിഏഴു 'കാരൻ'മാരെ സ്നാനപ്പെടുത്താനായി. ആ സമയം താവോയ് എന്ന സ്ഥലത്തെ സഭയിൽ എഴുപതു വിശ്വാസികളുണ്ടായിരുന്നു. 1831 ൽ ദൈവദാസൻ കർത്താവിൽ നിദ്രപ്രാപിച്ചു. ഭർത്താവിന്റെ മരണശേഷം രണ്ടുവയസ്സുള്ള മകൻ ജോർജുമായി (കൊച്ചു മുതലാളി എന്നാണ് കുഞ്ഞിനെ നാട്ടുകാർ വിളിക്കുക) സ്വദേശത്തേക്കു മടങ്ങാനായിരുന്നു സാറ വിചാരിച്ചിരുന്നതെങ്കിലും ജഡ്സന്റെ അഭിപ്രായം മാനിച്ചു താൻ പ്രവർത്തിച്ചിരുന്ന ഗോത്രവർഗ്ഗങ്ങളോടൊപ്പം തുടരുകയാണുണ്ടായത്. പെൺകുട്ടികൾക്കായുള്ള ഒരു സ്കൂൾ വളരെ വിജയകരമായി സാറ അവിടെ നടത്തിപ്പോന്നു.പിന്നീട് മൂന്നു വർഷങ്ങൾക്കുശേഷമാണ് ജഡ്സൻ സാറയെ വിവാഹം കഴിച്ചത്.അപ്പോൾ ജഡ്സനു നാല്പത്തിയാറും സാറയ്ക്ക് മുപ്പതുവയസ്സും ആയിരുന്നു.

ആറു വയസ്സായപ്പോൾ 'കൊച്ചുമുതലാളി'യെ സ്കൂളിൽ ചേർക്കാനായി അമേരിക്കയിലേക്കയച്ചു. അമ്മയും മകനും പിന്നെ ഒരിക്കലും തമ്മിൽ കണ്ടില്ല. മകനെ പിരിഞ്ഞ ദുഃഖം അധികനാൾ സഹിക്കേണ്ടിവന്നില്ല സാറയ്ക്ക്. യഥാർത്ഥ കുടുംബിനിയായി മാറിയ അവർക്ക് പത്തുവർഷത്തിനുള്ളിൽ എട്ടു കുഞ്ഞുങ്ങളുണ്ടായി. അതിൽ രണ്ടുപേർ മരിച്ചുപോയി. നാൻസിയിൽ നിന്നു വളരെ വ്യത്യസ്തയായിരുന്നു സാറ. 'സൗമ്യയാണ്, തൻപോരിമയും എടുത്തുചാട്ടവും തീരെയില്ല.അഗ്നികുറവ്, എന്നാലും പ്രകാശം കൂടുതൽ' ഇങ്ങനെയാണ് ജഡ്സൻ സാറയെ നാൻസിയോടു തുലനം ചെയ്തത്.

1845 ൽ ജഡ്സനും കുടുംബവും നാട്ടിലേക്ക് പുറപ്പെട്ടു.ഇളയകുഞ്ഞ് ജനിച്ച് ഒരു വർഷമേ ആയുള്ളൂ. മൂന്നു മക്കളെ ബർമ്മയിൽതന്നെ സഹപ്രവർത്തകർക്കൊപ്പം ആക്കിയിരുന്നു. മുപ്പത്തിമൂന്നു വർഷങ്ങൾക്കുമുമ്പ് അമേരിക്ക വിട്ടതിൽ പിന്നെ ആദ്യമായാണ് ജഡ്സൻ നാട്ടിലേക്ക് പോകുന്നത്. ഏറ്റവും സന്തോഷകരമായിരിക്കേണ്ട ആ അവസരം പക്ഷേ ദുഃഖസാന്ദ്രമായി മാറി. തുടരെത്തുടരെയുള്ള പ്രസവവും ജോലിഭാരവുമൊക്കെയായി സാറയുടെ ആരോഗ്യം തീരെ അവതാളത്തിലായിരുന്നു.വഴിമദ്ധ്യേ കപ്പലിൽവച്ച് സാറ നിത്യവിശ്രമം കൊള്ളുകയാണുണ്ടായത്. ശരീരം സംരക്ഷിക്കാൻ ഇന്നത്തെപ്പോലുള്ള മോർച്ചറി സൗകര്യങ്ങളില്ലാതിരുന്ന അക്കാലത്ത് സാധാരണ ചെയ്തിരുന്നതുപോലെ അന്ത്യശുശ്രൂഷയ്ക്കുശേഷം മൃതദേഹം കടലിൽ തന്നെ സംസ്കരിക്കുകയാണുണ്ടായത്.

മരണം സമ്മാനിച്ച ദുഃഖത്തിന്റെ നിഴലിലാണ് ജഡ്സനും മക്കളും നാട്ടിലെത്തിയത്.കാലം എല്ലാം ശമിപ്പിക്കുമല്ലോ. പണ്ടുണ്ടായിരുന്ന കുഞ്ഞുപട്ടണങ്ങളും ബോട്ടുജട്ടിയും മറ്റും ഇന്ന് വൻകിടനഗരങ്ങളും തുറമുഖങ്ങളുമായിമാറിയിരിക്കുന്നു. തന്റെ വീടിനടുത്ത പ്രദേശങ്ങൾ പോലും തിരിച്ചറിയാനാവാതെ ജഡ്സൻ വിഷമിച്ചു.താൻ തന്നെ എത്ര പ്രശസ്തനായിരിക്കുന്നു എന്ന സത്യവും അദ്ദേഹത്തെ അത്ഭുതപ്പെടുത്തി.എല്ലാവർക്കും അറിയാവുന്ന ആൾ.തന്റെ മിഷനറി പ്രവർത്തനം ഒരിതിഹാസകഥപോലെയാണ് ഇവിടെയുള്ളവർക്ക്. തന്നോടു സംസാരിക്കാനും തന്റെ പ്രസംഗം കേൾക്കാനും തിരക്ക്. പ്രശസ്തി ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും ആളുകളുടെ അഭ്യർത്ഥന മാനിച്ച് പലയിടത്തും പ്രസംഗിച്ചു തുടങ്ങി.

ഇങ്ങനെയൊരു പ്രസംഗപര്യടനത്തിനിടയിലാണ് എമിലി ചാബോക്ക് എന്ന യുവതിയെ പരിചയപ്പെടാനിടയായത്. 'ഫാനി ഫോറസ്റ്റർ' എന്നപേരിൽ ജനപ്രിയ സാഹിത്യരചന നടത്തുന്ന ആളാണ്. അടിയുറച്ച ക്രിസ്തുശിഷ്യയും സർവ്വോപരി ബാപ്റ്റി

അടുത്തു മരണമടഞ്ഞ തന്റെ ഭാര്യ സാറയുടെ ജീവചരിത്രമെഴുതാമെന്നേറ്റ എമിലിയുമായി ജഡ്സൻ കൂടുതലടുത്തു. പിന്നീട് വിവാഹാഭ്യർത്ഥനയും നടത്തി. വിവാഹതീരുമാനം ചില ആശയക്കുഴപ്പങ്ങളുണ്ടാക്കിയെന്നതു സത്യമാണ്. പ്രൊട്ടസ്റ്റന്റ് അമേരിക്കയുടെ ആരും മാനിക്കുന്ന ഒരു വിശുദ്ധനാണ് ജഡ്സൻ. അങ്ങനെയൊരാൾ മാസികകളിൽ പൈങ്കിളിസാഹിത്യമെഴുതുന്ന ഒരു ചെറുപ്പക്കാരിയെ - അതും തന്റെ പകുതി പ്രായം മാത്രമുള്ളയാളെ-വിവാഹം കഴിക്കുന്നതിനെ ഞെട്ടലോടും അതൃപ്തിയോടുമാണ് മിക്കവരും കണ്ടത്.എന്നിരുന്നാലും, ആളുകളുടെ അഭിപ്രായങ്ങൾക്കു ചെവികൊടുക്കാതെ അവർ വിവാഹിതരായി,

സ്റ്റുമായ ഒരാൾ തന്റെ കഴിവുകൾ പൈങ്കിളി സാഹിത്യമെഴുതി എന്തിനു നശിപ്പിക്കുന്നുവെന്ന് ജഡ്സൺ ചിന്തിച്ചുപോയി. അടുത്തു മരണമടഞ്ഞ തന്റെ ഭാര്യ സാറയുടെ ജീവചരിത്രമെഴുതാമെന്നേറ്റ എമിലിയുമായി ജഡ്സൻ കൂടുതലടുത്തു.പിന്നീട് വിവാഹാഭ്യർത്ഥനയും നടത്തി. വിവാഹതീരുമാനം ചില ആശയക്കുഴപ്പങ്ങളുണ്ടാക്കിയെന്നതു സത്യമാണ്. പ്രൊട്ടസ്റ്റന്റ് അമേരിക്കയുടെ ആരും മാനിക്കുന്ന ഒരു വിശുദ്ധനാണ് ജഡ്സൻ. അങ്ങനെയൊരാൾ മാസികകളിൽ പൈങ്കിളിസാഹിത്യമെഴുതുന്ന ഒരു ചെറുപ്പക്കാരിയെ - അതും തന്റെ പകുതി പ്രായം മാത്രമുള്ളയാളെ-വിവാഹം കഴിക്കുന്നതിനെ ഞെട്ടലോടും അതൃപ്തിയോടുമാണ് മിക്കവരും കണ്ടത്.

എന്നിരുന്നാലും, ആളുകളുടെ അഭിപ്രായങ്ങൾക്കു ചെവികൊടുക്കാതെ അവർ വിവാഹിതരായി, 1846 ജൂണിൽ. പിറ്റെ മാസംതന്നെ അവർ ബർമ്മയിലേയ്ക്ക് കപ്പൽ കയറി.അമേരിക്കയിലേക്കു കൊണ്ടുവന്ന മൂന്നു കുഞ്ഞുങ്ങളേയും നാട്ടിൽത്തന്നെ നിർത്തി.അവർക്കു തങ്ങളുടെ പിതാവിനെ പിന്നീട് കാണാനായില്ല. മുതിർന്നവരാകാൻ ഭാഗ്യം ലഭിച്ച ജഡ്സന്റെ അഞ്ചുമക്കളിൽ രണ്ടുപേർ സുവിശേഷകരായി, ഒരാൾ ഡോക്ടറും ഒരാൾ സ്കൂളിൽ ഹെഡ്മിസ്ട്രസുമായി. വേറൊരാൾ ആർമിയിൽ ചേർന്നു യുദ്ധത്തിൽ മുറിവേറ്റ് അംഗഭംഗം വന്നു.

ബർമ്മയിൽ ജഡ്സനും എമിലിയും മൂന്നു കൊല്ലം ഒരുമിച്ചു പ്രവർത്തിച്ചു.സാറയെപ്പോലെ ആകാൻ എമിലി ആവുന്നതും ശ്രമിച്ചു. ഒരു കുഞ്ഞുമകളുമുണ്ടായി അവർക്ക്. ആരോഗ്യം ക്ഷയിച്ചു തുടങ്ങിയ ജഡ്സൻ 1850 ആയപ്പോഴേക്കും രോഗബാധിതനായി.രണ്ടാമതും ഗർഭിണിയായ എമിലിയെ വീട്ടിലാക്കി ജഡ്സൻ അക്കാലത്തൊരിക്കൽ ഒരു കപ്പൽ യാത്രയ്ക്കു പോയി. ഒരാഴ്ച കഴിഞ്ഞപ്പോഴാണ് മരണം സംഭവിച്ചത്. തന്റെ ഭാര്യ സാറയെപ്പോലെ കടലിലെ മരണമായതുകൊണ്ട് ദൈവദാസനേയും സമുദ്രത്തിൽ അടക്കുകയാണുണ്ടായത്. പത്തുദിവസങ്ങൾക്കുശേഷം എമിലി പ്രസവിച്ചെങ്കിലും കുഞ്ഞ് മരിച്ചിരുന്നു. പിന്നേയും കുറച്ചുനാളുകൾ കഴിഞ്ഞാണ് ഭർത്താവിന്റെ മരണവാർത്ത എമിലി അറിയുന്നത്.അഞ്ചുമാസങ്ങൾക്കുശേഷം ജഡ്സന്റെ കുഞ്ഞുങ്ങളുമായി അവർ അമേരിക്കയിലേക്ക് മടങ്ങിപ്പോന്നു.നാട്ടിലെത്തിയിട്ടും എമിലിയുടെ ആരോഗ്യം മെച്ചപ്പെട്ടില്ല. മൂന്നുവർഷങ്ങൾക്കുശേഷം മുപ്പത്തിയാറാമത്തെ വയസ്സിൽ എമിലിയും തന്റെ സ്വർഗ്ഗീയഭവനത്തിലേക്ക് യാത്രയായി.(തുടരും)

സമ്പാദകൻ : അജയ് ജോർജ്

ഇമെയിൽ:

dr_ajaigeorge@rediffmail.com





# സമർപ്പണം

## ഫെനലൻ

**നി**ങ്ങൾക്ക് കർത്താവായ യേശുവിനോട് സമ്പൂർണമായി തീരുമാനിക്കപ്പെട്ട ഒരു സമർപ്പണം ഉണ്ടാകണമെന്നാണു ഞാൻ ആഗ്രഹിക്കുന്നത്. 'വലിപ്പം' കൂടിയ ഒരു സമർപ്പണത്തെക്കാൾ 'പൂർത്തിയായ' ഒരു സമർപ്പണം, എത്ര പ്രിയപ്പെട്ടതായാലും ഒന്നും തനിക്കായിത്തന്നെ പിടിച്ചുവയ്ക്കാത്ത, സമ്പൂർണമായ ഒരു സമർപ്പണം-അതാണു ഞാൻ ആഗ്രഹിക്കുന്നത്. അത്തരം ഒരു സമർപ്പണം ഉണ്ടെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ വഞ്ചിക്കുകയില്ല. പക്ഷേ നിങ്ങൾ രഹസ്യമായി എന്തെങ്കിലും നിങ്ങൾക്കായി പിടിച്ചുവച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ വഞ്ചിക്കുന്നു. പിശാചിന്റെ ചതിക്കായി നിങ്ങളെത്തന്നെ തുറന്നിടുകയും ചെയ്യുന്നു.

നിങ്ങൾ പ്രാർത്ഥനാമുറിയിലായിരിക്കുന്നതുപോലെ, പുറത്തുള്ള സമൂഹത്തിലായിരിക്കുമ്പോഴും താഴ്മയും ലാളിത്യവും ഉള്ളവരായിരിക്കുവാൻ തീരുമാനിക്കുക. ഒരു കാര്യം ചെയ്യുന്നത് അതു യുക്തിപൂർവമാണെന്നതുകൊണ്ടോ, അതു ചെയ്യാൻ നിങ്ങൾക്ക് ഇഷ്ടമുള്ളതുകൊണ്ടോ മാത്രം ആകരുത്. നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളും ജീവന്റെയും മരണത്തിന്റെയും ആത്മാവിനു കീഴടങ്ങി ചെയ്യുക. (അവിടുന്നു അഹന്തയുടെ മരണത്തിന്റെ ആത്മാവും ദൈവജീവനുമായതിനാലാണ് ഞാൻ അങ്ങനെ വിളിച്ചത്).

സ്വാഭാവികമായ വലിയ ഉത്സാഹത്തെപ്പറ്റി ജാഗ്രതയുള്ളവനായിരിക്കുക. ഉത്സാഹം പോലും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു കീഴിലായിരിക്കേണ്ടതുണ്ട്.

നിങ്ങൾ സംശയിക്കാൻ പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങളുടെ ഉള്ളിൽ ഒരു ഉറപ്പിനായി പരതാതെ സൂക്ഷിച്ചു കൊള്ളുക. ദൈവത്തിലല്ലാതെ നിങ്ങൾക്ക് ഒരുറപ്പും ഇല്ല!

മുന്നോട്ട് നല്ലകാര്യങ്ങളെ നോക്കുന്നതിനെക്കുറിച്ചും ജാഗ്രതയുള്ളവനായിരിക്കുക. വർത്തമാനകാലം കയ്പുള്ളതാണെങ്കിൽപോലും അതാണു ദൈവഹിതമെങ്കിൽ നമുക്കതുമതി. അവിടുത്തെഹിതമാണു നമ്മുടെ ഏക നിക്ഷേപം. വർത്തമാനകാലസാഹചര്യങ്ങൾ മൂലം നമ്മുടെ സ്വയം സങ്കടപ്പെട്ടിരിക്കുകയാണെങ്കിൽ ഭാസുരമായ ഭാവിയെക്കുറിച്ചുള്ള സ്വപ്നം കൊണ്ട് അതിനു നഷ്ടപരിഹാരം ചെയ്യാൻ മുതിരരുത്. നാം അങ്ങനെ നമ്മുടെ സ്വയത്തെ താലോലിച്ചാൽ നാം ഭാവിയിൽ നിരാശപ്പെട്ടു പോയേക്കാം.

ദൈവം അയയ്ക്കുന്നതെല്ലാം, ചോദ്യം ചെയ്യാതെ, മനസ്സിന്റെ താഴ്മയിൽ അതേ സമയം സ്വയത്തെ കർശനമായി കൈകാര്യം ചെയ്തുകൊണ്ട്, സ്വീകരിക്കുക. ദൈവം തന്റെ പ്രവൃത്തി നിങ്ങളിൽ പൂർത്തിയാക്കട്ടെ. സ്വാർത്ഥതയില്ലാതെ ജീവിക്കുന്നതിൽ ഓരോ നിമിഷവും ശ്രദ്ധിക്കുക.-അതാണ് മുഴുവൻ നിത്യതയുമെന്ന മട്ടിൽ.

# എഡിറ്റോറിയൽ തുടർച്ച......

"ശരിയാണ്." തുടർന്ന് അവൾ വാച്ച് മാൻനീയെ കഠിനമായി ആക്ഷേപിച്ചു സംസാരിച്ചു. വാച്ച്മാൻ നീ ഒരക്ഷരംപോലും മിണ്ടിയില്ല. ചില നാളുകൾക്കുശേഷം ഒരു സഹപ്രവർത്തകൻ നീയോടു ചോദിച്ചു:"എന്തുകൊണ്ടാണ് ആ സ്ത്രീ താങ്കളുടെ അമ്മയാണെന്ന് അപ്പോൾ തുടർന്നു പറയാതിരുന്നത്?".

"അതിന് ആ സ്ത്രീ ആരാണെന്നു മിസ്സ് ഗ്രൂവ്സ് എന്നോടു ചോദിച്ചില്ലല്ലോ" എന്നായിരുന്നു അദ്ദേഹത്തിന്റെ നിഷ്കളങ്കമായ മറുപടി.

നമ്മുടെ സ്വാഭാവികയുക്തിക്കു മനസ്സിലാകുന്ന ഒരു പെരുമാറ്റമല്ല ഇത്. പക്ഷേ, ചില കാര്യങ്ങൾ വിശദീകരിക്കുകയും ന്യായീകരിക്കുകയും യുക്തിയുക്തമായി മറുപടി പറയുകയും ചെയ്തശേഷവും ഉള്ളിൽ അന്തരാത്മാവിൽ ഒരു ശോഷണമാണ് അനുഭവപ്പെടുന്നതെങ്കിൽ തമ്മിൽ ഭേദം തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരിക്കുന്നതു തന്നെയല്ലേ?

ഇത് ആന്തരികമായ ഒരു നടപ്പാണ്. ഇതിന്റെ പ്രമാണം നമ്മുടെ തലച്ചോറിലല്ല, ഹൃദയത്തിലാണ് എഴുതിയിരിക്കുന്നത് (യിരെമ്യ. 31:33, എബ്രായർ 8:10; 10:16). 'അവന്റെമേൽ യഹോവയുടെ ആത്മാവു വസിക്കും...അവന്റെ പ്രമോദം യഹോവാഭക്തിയിൽ ആയിരിക്കും.അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല' (യെശ.11:2,3) എന്ന വചനം ഇതിനോടു കൂട്ടിവായിക്കേണ്ടതുണ്ട്.

അപ്പൊസ്തലപ്രവൃത്തി 16-ാം അധ്യായത്തിൽ, പൗലൊസും കൂട്ടരും സുവിശേഷപ്രവർത്തനത്തിന് ആസ്യയിലേക്കു പോകുന്നതായിരുന്നു അവിടെ കൈക്കൊള്ളാവുന്ന ഏറ്റവും യുക്തിസഹമായ നടപടി. പക്ഷേ അവർ പോയില്ല. കാരണം പരിശുദ്ധാത്മാവ് അതിന് അവരെ അനുവദിച്ചില്ല. തുടർന്നു ബിഥുന്യെക്കു പോകുവാൻ അവർ ശ്രമിച്ചു. എന്നാൽ യേശുവിന്റെ ആത്മാവ് അവരെ വിലക്കി. അതുകൊണ്ട് അവർ അവിടേക്കും പോയില്ല (16:6, 7). തീർച്ചയായും ഇതു 'കണ്ണുകൊണ്ടു കാണുന്നതുപോലെ തീരുമാനിച്ച് ചെവികൊണ്ടു കേൾക്കുന്നതിനനുസരിച്ചു വിധിച്ച് മുന്നോട്ടുപോകുന്ന' ഒരു രീതിയല്ല. പരിശുദ്ധാത്മാവു നൽകുന്ന ആന്തരികമായ ഒരു ബോധ്യത്തിന്റെയും അഭിഷേകത്തിന്റെയും അടിസ്ഥാനത്തിലുള്ള ഒരു പ്രവർത്തനവിധമാണിത്.

യോഹന്നാൻ ഇക്കാര്യം ഇങ്ങനെയാണ് എഴുതുന്നത്: "അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരും" (1 യോഹ.2:27)

ഈ ആന്തരികമായ അഭിഷേകത്തെ ശ്രദ്ധിച്ചാൽ നാം തെറ്റിപ്പോകുകയില്ല. ഈ ആന്തരികജീവൻ ഒരു കാര്യത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ എന്നതിനെക്കുറിച്ച് ആ കാര്യത്തിൽ അനുഭവപ്പെടുന്ന പരിശുദ്ധാത്മാവിലുള്ള സന്തോഷവും സമാധാനവും നമുക്കു സൂചന നൽകും (റോമർ 14:17).

യഹോവഭക്തി നമ്മുടെ പ്രമോദം ആയിരുന്നാൽ ഈ ആന്തരികമായ മാർഗ്ഗം നമുക്കു കൂടുതൽ കൂടുതൽവ്യക്തമായി വരും (യെശ. 11:23).ആ പാത ....അധികമധികം ശോഭിച്ചു വരും.(സദൃശ.4:18).

❖





ചിന്തയ്ക്ക്

## നിർമ്മല ഹൃദയവും ശുദ്ധമായ ജീവിതവും – 2

# ആത്മാവിന്റെ ശബ്ദം ശ്രദ്ധിക്കുക

**സാക് പുന്നൻ**

**ജീ**വിതത്തിൽ പല തീരുമാനങ്ങളും എടുക്കേണ്ടിവരുന്ന സന്ദർഭങ്ങളുണ്ടാകും. പക്ഷേ എന്താണു ചെയ്യേണ്ടതെന്നു നമുക്കു പലപ്പോഴും വ്യക്തമായിരിക്കുകയില്ല. തിരുവെഴുത്ത് നിശ്ശബ്ദത പാലിക്കുന്ന പല കാര്യങ്ങളുണ്ട്. അതുപോലെ ഉപദേശം തേടിച്ചെല്ലാൻ നമുക്ക് എപ്പോഴും ഒരു ആത്മീയനായ സഹോദരനെ കിട്ടിയെന്നും വരികയില്ല.

'ആത്മീയനായ ഒരു സഹോദരൻ ഈ സന്ദർഭത്തിൽ ഇങ്ങനെയാണു ചെയ്തത്' അല്ലെങ്കിൽ 'ഇങ്ങനെ ചെയ്യുന്നതിൽ തെറ്റില്ലെന്ന് അദ്ദേഹം പറഞ്ഞു' എന്നൊക്കെ നമ്മുടെ പ്രവൃത്തികളെ ന്യായീകരിക്കാൻ കഴിയും.പക്ഷേ അങ്ങനെ പറയുന്നത് അതു തെറ്റായ മനഃസാക്ഷിയിലാണു ചെയ്തത് എന്നാണു തെളിയിക്കുന്നത്.

നമുക്ക് ഓരോരുത്തർക്കും വ്യക്തിപരമായി മാർഗനിർദ്ദേശം നൽകാനാണു ദൈവം നമുക്കു പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നത്.

ഉദാഹരണത്തിന് 'ലോകത്തെ സ്നേഹിക്കരുത്' എന്നൊരു പ്രബോധനം ഒരു സഹോദരി മീറ്റിംഗിൽ കേൾക്കുന്നു. അതു വളരെ പൊതുവായ ഒരു പ്രബോധനമാണ്; പ്രത്യേകമായ ഏതെങ്കിലും കാര്യത്തെക്കുറിച്ചല്ല അതു പറയുന്നത്. പുതിയനിയമം നമുക്ക് ഇത്തരം പൊതുവായ പ്രബോധനങ്ങളെ തരുന്നുള്ളു. ഈ സാഹചര്യത്തിൽ ഒരു വിവാഹത്തിൽ സംബന്ധിക്കാൻ വിലകൂടിയ, ആർഭാടമുള്ള ഒരു സാരി വേണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടി വരുമ്പോൾ അവൾ എന്താണു ചെയ്യേണ്ടത്?ആ സാരി വാങ്ങിക്കാൻ നൂറു ന്യായങ്ങൾ അവളുടെ മനസ്സ് നിരത്തിവയ്ക്കും.പക്ഷേ പരിശുദ്ധാത്മാവ് അവളുടെ മനോഭാവത്തെയാണു പരിശോധിക്കുന്നത്.ആ സാരി ധരിക്കുന്നതിലൂടെ ലൗകികരായ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും മാനം തേടുകയാണു ചെയ്യുന്നതെന്നു പരിശുദ്ധാത്മാവ് അവളോടു പറഞ്ഞേക്കാം.സത്യം പറയുന്നതിൽ പരിശുദ്ധാത്മാവ് വിശ്വസ്തത പാലിക്കുന്നു. പക്ഷേ അനുസരിക്കുവാൻ ആത്മാവ് എപ്പോഴും നിർബന്ധിക്കുകയില്ല.അന്തിമ തീരുമാനം അവളുടേതു തന്നെയാണ്.

സഭയിലെ ഒരു സഹോദരനോ സഹോദരിക്കോ നമ്മെ പഠിപ്പിക്കുവാൻ കഴിയാത്ത അനേക കാര്യങ്ങളെക്കുറിച്ച് ആത്മാവിന്റെ അഭിഷേകത്തിനു നമ്മെ ഉപദേശിക്കുവാൻ കഴിയും.പക്ഷേ ആത്മാവിനു ചെവിക്കൊടുക്കുവാൻ നാം സന്നദ്ധരായിരിക്കണം.ആ ശബ്ദത്തെ നാം തുടർച്ചയായി അവഗണിച്ചാൽ കുറച്ചു കഴിയുമ്പോൾ ആത്മാവു നമ്മോടു സംസാരിക്കുന്നതു നിർത്തും. നാം ക്രമേണ

**വിവേകം ഒരു സഹോദരനെ സമൂഹത്തിലും സഭയിലും വീട്ടിലും തന്റെ മേൽ ആക്കിവച്ചിരിക്കുന്ന അധികാരങ്ങൾക്കു കീഴടങ്ങിയിരിക്കാൻ പ്രേരിപ്പിക്കുന്നു. യേശു നസറെത്തിൽ ആയിരുന്ന വർഷങ്ങളിലെല്ലാം അപൂർണ്ണരായ തന്റെ മാതാപിതാക്കൾക്കു കീഴടങ്ങിയിരുന്നു. കാരണം യോസേഫും മറിയയും പൂർണ്ണരായിരുന്നോ എന്നതല്ല, അവരെ തന്റെ മേൽ ആക്കിവച്ച സ്വർഗീയപിതാവിനെ അനുസരിക്കുമോ എന്നതായിരുന്നു യേശുവിന് അവിടെ പ്രസക്തമായിരുന്ന ചോദ്യം.**

പിന്മാറി പോകുകയും ജഡികരും ലൗകികരുമായി അവസാനിക്കുകയും ചെയ്യും.

**ആത്മീയ അധികാരത്തിനു കീഴടങ്ങൽ:**

സഭ പണിയപ്പെടുന്നത് അറിവ് (ഉപദേശം) കൊണ്ടല്ല, മറിച്ചു വിവേകം കൊണ്ടാണ് (സദൃശ: 24:3).

വിവേകം ഒരു സഹോദരനെ സമൂഹത്തിലും സഭയിലും വീട്ടിലും തന്റെമേൽ ആക്കിവച്ചിരിക്കുന്ന അധികാരങ്ങൾക്കു കീഴടങ്ങിയിരിക്കാൻ പ്രേരിപ്പിക്കുന്നു. യേശു നസറെത്തിൽ ആയിരുന്ന വർഷങ്ങളിലെല്ലാം അപൂർണ്ണരായ തന്റെ മാതാപിതാക്കൾക്കു കീഴടങ്ങിയിരുന്നു. കാരണം അതായിരുന്നു യേശുവിനെക്കുറിച്ചു സ്വർഗീയ പിതാവ് ആഗ്രഹിച്ചിരുന്നത്. യോസേഫും മറിയയും പൂർണ്ണരായിരുന്നോ എന്നതല്ല, അവരെ തന്റെ മേൽ ആക്കിവച്ച സ്വർഗീയ പിതാവിനെ അനുസരിക്കുമോ എന്നതായിരുന്നു യേശുവിന് അവിടെ പ്രസക്തമായിരുന്ന ചോദ്യം.യോസേഫും മറിയയും, സംശയമില്ല, ദൈവഭയമുള്ള ആളുകൾ തന്നെയായിരുന്നു. പക്ഷേ അവർ പഴയ ഉടമ്പടിയുടെ കീഴിലുള്ളവരും കൃപയ്ക്കധീനരല്ലാത്തതിനാൽ പാപത്തിന്മേൽ ജയമില്ലാത്തവരും ആയിരുന്നിരിക്കാം എന്ന കാര്യം മറന്നുപോകരുത്. അവരുടെ ബന്ധത്തിൽ പിരിമുറുക്കവും വഴക്കുകളും സാധാരണ ആയിരുന്നിരിക്കാം - പുതിയ ഉടമ്പടിയിലേക്കു പ്രവേശിക്കാത്ത ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഇന്നും അങ്ങനെയാണല്ലോ. എന്നിട്ടും പൂർണ്ണനായ ദൈവപുത്രൻ അപൂർണ്ണരായ ആ രണ്ടുപേർക്കു കീഴടങ്ങിയിരുന്നു.

അവിടുന്ന് ജീവനുള്ള പുതുവഴി നമുക്കുവേണ്ടി ഉദ്ഘാടനം ചെയ്തത് അങ്ങനെയാണ്.അവിടുത്തെ ആദ്യ ചുവടുകൾ അപൂർണ്ണരായ അധികാരികൾക്കു കീഴ്പ്പെട്ടിരിക്കുന്നതിന്റെ ചുവടുകളായിരുന്നു.

ഇപ്പോൾ ഈ വഴിയിലൂടെ നടക്കാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം നമ്മുടെ മേൽ ആക്കിവച്ചിരിക്കുന്ന ഏത് അധികാരത്തിനും - അത് എത്ര അപൂർണ്ണമാണെങ്കിൽ കൂടി - കീഴടങ്ങിയിരിക്കാൻ മനസ്സുള്ളവരായിരിക്കണം.അതുകൊണ്ടാണു മാതാപിതാക്കൾക്കു കീഴടങ്ങിയിരിക്കാൻ നമ്മൾ കുട്ടികളെ പഠിപ്പിക്കുന്നത്. കുട്ടികൾക്കുള്ള ആദ്യത്തെ കൽപന അതാണ്. അത് അനുസരിക്കുന്ന എല്ലാവർക്കും 'അതു നന്നായിരിക്കും' എന്നാണു ദൈവത്തിന്റെ വാഗ്ദാനം. അധികാരത്തിനു കീഴടങ്ങിയിരിക്കുന്നതിനു ദൈവം വലിയ പ്രാധാന്യം തന്നെ കൊടുക്കുന്നു. അതുകൊണ്ടു ജീവിതത്തിൽ നാം കുട്ടികളുമൊത്തു നന്നായി പോകാനാഗ്രഹിക്കുന്നുവെങ്കിൽ നാം അവരെ അനുസരിക്കാൻ പഠിപ്പിക്കേണ്ടതുണ്ട്.

ഇതേപോലെ നമ്മെ സംബന്ധിച്ചും നന്നായി പോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ സഭയിൽ നമ്മുടെ മേൽ ആക്കിയി





രിക്കുന്ന അപൂർണ്ണരായ ആത്മീയ അധികാരികൾക്കു കീഴടങ്ങിയിരിക്കണം. നമ്മുടെ മുകളിലുള്ള മൂപ്പന്മാർ തീർച്ചയായും പൂർണ്ണരായ മനുഷ്യരല്ല. പക്ഷേ, ശരിയായ പ്രാദേശിക സഭയിലാണു നാം കൂടുന്നതെന്നു നമുക്ക് ഉറപ്പുണ്ടെങ്കിൽ ദൈവം അവിടെ നിയമിച്ചിരിക്കുന്ന മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കണം.പക്ഷേ നിങ്ങൾ ആയിരിക്കുന്ന സഭ ശരിയായതാണെന്നു തീർച്ചയില്ലെങ്കിൽ അതു വിടുന്ന കാര്യത്തിൽ ദൈവഹിതം അന്വേഷിക്കുക.

രണ്ടായാലും അധികാരത്തോടു മറുക്കുന്നതു ദൈവം അംഗീകരിക്കുകയില്ല.

നമ്മുടെ സഭകളിലെ മൂപ്പന്മാർ ദൈവത്തിനുവേണ്ടി ഒരു നിർമ്മലമായ സാക്ഷ്യം നിലനിർത്തുന്നതിനുള്ള പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നു മറന്നുപോകരുത്. ഇതു തീർച്ചയായും എളുപ്പമുള്ള ജോലിയല്ല.എളുപ്പമുള്ള ജോലി മൂപ്പന്മാരിൽ കുറ്റം കണ്ടുപിടിക്കുകയും അവരെ വിമർശിക്കുകയും അവരോടു മറുതലിക്കുകയും ചെയ്യുക എന്നതാണ്.

കുട്ടികളില്ലാത്തവർക്കു മറ്റുള്ളവർ കുഞ്ഞുങ്ങളെ വളർത്തുന്നതിലുള്ള പോരായ്മ കണ്ടുപിടിക്കുക എളുപ്പമാണ്!എന്നാൽ കുഞ്ഞുങ്ങളെ ദൈവവഴിയിൽ വളർത്തുന്നത് എത്ര പ്രയാസമുള്ള കാര്യമാണെന്ന് അറിയാവുന്ന വിവേകമുള്ളവർ ഇക്കാര്യത്തിൽ മറ്റുള്ളവരെ വിമർശിക്കുകയില്ല.

എവിടെയെങ്കിലും ഒരു സഭയെ നയിക്കുവാൻ ദൈവം നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നുവോ?- ഈ കാര്യം ആദ്യമായി ഉറപ്പുവരുത്തുന്നത് നല്ലതാണ്.

ആത്മീയ അധികാരം നടത്തുവാൻ യോജിച്ചവനായി എവിടെയും ദൈവം നിങ്ങളെ കണ്ടിട്ടില്ലെങ്കിൽ ദൈവം ആ അധികാരം നൽകിയ മറ്റുള്ളവരെ വിധിപ്പാൻ നിങ്ങൾക്ക് എന്തവകാശം?നിങ്ങൾ ദൈവത്തിന്റെ നിയമനത്തോടാണു മറുതലിക്കുന്നത്.ആ മൂപ്പന്മാർ പല പോരായ്മകൾ ഉള്ളവരായിരിക്കാം.എന്നാൽ നിങ്ങളെക്കാൾ ഭേദം അവരാണെന്നു ദൈവം കണ്ടെത്തി! അതുകൊണ്ടാണല്ലോ ദൈവം അവരെ മൂപ്പന്മാരാക്കിയത്. നിങ്ങൾ രംഗത്തെത്തുന്നതിനു വളരെ മുമ്പുതന്നെ നിങ്ങളുടെ പ്രദേശത്ത് ആദ്യമായി ദൈവം അവരെ തെരഞ്ഞെടുത്തു. ഒരിക്കലും പ്രയോഗത്തിൽ വരുത്തിയിട്ടില്ലാത്ത ഒട്ടേറെ ഗംഭീര ആശയങ്ങളുള്ള അപക്വമതിയായ ഒരു മത്സരിയായിരിക്കാം നിങ്ങൾ.

ദൈവത്തിനുവേണ്ടി ഒരു പ്രാദേശിക സഭപോലും കെട്ടിപ്പടുക്കുവാനുള്ള കൃപ നിങ്ങൾക്കു ലഭിച്ചിട്ടില്ലെങ്കിൽ സ്വയം താഴ്ത്തി മൂപ്പന്മാർക്കു കീഴ്പ്പെട്ട് നിശ്ശബ്ദനായിരിക്കുകയാണു വിവേകം.

ഒരുപക്ഷേ സഭയിലെ മൂപ്പന്മാരിൽ വലിയ കുഴപ്പങ്ങൾ കണ്ടേക്കാം.അങ്ങനെയെങ്കിൽ ഈ സാഹചര്യത്തിൽ സഹായിക്കാൻ കഴിയുന്ന മറ്റെവിടെയെങ്കിലുമുള്ള പക്വതയുള്ള ഒരു സഹോദരനുമായി നിങ്ങൾക്കീകാര്യം സംസാരിക്കാം. അല്ലാതെ സഭയിലെ മറ്റുള്ളവരുമായി ഇക്കാര്യത്തിൽ ഏഷണി പറഞ്ഞു നടക്കുകയല്ല വേണ്ടത്. സഭയിൽ ഭിന്നതയുടെ വിത്തു വിതയ്ക്കുകയും കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരെ അനുഗ്രഹിക്കാൻ ദൈവത്തിന് ഒരിക്കലും കഴിയുകയില്ല. ദൈവം നിയമിച്ചാക്കിയ അധികാരങ്ങൾക്കു കീഴടങ്ങിയിരിക്കാൻ നാം പഠിക്കണം.

**ആത്മീയ അധികാരങ്ങളുടെ പ്രയോഗം:**

ദൈവഭക്തിയിൽ ആത്മീയ അധികാരങ്ങൾക്കു കീഴടങ്ങുന്നതുപോലെ പ്രധാനമാണ് ദൈവികമായ രീതിയിൽ അധികാരം ഉപയോഗിക്കുന്നതും.പല മൂപ്പന്മാരും നിർഭാഗ്യവശാൽ ആത്മീയ അധി

*(ശേഷം പേജ് 30 ൽ)*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**(അദ്ധ്യായം - 2 തുടർച്ച)**

**ഇന്ന്** ഇന്ത്യയിൽ ശ്രേഷ്ഠരായ ബൈബിൾ പണ്ഡിതന്മാർ ചെയ്യുന്നതെന്താണ്? ഗ്രാമങ്ങളിലേക്ക് പോയി ആളുകളെ ക്രിസ്തുവിലേക്ക് നടത്തുവാൻ അവർ തയ്യാറാവുന്നില്ല. ബൈബിൾ സ്കൂളുകളിൽ പഠിപ്പിച്ചും സുവിശേഷ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചും അമേരിക്കൻ സഹായത്താൽ പ്രവർത്തിക്കുന്ന വലിയ ക്രിസ്തീയ പ്രസ്ഥാനങ്ങളുടെ ഡയറക്ടർമാരായി പ്രവർത്തിച്ചും അവർ ജീവിതം പാഴാക്കുന്നു! ഇന്ത്യയിൽ ഇന്ന് ദൈവത്തിന്റെ വേല യഥാർത്ഥത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത് എങ്ങനെയുള്ളവരാണ്? പുറത്തുപോയി ആളുകളെ ക്രിസ്തുവിലേക്ക് നടത്തുകയും പ്രാദേശിക സഭകളിൽ നിലനിർത്തുകയും ചെയ്യുന്നവരിൽ മിക്കവരും ആത്മനിറവുള്ള എളിയവരും പഠിപ്പില്ലാത്തവരുമായ ആളുകളാണ്.അതാണ് ശരിയായ ദൈവവേല.അതുകൊണ്ട് ഞാൻ പറയട്ടെ, ഫലമില്ലാത്ത സ്ഥാനമോഹികളായ ക്രിസ്ത്യാനികൾ, സുവിശേഷീകരണത്തെക്കുറിച്ചുള്ള ചർച്ചാസമ്മേളങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അന്താരാഷ്ട്ര കമ്മിറ്റികളിൽ അംഗങ്ങളായിരിക്കുകയും ഡയറക്ടർമാരാവുകയുമൊക്കെ ചെയ്യട്ടെ.കർത്താവിനെ സ്നേഹിക്കുന്നവരായ നിങ്ങൾ പുറത്തുപോയി ആളുകളെ കർത്താവിലേക്ക് കൊണ്ടുവരികയും തന്റെ സഭയെ പണിയുകയും ചെയ്യുക-ഇതാണ് എന്റെ ജീവിതത്തിൽ ഞാൻ ചെയ്യുവാൻ ആഗ്രഹിക്കുന്നത്. ഏതെങ്കിലും കമ്മിറ്റിയിൽ അംഗമാകുവാനും കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നില്ല.ആളുകളെ ക്രിസ്തുവിലേക്ക് നടത്തുവാനും അവരെ സഭയിൽ ഉറപ്പിച്ച് നിർത്തുവാനും ഞാൻ ആഗ്രഹിക്കുന്നു.ഇതാണ് പൗലൊസ്, പത്രോസ് തുടങ്ങിയ അപ്പൊസ്തലന്മാരൊക്കെ ചെയ്തത്.



*തങ്ങൾ നട്ടിടത്ത് മറ്റൊരുവൻ വന്നു വെള്ളമൊഴിച്ചാൽ അത് ഇന്നു ചില സുവിശേഷകന്മാരെ വിഷമിപ്പിക്കും.*

**അദ്ധ്യായം - 3**

മൂന്നാം അദ്ധ്യായത്തിൽ നാം സുവിശേഷീകരണത്തെയും സഭയുടെ പണിയെയും കുറിച്ച് വായിക്കുന്നു.നിങ്ങളിൽ ചിലർ, "ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ : ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും," പറയുന്നു (3:4).

പൗലൊസ് പറയുകയാണ്:'എന്താണ് വ്യത്യാസം? ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു. ഞങ്ങളിരുവരും ദാസന്മാരാണ്. (3:6). പൗലൊസ് സുവിശേഷം അറിയിച്ചു - താൻ മണ്ണിൽ കുഴിയെടുത്ത് വിത്ത് നട്ടു. അപ്പൊല്ലോസ് പിന്നാലെ വന്നു വെള്ളമൊഴിച്ചു.അപ്പൊല്ലോസ് കുഴിയെടുക്കുകയോ വിത്തിടുകയോ ചെയ്തില്ല. മറ്റൊരുത്തൻ അതു ചെയ്തു കഴിഞ്ഞിരിക്കെ അതിന്റെ ആവശ്യമില്ലായിരുന്നു. വീണ്ടും കിളച്ച് കുഴിയെടുക്കുവാൻ ശ്രമിച്ചാൽ അവൻ ആ വിത്തിനെ നശിപ്പിക്കുകയാവും ചെയ്യുന്നത്! വിത്തിന് ഇപ്പോൾ ആവശ്യം നനയാണ് - അപ്പൊല്ലോസ് ജ്ഞാനത്തോടെ ചെയ്തത് അതായിരുന്നു. തങ്ങൾ നട്ടിടത്ത് മറ്റൊരുവൻ വന്നു വെള്ളമൊഴിച്ചാൽ അത് ഇന്നു ചില സുവിശേഷകന്മാരെ വിഷമിപ്പിക്കും. അവർ പറയും, "നിങ്ങൾക്ക് മറ്റെവിടെങ്കിലും പോയി കൃഷിചെയ്തു കൂടെയോ? എന്തിനാണ് നിങ്ങൾ എന്റെ വയലിൽ കടക്കുന്നത്?".എന്നാൽ, ഇതു നിങ്ങളുടെ വയലാണോ, അതോ, ദൈവത്തിന്റെ വയലാണോ?. നിങ്ങൾ ദൈവവേല ചെയ്യുന്നുവെങ്കിൽ, അതു ദൈവത്തിന്റെ വയലാണ്. നിങ്ങൾ നട്ടിടത്ത് മറ്റൊരുവനെ അയച്ച് നനയ്ക്കുവാൻ ദൈവത്തിന് അധികാരമുണ്ട്.പൗലൊസ് അതു മനസ്സിലാക്കിയിരുന്നു. അതിനാൽ അപ്പൊല്ലോസിന്റെ വേലയിൽ താൻ സന്തുഷ്ടനായിരുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ സ്വന്തം വയൽ നിർമ്മിക്കുന്നുവെങ്കിൽ, ഒരു ദിവസം അതു "മരം, പുല്ല്, വൈക്കോൽ" എന്നിവപോലെ തീയിൽ വെന്തുപോകുവാൻ ഇടയാകും (3:12-15).

"ഇത് എന്റെ വിശ്വാസിയാണ്", എന്ന് ആളുകൾ പറയുന്നതാണ് ഇന്നത്തെ മിക്കവാറും സുവിശേഷപ്രവർത്തനങ്ങളുടെയും ദുരന്തം. അതിനാൽ തന്നെ ഇന്നു ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ പല വേലകളും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.ദൈവം തന്നെ വിളിച്ചവേലയിൽ ഏർപ്പെടാതെ, ഇന്നു മിക്ക ക്രിസ്ത്യാനികളും ഒരേ പ്രവൃത്തി തന്നെ വീണ്ടും വീണ്ടും ചെയ്തുകൊണ്ടിരിക്കുകയാണ്. പൗലൊസ് നട്ടുവെങ്കിൽ, അപ്പൊല്ലോസ് പുറകെ വന്നു വീണ്ടും നടുന്നതിന് പകരം അവയ്ക്ക് വെള്ളമൊഴിച്ചുകൊടുക്കുക എന്നത് ശ്രേഷ്ഠമായ ഒരു കാര്യമല്ലേ? അത് ആ ചെറിയചെടിയെ വളർന്നു

പൗലൊസും അപ്പൊല്ലോസും ചേർന്നുനിന്ന് പ്രവർത്തിച്ചു. അവരുടെ ആത്മാക്കളും സഭകളും ദൈവത്തിനുള്ളതായിരുന്നു. പൗലൊസ് നട്ടു, അപ്പൊല്ലോസ് നനച്ചു, പക്ഷേ ദൈവമാണ് വളർച്ച നൽകിയത്. പൗലൊസ് തന്നെക്കുറിച്ചും അപ്പോല്ലോസിനെക്കുറിച്ചും പറയുന്നത്, “ഞങ്ങൾ ഏതുമില്ല” (3:7) എന്നാണ്. അതിനാലാണ് ഒരുമയോടെ പ്രവർത്തിക്കുവാൻ അവർക്കായത്. അരുമല്ലാത്ത രണ്ടുപേർക്ക് ഒരുമിച്ച് നിൽക്കുവാൻ കഴിയും. എന്നാൽ അതിലൊരുവന് താൻ ആരോ ആണെന്നുള്ള തോന്ന ൽ ഉണ്ടാകുമ്പോഴാണ് പ്രശ്നങ്ങൾ ഉയർന്ന് വരുന്നത്.

വലിയ വൃക്ഷമാകുവാൻ സഹായിക്കും.ഈ നിലയിലുള്ള സഹകരണമായിരുന്നു ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നത്.ഇന്ന് ക്രിസ്ത്രീയ ലോകത്തിൽ നാം കാണുന്നത് കൂട്ടായ്മകൾക്കു പകരം കിടമത്സരങ്ങളാണ്. മറ്റൊരുവന്റെ പ്രവൃത്തിയെ അനുകരിക്കുന്നതിന് പകരം, ‘എന്റേത്’ എന്നുള്ള ചിന്ത വിട്ടിട്ട്, പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാൻ നമുക്ക് ശ്രമിക്കാം.

‘‘സുവിശേഷം പ്രസംഗിപ്പിൻ’’ (മർക്കോ. 16:15) തുടർന്ന് “ഞാൻ നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ’’ (മത്താ. 28:19, 20) എന്നുള്ളതാണ് കർത്താവ് നമുക്ക് നൽകിയ മഹാ നിയോഗം. ഒരുദാഹരണം നോക്കുക: നൂറുപേർ ചേർന്ന് ഒരു വലിയ തടിക്കഷണം ഉയർത്തുവാൻ പരിശ്രമിക്കുകയാണ്. അതിൽ 99 പേരും തടിയുടെ ഒരറ്റത്തും ഒരുവൻ മാത്രം മറ്റേ അറ്റത്തും പിടിച്ചിരിക്കുന്നത് നിങ്ങൾ കണ്ടാൽ, ഏതറ്റത്ത് പിടിക്കുവാനാണ് നിങ്ങൾ തയ്യാറാവുക? ഇന്ന്, മിക്കയിടങ്ങളിലും, 99% ക്രിസ്ത്രീയ പ്രവർത്തകരും സുവിശേഷീകരണത്തിൽ വ്യാപൃതരായിരിക്കുകയും വെറും ഒരു ശതമാനം പേർ മാത്രം രക്ഷിക്കപ്പെടുന്നവരെ ശിഷ്യന്മാരാക്കി ഒരു പ്രാദേശികസഭയായി പണിതെടുക്കുന്ന വേലയിൽ ഏർപ്പെടുകയും ചെയ്യുന്നു. അതിനാലാണ് തടിയുടെ ആ ഒരു ശതമാനം പേർ മാത്രമുള്ള ഭാഗത്ത് ചേർന്ന് സഹായിക്കുവാൻ ഞാൻ തയ്യാറായത്. മറ്റേ അറ്റത്തുള്ളവർക്ക് എതിരല്ല ഞാൻ. അവരും ആവശ്യമാണ്. പക്ഷേ ആ ഭാഗത്ത് ഇപ്പോൾതന്നെ ധാരാളം പേരുണ്ട്.

പൗലൊസും അപ്പൊല്ലോസും ചേർന്നുനിന്ന് പ്രവർത്തിച്ചു. അവരുടെ ആത്മാക്കളും സഭകളും ദൈവത്തിനുള്ളതായിരുന്നു. പൗലൊസ് നട്ടു, അപ്പൊല്ലോസ് നനച്ചു, പക്ഷേ ദൈവമാണ് വളർച്ച നൽകിയത്.അതിനാൽ സകല മഹത്വവും ദൈവത്തിനുള്ളതായിരുന്നു. പൗലൊസ് തന്നെക്കുറിച്ചും അപ്പോല്ലൊസിനെക്കുറിച്ചും പറയുന്നത്, “ഞങ്ങൾ ഏതുമില്ല” (3:7) എന്നാണ്. അതിനാലാണ് ഒരുമയോടെ പ്രവർത്തിക്കുവാൻ അവർക്കായത്. അരുമല്ലാത്ത രണ്ടുപേർക്ക് ഒരുമിച്ച് നിൽക്കുവാൻ കഴിയും. എന്നാൽ അതിലൊരുവന് താൻ ആരോ ആണെന്നുള്ള തോന്നൽ ഉണ്ടാകുമ്പോഴാണ് പ്രശ്നങ്ങൾ ഉയർന്ന് വരുന്നത്.

നിങ്ങൾ എന്നെങ്കിലും എവിടെയെങ്കിലും ഒരു പ്രാദേശിക സഭ സ്ഥാപിക്കുന്നുവെങ്കിൽ,കഴിഞ്ഞ 35 വർഷങ്ങൾ കർത്താവ് സഭകൾ നടുന്നത് കണ്ടതിൽനിന്നും ഞാൻ പഠിച്ച ചില പാഠങ്ങൾ ഞാൻ നിർദ്ദേശിക്കട്ടെ. ആദ്യമായി നിങ്ങൾ ആരുമല്ലാതാവുക. പിന്നീട് നിങ്ങളുടെ ആത്മാക്കളെ ആരുമല്ലാത്തവരായി വളർത്തുക. അപ്പോൾ മത്സരിക്കുന്നതിന് പകരം സഹകരിക്കുന്ന ഒരത്ഭുതസഭയെ നിർമ്മിക്കുവാൻ നിങ്ങൾക്കാവും. നേതാവ് മുതൽ പുതിയ വിശ്വാസിവരെ വെറും പൂജ്യമായിരിക്കുന്ന ഒരു സഭയാവും ലോകത്തിലെ ഏറ്റവും മികച്ച സഭ. അവരെല്ലാവരും പൂജ്യങ്ങളായിരിക്കാം. എന്നാൽ ക്രിസ്തു അവർക്ക് മുമ്പിൽ വരുമ്പോൾ – 9 പേരുള്ള ഒരു സഭ ക്രിസ്തുവാകുന്ന ആ ‘1’ കൂടിച്ചേർക്കുമ്പോൾ നൂറു കോടി – 100,0000000 ആയി രൂപാന്തരപ്പെടുന്നു!! ഞാൻ ‘ആരെങ്കിലുമാണ്’ എന്ന ചിന്തയോടെ സഭയിൽ ആയിരിക്കുവാൻ ഞാൻ തയ്യാറാവില്ല എന്നു നിശ്ചയിക്കുക, പൗലൊസിനെയും അപ്പൊല്ലോസിനെയും പോലെ ‘ഏതുമില്ല’ എന്ന മനോഭാവത്തോടെ ആയിരിക്കുക.

തുടർന്ന് പൗലൊസ്, ഒരു അടിസ്ഥാനമിടുന്നതിനെക്കുറിച്ചും അതിനുമീതേ പണിയുന്നതിനെക്കുറിച്ചും പറയുന്നു. അടിസ്ഥാനവും അതിനുമീതെയുള്ള പണിയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നവയാണ്. ഒരു വൃക്ഷത്തെ നട്ടുവളർത്തുന്നതിന്റെ ഉദാഹരണമാണ് പൗലൊസ് ആദ്യം ഉപയോഗിക്കുന്നത് – നടുക, നനയ്ക്കുക എന്നി പദങ്ങൾ ഇതുമായി ബന്ധപ്പെട്ടവയാണ്. ഇപ്പോൾ താൻ ഒരു കെട്ടിടത്തിന്റെ ചിത്രമാണ് ഉപയോഗിക്കുന്നത്: അടിസ്ഥാനവും മേൽക്കെട്ടിടവും (വാക്യം 10:12). കെട്ടിടത്തിന്റെ അടിസ്ഥാനമെന്നത് ക്രിസ്തുമാത്രമാണ് – നമുക്കൊന്നും കൂട്ടിച്ചേർക്കുവാനില്ലാത്ത ക്രൂശിലെ തന്റെ പൂർണ്ണതയുള്ള പാപപരിഹാരബലി. ഈ അടിസ്ഥാനത്തിനു മീതെ നിലനിൽക്കുന്ന ഒരു കെട്ടിടം പണിയേണ്ടതെങ്ങനെയെന്ന് നാം അറിഞ്ഞിരിക്കണം. ഏതു തരത്തിലുള്ള ഒരു സഭയാണ് നിങ്ങൾ പണിയുന്നത്? അതിന്റെ മികവ് അതിന്റെ വലുപ്പത്തിലാണോ

നേതാവ് മുതൽ പുതിയ വിശ്വാസിവരെ വെറും പൂജ്യമായിരിക്കുന്ന ഒരു സഭയാവും ലോകത്തിലെ ഏറ്റവും മികച്ച സഭ. അവരെല്ലാവരും പൂജ്യങ്ങളായിരിക്കാം. എന്നാൽ ക്രിസ്തു അവർക്ക് മുമ്പിൽ വരുമ്പോൾ - 9 പേരുള്ള ഒരു സഭ ക്രിസ്തുവാകുന്ന ആ ‘1’ കൂടിച്ചേർക്കുമ്പോൾ നൂറു കോടി - 100,0000000 ആയി രൂപാന്തരപ്പെടുന്നു!! ഞാൻ ‘ആരെങ്കിലുമാണ്” എന്ന ചിന്തയോടെ സഭയിൽ ആയിരിക്കുവാൻ ഞാൻ തയ്യാറാവില്ല എന്ന നിശ്ചയിക്കുക, പൗലൊസിനെയും അപ്പൊല്ലോസിനെയും പോലെ ‘ഏതുമില്ല’ എന്ന മനോഭാവത്തോടെ ആയിരിക്കുക.

അതോ ഗുണത്തിലാണോ? ഓരോ ക്രിസ്ത്രീയ പ്രവർത്തകനും ഉത്തരം കണ്ടെത്തേണ്ട ഒരു ചോദ്യമിതാണ്: അളവാണോ ഗുണമാണോ ഞാൻ അന്വേഷിക്കേണ്ടത്? ഒന്നുകിൽ പൊന്ന്, മുത്ത്, വിലയേറിയ കല്ല് അല്ലെങ്കിൽ മരം, പുല്ല്, വൈക്കോൽ – ഇവയിലേതെങ്കിലും ഉപയോഗിച്ച് നമുക്ക് പണിയാം (3:12). അന്ത്യനാളിൽ, ഗുണമാണ് പരിശോധിക്കപ്പെടുന്നത്; അളവല്ല (3:13, 14)

ഒരേ തുകയുപയോഗിച്ച്, സ്വർണ്ണം, വെള്ളി വിലയേറിയകല്ല് എന്നിവ ലഭിക്കുന്നതിലും വളരെ വലിയ അളവിൽ മരം, പുല്ല്, വൈക്കോൽ എന്നിവ വാങ്ങിക്കൂട്ടുവാൻ നമുക്ക് കഴിയും. ആളുകളുടെ ശ്രദ്ധ പിടിച്ചു പറ്റുന്ന വളരെ വലിയ ഒന്ന് നിങ്ങൾ പണിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മരം, പുല്ല്, വൈക്കോൽ എന്നിവ നിങ്ങൾ തിരഞ്ഞെടുക്കുന്നതാണ് നല്ലത്.

എന്നാൽ പണിപൂർത്തിയാകുമ്പോൾ അതിനെ തീയാൽ ശോധന കഴിക്കുമെന്ന് നിങ്ങൾ അറിയുന്നുവെങ്കിൽ- മരം, പുല്ല്, വൈക്കോൽ എന്നിവയെ അപേക്ഷിച്ച് നോക്കുമ്പോൾ വെറും ഒരു ശതമാനം മാത്രം വലുപ്പമുള്ളതെങ്കിലും തീയാലുള്ള പരിശോധനയെ അതിജീവിക്കുവാൻ പര്യാപ്തമായ പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവകൊണ്ട് കെട്ടിടം പണിയുവാൻ നിങ്ങൾ പരിശ്രമിക്കും.നമുക്കെല്ലാവർക്കും വളരെ പരിമിതമായ സമയമേ ലഭിക്കുന്നുള്ളൂ. നമുക്കിവിടെ ആയിരക്കണക്കിന് വർഷങ്ങൾ ജീവിക്കുവാൻ കഴിയില്ല. വീണ്ടും ജനനം പ്രാപിച്ചതിന് ശേഷം കർത്താവിനായി ജീവിക്കുവാൻ ഒരു 60 വർഷം ചിലപ്പോൾ ലഭിച്ചേക്കാം. ആ 60 വർഷങ്ങൾ നിങ്ങൾ എങ്ങനെ ഉപയോഗിക്കും? വളരെ വലിയതെങ്കിലും ഗുണമില്ലാത്തതും അന്ത്യനാളിൽ കത്തി ച്ചാമ്പലാകുന്നതുമായ ഒരു കെട്ടിടം പണിയുവാൻ ഈ സമയം നിങ്ങൾ ഉപയോഗിക്കുമോ? അതോ, വളരെ ചെറിയതെങ്കിലും ഏറ്റവും ശക്തിയേറിയ അഗ്നിജ്വാലയെപ്പോലും അതിജീവിക്കുവാൻ കഴിയുന്നത് പണിയുവാൻ നിങ്ങൾ ശ്രമിക്കുമോ?

പല വിശ്വാസികളും പണിയുന്ന സഭകൾ വളരെ വലുപ്പമേറിയതെങ്കിലും ഗുണനിലവാരം കുറഞ്ഞവയാണ്. ചിലർ വിവേകത്തോടെ- മാനസാന്തരവും ശിഷ്യത്വവും പഠിപ്പിച്ച് - ഗുണമേറിയ ചെറിയ സഭകൾ സ്ഥാപിക്കുന്നു. ആദ്യത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ രണ്ടാമത്തേത് കണക്കുകളിൽ വളരെ മോശമാണ്. എന്നാൽ ഒരു ദിവസം ദൈവം തീയാൽ ശോധന ചെയ്യുമ്പോൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ടുണ്ടാക്കിയ വൻമാളികകൾ വെന്ത് വെണ്ണീറാവും. എന്നാൽ വലുപ്പം കുറവായതിനാൽ മറ്റുള്ളവർ നിന്ദിച്ചപ്പോഴും തങ്ങളുടെ ജീവിതകാലം മുഴുവനും ശിഷ്യന്മാരെ ഉണ്ടാക്കുവാൻ പരിശ്രമിച്ചവർ, തങ്ങൾ നിർമ്മിച്ച ആ ചെറിയകെട്ടിടം അഗ്നിശോധനയെ അതിജീവിച്ച് നിത്യതയോളം നിലനിൽക്കുന്ന കാഴ്ചയാവും കാണുന്നത്.

നിങ്ങൾ എപ്രകാരമാണ് നിങ്ങളുടെ ജീവിതം ചെലവഴിക്കുവാൻ ആഗ്രഹിക്കുന്നത്? യേശു പറഞ്ഞു, "നിങ്ങൾപോയി സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ". നിത്യതയോളം നിലനിൽക്കുന്നതിനെ ഉളവാക്കുവാനാണോ നിങ്ങൾ പരിശ്രമിക്കുന്നത്? ഇതാണ് നിങ്ങളുടെ ഉള്ളിൽ എപ്പോഴും ഉണ്ടായിരിക്കേണ്ട ചോദ്യം. ദൈവം എന്നെക്കുറിച്ച് ആഗ്രഹിക്കുന്ന വിധത്തിൽ, യേശു പഠിപ്പിച്ച പ്രമാണങ്ങൾക്ക് അനുസരണമായാണോ ഞാൻ പണിയുന്നത്? മറ്റെന്തിനെക്കാളും ഉപരിയായി യേശുവിനെ സ്നേഹിക്കുന്ന ശിഷ്യന്മാരെ ഉണ്ടാക്കുവാനാണോ നിങ്ങൾ ശ്രമിക്കുന്നത്? അതോ, "കർത്താവായ യേശുവേ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു", എന്ന് മാത്രം പറയുകയും ശിഷ്യന്മാരായിരിക്കുവാൻ ആഗ്രഹമില്ലാത്തവരുമായ ഒരു കൂട്ടം വിശ്വാസികളെ ഒരുമിച്ച് കൂട്ടുവാൻ മാത്രമാണോ നിങ്ങളുടെ ശ്രമം? നിങ്ങളുടെ ജീവിതകാലം മുഴുവൻ നിങ്ങൾ നടത്തിയ പണികൾ ആ ദിവസം പൂർണ്ണമായും വെന്തുപോയാൽ, ദൈവമുമ്പാകെ നിങ്ങൾക്കുണ്ടാവുന്ന ദുഃഖത്തെക്കുറിച്ചോർക്കുക. ദൈവം നിങ്ങൾക്കു നൽകിയ ഒരു ജീവിതം പാഴാക്കിയല്ലോ എന്ന ദുഃഖത്തിൽ സ്വർഗ്ഗത്തിൽ നിത്യത ചെലവഴിക്കുന്നതിനെക്കുറിച്ച് ഓർത്തുനോക്കുക. അപ്രകാരം വ്യസനിക്കുവാൻ എനിക്കാഗ്രഹമില്ല. സ്വർണ്ണം, വെള്ളി, വിലയേറിയ കല്ലുകൾ എന്നിവകൊണ്ട് പണിയുവാൻ ഞാനാഗ്രഹിക്കുന്നു. കർത്താവിനായി മൂല്യമേറിയ ഒരു പണിചെയ്തെടുക്കുവാൻഞാനാഗ്രഹിക്കുന്നു.

(തുടരും)

മൊഴിമാറ്റം-ബോബി കുര്യൻ





### ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

# മനോഭാവത്തിൽ മാറ്റം

ആനി പുന്നൻ

## അധ്യായം -4

എന്റെ ജീവിതത്തിൽ മാറ്റം സംഭവിക്കണം.പക്ഷേ അതിന് എന്റെ വായനാശീലത്തിലാണ് ആദ്യം മാറ്റം വരേണ്ടത്- അതെനിക്കു ബോധ്യമായി. എന്റെ ഭാവനയെ ഏറെ ഉദ്ദീപിപ്പിക്കുന്നതായതുകൊണ്ട് റൊമാന്റിക് നോവലുകൾ വായിക്കുന്നത് എനിക്ക് ഏറെ ഇഷ്ടമായിരുന്നു. എന്നാൽ അതെല്ലാം എന്റെ ഹൃദയത്തിലെ അഗ്നിക്ക് ഇന്ധനമായി മാറുകയും സാങ്കല്പിക ചിന്തകളിൽ മുഴുകുവാനുള്ള എന്റെ ആഗ്രഹത്തെ വർധിപ്പിക്കുകയുമാണുണ്ടായത്. ആരോഗ്യകരമായ വായനയിലേക്ക് എന്നെ നയിക്കുവാൻ വേണ്ടി എന്റെ വാർഡൻസുഹൃത്ത് ഇതിനിടെ അവളുടെ സ്വന്തം പുസ്തകശേഖരത്തിൽ നിന്നു ചില പുസ്തകങ്ങൾ എനിക്കുതന്നു. ഈ പുസ്തകങ്ങൾ ക്രമേണ എന്നെ ദൈവത്തിലേക്കു കൂടുതൽ അടുപ്പിച്ചു.

തെറ്റായ വായനയിൽ നിന്ന് എന്നെ വിടുവിക്കണേ എന്നു ഞാൻ കർത്താവിനോട് അപേക്ഷിക്കുമായിരുന്നു.മെല്ലെ മെല്ലെ എന്റെ സ്വഭാവത്തിൽ മാറ്റം ഉണ്ടായി; കാഴ്ചപ്പാടിൽ വ്യത്യാസം വന്നു. പലതലമുറകളിലെ വിശ്വാസവീരന്മാർ, ഇന്ത്യയിൽ വന്ന മിഷനറിമാർ തുടങ്ങിയവരെപ്പറ്റിയുള്ള ചില പുസ്തകങ്ങൾ ഹോസ്റ്റൽ ലൈബ്രറിയിൽ നിന്ന് എനിക്കു കിട്ടി. അങ്ങനെ എന്റെ ചിതറിയ ചിന്തകളെ ക്രമേണ, പക്ഷേ കൃത്യതയോടെ, ഞാൻ ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി. എന്റെ സാങ്കല്പികലോകം മേഘം പോലെ എന്നെ വിട്ടുപോകാനും തുടങ്ങി.ഒടുവിൽ, വളരെ നാൾ എന്നെ അടിമയാക്കി വച്ചിരുന്ന ആ മല്ലനിൽ നിന്നു ഞാൻ വിടുതൽ നേടി.

ഹോസ്റ്റലിൽ ഞങ്ങൾക്കു ടെലിവിഷൻ സെറ്റ് ഉണ്ടായിരുന്നു. പെൺകുട്ടികൾ അവിടെ വന്നിരുന്നു സിനിമകൾ കാണും. ഞാനും ചില സിനിമകൾ കാണുമായിരുന്നു. പക്ഷേ ഈ സിനിമകൾ എന്റെ പഴയ സാങ്കല്പികലോകത്തെ എന്നിലേക്കു മടക്കിക്കൊണ്ടുവരും എന്നെനിക്കു മനസ്സിലായി. അതുകൊണ്ട് ഈ സ്വഭാവത്തിൽ നിന്നു പൂർണമായി എന്നെ വിടുവിക്കാൻ ഞാൻ ദൈവത്തോട് അപേക്ഷിച്ചു.

ഈ പരീക്ഷയിൽ നിന്നു രക്ഷപ്പെടുവാൻ വേണ്ടി ഞാൻ വരാന്തയിൽ സൗകര്യമുള്ള ഒരു മൂല കണ്ടെത്തി വാർഡൻ സുഹൃത്തിനോടൊപ്പം തുന്നൽപണിയിൽ ഏർപ്പെട്ടു.ഹോസ്റ്റലിൽ ഞങ്ങൾക്ക് ഒരു പ്രദർശന വില്പന വരുന്നുണ്ടായിരുന്നു. ഇതിൽ വിറ്റഴിക്കാനായി ചില പ്ലാസ്റ്റിക് കൂടകളും മറ്റും ഉണ്ടാക്കുന്നതിലും ഞാൻ

**അങ്ങനെ ഞാൻ ദൈവത്തോടു കൂടുതൽ അടുക്കാൻ തുടങ്ങിയപ്പോൾ മറ്റുള്ളവരുടെ ആത്മീയ ആവശ്യങ്ങളിൽ സഹായിക്കാനുള്ള മനസ്സ് എനിക്കു ദൈവം തന്നു. ഏറെയൊന്നും സംസാരിക്കുകയോ ആരോടും മനസ്സു തുറക്കുകയോ ചെയ്യാത്ത ഒരു പെൺകുട്ടിയായിരുന്നു ആദ്യമായി എന്നെ സമീപിച്ചത്. അവൾ തന്റെ പ്രശ്നങ്ങൾ തുറന്നു പറഞ്ഞു. അവളുടെ അമ്മ നേരത്തെ മരിച്ചുപോയി. അച്ഛന് ഇപ്പോൾ രണ്ടാമതു വിവാഹം കഴിക്കണം. മകൾ വീട്ടിലുണ്ടെങ്കിൽ അതു പുനർവിവാഹത്തിന് ഒരു തടസ്സമാണ്. അതു കൊണ്ടു തന്നെ അച്ഛൻ അവളെ ഒഴിവാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അവളെ ഇവിടെ ഹോസ്റ്റലിൽ കൊണ്ടുവന്ന് ആക്കിയിരിക്കുന്നത്!എത്ര ദാരുണമായ കഥ!**

മുഴുകി. തയ്യലിലും തുന്നലിലും ഞാൻ ഒരു താൽപര്യം വികസിപ്പിച്ചെടുത്തു. എന്റെ ജീവിതത്തിന് ഒരു മൂല്യമുണ്ടെന്നു മനസ്സിലാക്കി ഞാൻ വസ്ത്രധാരണത്തിൽ അന്തസ്സ് പാലിക്കാനും തുടങ്ങി.

എന്റെ കാടുകയറുന്ന ചിന്തകളെ കർത്താവിനോടുള്ള അനുസരണത്തിനായി ക്രമേണ പിടിച്ചടക്കിയെങ്കിലും അതു സത്യത്തിൽ നിരന്തരമായ ഒരു പോരാട്ടമായിരുന്നു. ചില സമയങ്ങളിൽ പെൺകുട്ടികൾ ടിവിയിൽ വരുന്ന നല്ല പരിപാടികളെക്കുറിച്ച് പറയും. അപ്പോൾ ഞാനവശ്രദ്ധിക്കും. ടിവിയിൽ വരുന്ന എല്ലാ പരിപാടികൾക്കു നേരേയും കണ്ണടയ്ക്കുന്ന ഒരു 'അതിവിശുദ്ധ'യാകണമെന്ന് എനിക്ക് ആഗ്രഹമില്ലായിരുന്നു. എങ്കിലും മിക്ക ടിവി പരിപാടികളും മനസ്സിനെ മലിനപ്പെടുത്തുന്നതാണെന്നു ഞാൻ മനസ്സിലാക്കി.

അങ്ങനെ ഞാൻ ദൈവത്തോടു കൂടുതൽ അടുക്കാൻ തുടങ്ങിയപ്പോൾ മറ്റുള്ളവരുടെ ആത്മീയ ആവശ്യങ്ങളിൽ സഹായിക്കാനുള്ള മനസ്സ് എനിക്കു ദൈവം തന്നു. ആവശ്യത്തിലിരിക്കുന്ന പലർക്കും എന്നിൽ വിശ്വാസം തോന്നാനും അവർ എന്നെ സമീപിക്കാനും ഇടയായി.ഏറെയൊന്നും സംസാരിക്കുകയോ ആരോടും മനസ്സു തുറക്കുകയോ ചെയ്യാത്ത ഒരു പെൺകുട്ടിയായിരുന്നു ആദ്യമായി എന്നെ സമീപിച്ചത്. അവൾ തന്റെ പ്രശ്നങ്ങൾ തുറന്നു പറഞ്ഞു. അവളുടെ അമ്മ നേരത്തെ മരിച്ചുപോയി. അച്ഛന് ഇപ്പോൾ രണ്ടാമതു വിവാഹം കഴിക്കണം. മകൾ വീട്ടിലുണ്ടെങ്കിൽ അതു പുനർവിവാഹത്തിന് ഒരു തടസ്സമാണ്. അതുകൊണ്ടു തന്നെ അച്ഛൻ അവളെ ഒഴിവാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അവളെ ഇവിടെ ഹോസ്റ്റലിൽ കൊണ്ടുവന്ന് ആക്കിയിരിക്കുന്നത്!

എത്ര ദാരുണമായ കഥ! മാത്രമോ, അച്ഛൻ അവളെ തൊട്ടതിനും പിടിച്ചതിനുമൊക്കെ ഉപദ്രവിക്കും. അവളെ അടിക്കും. ചുട്ടുപൊള്ളിക്കും.തന്നെ അടിച്ചതിന്റെയും പൊള്ളിച്ചതിന്റെയും പാടുകൾ കാട്ടിത്തരുമ്പോൾ അവൾ പലപ്പോഴും വിതുമ്പി. അവൾക്ക് ഇനി ഒരിക്കലും വീട്ടിൽ പോകണമെന്നില്ല.

ചിലപ്പോഴൊക്കെ അവളുടെ പിതാവിന്റെ മാതാവ് - വല്യമ്മച്ചി- അവളെ കാണാൻ ഹോസ്റ്റലിൽ വരും. ചില മധുരപലഹാരങ്ങളും അവർ കൊണ്ടുവരും. എന്നാൽ അവൾ നിവൃത്തിയുണ്ടെങ്കിൽ വല്യമ്മച്ചിയോട് മിണ്ടുകയില്ല. വീടു തനിക്കു തന്ന തിക്താനുഭവങ്ങൾ അവളുടെ ഹൃദയത്തെ കയ്പും വിദ്വേഷവും കൊണ്ടു നിറച്ചിരുന്നു. അതു തുറന്നു പ്രകടിപ്പിക്കാൻ കഴിയാത്തതുമൂലം പല





പ്പോഴും അവൾ മൗനം കൊണ്ട് പ്രതിരോധം തീർത്തു.

അവളുടെ ശരീരത്തെക്കാൾ, മുറിവും ചതവും ഏറ്റത് അവളുടെ മനസ്സിനാണെന്ന് എനിക്കു മനസ്സിലായി. ഞാൻ ആർദ്രതയോടെ അവളോടു സംസാരിച്ചു. ഞങ്ങൾ അന്യോന്യം ഞങ്ങളുടെ ചിന്തകൾ പങ്കുവയ്ക്കുവാൻ തുടങ്ങി. ഒന്നിച്ചു പ്രാർത്ഥിക്കുവാനും തുടങ്ങി. വൈകിയില്ല, അവൾ കർത്താവിനായി തന്റെ ജീവിതം സമർപ്പിച്ചു. യേശുവിനെ രക്ഷകനായി സ്വീകരിച്ചു.ഇതെന്നെ കുറച്ചൊന്നുമല്ല സന്തോഷിപ്പിച്ചത്! ഒടുവിൽ ഞാനിതാ ഒരാത്മാവിനെ രക്ഷകന്റെ സവിധത്തിൽ കൊണ്ടുവന്നിരിക്കുന്നു! തുടർന്നു ഞങ്ങൾ ഞങ്ങളുടെ കുടുംബത്തിനായും ഞങ്ങളെപ്പോലെ ആന്തരികമായി മുറിവേറ്റ മറ്റു പെൺകുട്ടികൾക്കായും പ്രാർത്ഥിക്കാൻ ആരംഭിച്ചു.

ഞങ്ങളുടെ ഹോസ്റ്റലിൽ തന്നെ വൈകല്യങ്ങളുള്ള ചിലകുട്ടികൾ ഉണ്ടായിരുന്നു. അവരെ ഗർഭത്തിലുണ്ടായിരുന്നപ്പോൾ അവരുടെ അമ്മമാർ ഗർഭച്ഛിദ്രത്തിനായി കഴിച്ച മരുന്നുകളായിരുന്നു അവരിൽ പലരുടെയും ശാരീരിക, മാനസിക വൈകല്യത്തിന്റെ കാരണം. ഇത്തരത്തിൽ ഹോസ്റ്റലിലുണ്ടായിരുന്ന ഒരു കുട്ടിക്കു പല്ലുകൾ ഒന്നും ഉണ്ടായിരുന്നില്ല. ഇതുപോലെ മറ്റൊരു കുട്ടിയുടെ മാനസിക വൈകല്യം അവളെ പഠിത്തത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിവില്ലാത്തവളാക്കി. അവളെ സ്ഥിരമായി ഹോസ്റ്റലിൽ 'അടുക്കള ഡ്യൂട്ടി'ക്കാണ് ഇട്ടിരുന്നത്.

ഈ വൈകല്യമുള്ള കുട്ടികളെ മറ്റു കുട്ടികൾ പരിഹസിക്കും. നിന്ദിക്കും. ഇതെന്നെ ഏറെ വേദനിപ്പിച്ചു. ചിലപ്പോഴൊക്കെ ഞാനവരെക്കുറിച്ചോർക്കും- "പാവങ്ങൾ, അവരെന്തു പിഴച്ചു? ജീവിതം കാലം മുഴുവൻ അവർ അവരുടെ അമ്മമാരുടെ പാപത്തിന്റെ ഫലം അനുഭവിക്കണമല്ലോ! ഇതിന്റെ കാരണമെന്താണ്?" ഈ നിഗൂഢതയ്ക്ക് ഒരു ഉത്തരം എത്ര ആലോചിച്ചിട്ടും എനിക്കു ലഭിച്ചില്ല. പക്ഷേ അവരുടെ സ്നേഹിതയാകണമെന്നു ഞാൻ തീരുമാനിച്ചു. അങ്ങനെ അവരുടെ ഇരുളടഞ്ഞ ജീവിതത്തിൽ കുറച്ചെങ്കിലും ആഹ്ലാദം കൊണ്ടുവരാൻ കഴിയുമല്ലോ. ഈ കാര്യത്തിനുവേണ്ടിയാണു ദൈവം എന്നെ ഈ ഹോസ്റ്റലിൽ ആക്കിയിരിക്കുന്നതെന്നും ഞാൻ കരുതി.

അമ്മമാർ മരിച്ചു പോയി രണ്ടാനമ്മമാരുടെ പീഡനങ്ങൾ സഹിക്കേണ്ടി വരുന്ന ചില പെൺകുട്ടികളും ഹോസ്റ്റലിലുണ്ടായിരുന്നു. അത്തരം പെൺകുട്ടികൾക്ക് എല്ലാസ്ത്രീകളോടും വെറുപ്പായിരുന്നു. മറ്റു ചില പെൺകുട്ടികൾ പിതാക്കന്മാരാൽ പോലും പീഡിപ്പിക്കപ്പെട്ടവരും അതുകൊണ്ടുതന്നെ പുരുഷവർഗ്ഗത്തെ മൊത്തത്തിൽ വെറുക്കുന്നവരുമായിരുന്നു. മറ്റു ചിലർ എല്ലാവരോടും ധിക്കാരത്തോടെ സംസാരിക്കും- ഭൂതകാലത്തിലെ ചില തിക്താനുഭവങ്ങൾ മൂലം അവർ എത്തിപ്പെട്ട മാനസികാവസ്ഥയായിരുന്നു ഇതിനു കാരണം.എന്നാൽ പെൺകുട്ടികളായ ഞങ്ങൾക്കെല്ലാവർക്കും മോശമായ മാനസികാവസ്ഥയുള്ള ചില ദിവസങ്ങൾ ഉണ്ടായിരുന്നു.

പക്ഷേ ഞങ്ങളുടെ വാർഡൻ ഞങ്ങളോട് എപ്പോഴും വളരെ ക്ഷമയോടെ പെരുമാറി. അവർ ഞങ്ങളോടൊത്തു സമയം ചെലവഴിച്ചു, ഞങ്ങളോടു സംസാരിച്ചു, ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. പലരും കർത്താവായ യേശുവിലേക്കു തിരിയാൻ അവർ മുഖാന്തരമായി. ഞങ്ങളുടെ ദേഷ്യം പിടിച്ചുള്ള പൊട്ടിത്തെറികൾ,മോശമായ മാനസികാവസ്ഥ,തെറ്റായ പെരുമാറ്റം എന്നിവയെയെല്ലാം അതിജീവിക്കാനുള്ള കൃപ ക്രമേണ ഞങ്ങൾ കണ്ടെത്തി. (തുടരും)

മൊഴിമാറ്റം : സാന്ദ്ര

# നിർമ്മല ഹൃദയവും ശുദ്ധമായ ജീവിതവും

*21-ാം പേജിൽ നിന്നു തുടർച്ച*

കാരമല്ല മറിച്ച് മതപരമായ അധികാരമാണ് ആളുകളുടെ മേൽ ചെലുത്തുന്നത്.

മടങ്ങിവന്ന ഇളയ മകനെ പിതാവ് സ്വീകരിച്ചപ്പോൾ അവന്റെ മൂത്ത സഹോദരൻ കോപിക്കുകയും (അസൂയയിൽനിന്ന് ഉടലെടുത്ത കോപം) വീട്ടിനുള്ളിൽ കടക്കാൻപോലും മനസ്സില്ലാതെ പുറത്തുനില്ക്കുകയും ചെയ്തു. അവന്റെ സ്വയ നീതീകരണം വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും വെളിവാകുന്നു. ഇളയ സഹോദരനെ സഹോദരനെന്നുപോലും വിളിക്കാൻ മനസ്സില്ലാതെ അവൻ അപ്പനോട് 'ഈ നിന്റെ മകൻ' എന്നാണു പറയുന്നത്. അവൻ തന്റെ ഇളയ സഹോദരനെ നിന്ദാപൂർവ്വം വീക്ഷിക്കുകയും അവനെക്കുറിച്ച് ഏറ്റവും മോശമായതു സങ്കൽപിക്കുകയും പറയുകയും ചെയ്യുന്നു. വേശ്യമാരോടുകൂടെ ജീവിച്ചു എന്നാണവനെക്കുറിച്ചു പറയുന്നത്. (ശരിക്കും അങ്ങനെ നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ മെനക്കെടാതെയാണ് ഇങ്ങനെ ആരോപിക്കുന്നത്.)

മൂത്ത സഹോദരൻ പിതാവിന്റെ എല്ലാ കൽപനകളും അനുസരിച്ചു പിതാവിന്റെ ഭവനത്തിൽ (സഭയിൽ) വിശ്വസ്തതയോടെ കഴിഞ്ഞവനായിരിക്കാം. പക്ഷേ അവന്റെ ഹൃദയം കഠിനവും ദൈവത്തിൽനിന്ന് അന്യപ്പെട്ടതുമായിരുന്നു.അവൻ മതഭക്തനാണ്, ആത്മീയനല്ല. സ്വയനീതീകരണവും പരീശമനോഭാവവും അവനിൽ കാണാം. പിതാവിന്റെ സന്തോഷത്തിൽ പങ്കുചേരാൻ അവനു കഴിയുന്നില്ല എന്നതുതന്നെ ഇതിനുള്ള തെളിവ്.

പരീശൻ എപ്പോഴും മ്ലാനവദനനും കർക്കശമായ നീതിബോധമുള്ളവനുമാണ്. പരിശുദ്ധാത്മാവിന്റെ സന്തോഷം അവനിൽ കണികാണാനില്ല. ദൈവരാജ്യത്തിന്റെ നീതിയെക്കുറിച്ചു ബൈബിൾ വളരെ വ്യക്തമായി പറയുന്നത് 'സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള നീതി' എന്നാണ് (റോമർ. 14:17).

പക്ഷേ പിതാവിനെക്കുറിച്ചു നാം വായിക്കുന്നതു പിതാവു തന്റെ പരീശ മനോഭാവക്കാരനായ മൂത്ത പുത്രനോട് അപേക്ഷിക്കേണ്ടതിനും പുറത്തേക്കു ചെന്നു എന്നാണ്.ദൈവബോധമുള്ള മൂപ്പന്മാർ (ഉപമയിലെ പിതാവിനെപ്പോലെ) മാനസാന്തരപ്പെടുന്ന പാപിയോടും പരീശനോടും കരുണ കാട്ടണം.എല്ലാ മൂപ്പന്മാരും ഇതുപോലെ ഹൃദയവിശാലതയുള്ളവരായിരിക്കണം.എന്നാൽ മാത്രമേ അവർക്ക് ആത്മീയ അധികാരം പ്രയോഗിക്കുവാൻ കഴിയൂ.

അംബരചുംബിയായ ഒരു കെട്ടിടം നിർമ്മിക്കുവാൻ വളരെ നാൾ എടുക്കുന്നതുപോലെ ഏറെ വിയർപ്പും കണ്ണീരും അധ്വാനവും ചെലവിട്ടാൽ മാത്രമേ ഒരു പ്രാദേശിക സഭയെ ക്രിസ്തുവിന്റെ ശരീരമായി പണിതെടുക്കുവാൻ കഴിയുകയുള്ളൂ.കെട്ടിടത്തെ ഒരു ബോംബുകൊണ്ട് നിമിഷങ്ങൾക്കുള്ളിൽ തകർക്കാൻ കഴിയുന്നതുപോലെ മറ്റുള്ളവർ ചെയ്ത പണിയെ വിമർശിക്കുവാനും വളരെ വേഗം കഴിയും. പ്രത്യകിച്ച് ആ പണിയിൽ നാം ഒരു തുള്ളി വിയർപ്പോ കണ്ണീരോ മുതൽ മുടക്കിയിട്ടില്ലെങ്കിൽ.

**മറഞ്ഞിരിക്കുന്ന മനോഭാവം വെളിപ്പെടും:**

നമ്മുടെ അന്തരംഗത്തിൽ - പ്രത്യേകിച്ച് നമുക്ക് എതിർപ്പുള്ള ചിലആളുകളോടുള്ള മനോഭാവത്തിൽ -നാം നിരന്തരം ശുദ്ധീകരണവും കഴുകലും പ്രാപിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം അത്തരം മനോഭാവങ്ങൾ ആന്തരിക അർബുദംപോലെ നമ്മെ ഒരുനാൾ നശിപ്പിക്കും.

നാം പഴയനിയമത്തിൽ ശൗൽ രാജാവിന്റെ ബന്ധുവായ ഒരു ശിമെയിയെക്കുറിച്ചു വായിക്കുന്നു.ശൗൽ മരിച്ച് ദാവീദ് ഇസ്രായേലിൽ രാജാവായപ്പോൾ മുതൽ ഈ മനുഷ്യൻ തന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ ദാവീദിനോട് പക സൂക്ഷിച്ചിരുന്നു.ദൈവം തന്നെയാണു ദാവീദിനെ രാജാവായി തെരഞ്ഞെടുത്തിരുന്നതെങ്കിലും ദാവീദ് ദൈവജനത്തെ ഭരിക്കുന്നതിൽ ശിമെയിക്ക് അത്ര സന്തോഷമില്ലായിരുന്നു. ശിമെയിയുടെ ഈ വൈരാഗ്യവും അസംതൃപ്തിയും അവന്റെ ഹൃദയത്തിൽ വളരെ നാൾ ഒളിഞ്ഞുകിടന്നു.ഒടുവിൽ അബ്ശാലോം പിതാവിനോടു മത്സരിക്കുകയും ദാവീദ് യെരുശലേം വിട്ട് ഓടിപ്പോകുകയും ചെയ്ത ദിവസം വന്നു (2 ശമു. 16:5-14). അന്ന് ശിമെയിയുടെ ഹൃദയത്തിൽ വളരെ നാളായി മറഞ്ഞുകിടന്നതു മറനീക്കി പുറത്തുവന്നു. ദാവീദ് ജീവനു വേണ്ടി പലായനം ചെയ്യുമ്പോൾ ശിമെയി വന്നു ദാവീദിനെ കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്നു. ദാവീദിനെ രക്തപാതകനെന്നു വിളിക്കുകയും കല്ലു വാരി എറിയുകയും ചെയ്യുന്നതു നാം കാണുന്നു. മറ്റുള്ളവർ പ്രയാസത്തിലാകുമ്പോഴാണ് അവരെക്കുറിച്ചു നമ്മുടെ മനസ്സിൽ മറഞ്ഞുകിടക്കുന്നതു പുറത്തു വരുന്നത്.

പക്ഷേ ദാവീദ് ശിമെയിയുടെ ശാപവചസ്സുകളെ ഗൗരവമായി എടുത്തില്ല.അവനോടു മഹാമനസ്കതയോടെ പെരുമാറി.പിന്നീട് അബ്ശാലോം കൊല്ലപ്പെട്ടു. ദാവീദ് രാജാവായി മടങ്ങിവന്നു. ഈ സമയത്തു ഭയപരവശനായ ശിമെയി ഓടി എത്തി - ദാവീദിനോട് മാപ്പപേക്ഷിക്കുവാൻ.ഇപ്രാവശ്യവും ദാവീദ് അവനോട് ഔദാര്യപൂർവം പെരുമാറുകയും ക്ഷമിക്കുകയും അവനെ കൊല്ലുകയില്ലെന്നു വാഗ്ദാനം ചെയ്യുകയും ഉണ്ടായി.

പക്ഷേ ശിമെയിയോടുള്ള ഉള്ളിലെ കയ്പിൽനിന്നു ദാവീദ് സ്വയം കഴുകൽ പ്രാപിച്ചില്ലെന്നതു വ്യക്തമാണ്. മരണത്തിനു തൊട്ടു മുൻപ് ദാവീദ് തന്റെ മകൻ ശലോമോനെ വിളിച്ചുപറയുന്നതു ശ്രദ്ധിക്കുക: 'ഞാൻ ശിമെയിയോടു ക്ഷമിക്കുകയും അവനെ കൊല്ലുകയില്ലെന്നു വാക്കുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അതു നിനക്കു ബാധകമല്ല. നീ ബുദ്ധിമാനാണ്. അവന്റെ നരയെ രക്തത്തോടെ പാതാളത്തിലേക്കയ്ക്കുവാൻ എന്തെങ്കിലും സമർത്ഥമായ മാർഗം കണ്ടെത്തുവാൻ നിനക്കു പ്രയാസമുണ്ടാകുകയില്ല.' നമുക്ക് അറിയാവുന്നിടത്തോളം അതായിരുന്നു ദാവീദിന്റെ അവസാന വാക്കുകൾ (1രാജ. 2:8-10). അങ്ങനെ അവൻ ശിമെയിയോടു പകവീട്ടിയശേഷം മരിക്കുന്നു. വളരെ വർഷങ്ങൾ ദൈവത്തിന്റെ മനുഷ്യനായിരുന്ന ദാവീദിന്റെ ഈ മരണം എത്ര ശോചനീയം.

പഴയ ഉടമ്പടിയുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ദാവീദിനെ നമ്മുടെ നിലവാരം വച്ചു നാം വിധിച്ചുകൂടാ. പുതിയ ഉടമ്പടിയിൽ നമ്മുടെ വിളി വളരെ ഉന്നതമാണ്.തിന്മയ്ക്കു പകരം തിന്മ ചെയ്യരുതെന്നും പ്രതികാരം ദൈവത്തിനുള്ളതാണെന്നുമാണു നമുക്കുള്ള പ്രബോധനം.

അതുകൊണ്ട് ആർക്കെങ്കിലും എതിരേ പ്രതികാരത്തിനുള്ള നേരിയ വാഞ്ഛയെങ്കിലും നമ്മുടെ ഹൃദയത്തിൽ ഒളിഞ്ഞുകിടപ്പുണ്ടോ എന്നു ദൈവമുമ്പാകെ നമുക്കു ഹൃദയപരിശോധന നടത്താം.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. (അവസാനിച്ചു)

## സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ

# കഷ്ടതയുടെ പിന്നിലെ രഹസ്യങ്ങൾ – 2

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

8. ഈ ജീവിതത്തിൽത്തന്നെ ഞാൻ എന്നിൽ വസിക്കുന്നവരുടെ കുരിശിലും കഷ്ടതയിലും പങ്കുകൊള്ളുന്നുണ്ട് (അപ്പൊ. പ്രവൃ. 9:4,5). ഞാൻ സ്രഷ്ടാവും അവർ സൃഷ്ടികളും ആകുന്നുവെന്നുവരികിലും ശരീരവും ആത്മാവും എന്നപോലെ ഞങ്ങൾ പരസ്പരബന്ധമുള്ളവരാണ്. ശരീരവും ആത്മാവും വ്യത്യാസപ്പെട്ടവ തന്നെയെങ്കിലും ശരീരത്തിന്റെ ഒരു നിസ്സാരമായ ഭാഗത്തു തട്ടുന്ന വേദനപോലും ആത്മാവു തൽക്ഷണം അറിയുന്നു. അതുപോലെതന്നെ ഞാൻ എന്റെ കുഞ്ഞുങ്ങളുടെ ജീവനും ആത്മാവും ആകുന്നു. അവരോ, എന്റെ ശരീരവും അതിന്റെ അംഗങ്ങളും തന്നെ. അവരുടെ സങ്കടങ്ങളിലും വേദനകളിലുമെല്ലാം ഞാൻ പങ്കുകൊള്ളുകയും തക്കസമയത്ത് അവയ്ക്കു നിവാരണമുണ്ടാക്കി കൊടുക്കുകയും ചെയ്യുന്നു.

9. ഞാൻ തന്നെ കുരിശു വഹിച്ചതുകൊണ്ട് കുരിശു വഹിക്കുന്നവരായ എല്ലാവരെയും അതികഠിനമായ കഷ്ടതകളിലും പ്രയാസങ്ങളിലും കൂടി ക്ഷേമമായി നടത്തുന്നതിനു ഞാൻ പ്രാപ്തനാണ്.നെബൂഖദ്നേസറിന്റെ ഭയങ്കരമായ തീച്ചൂളയിൽ ആ മൂന്നു യുവാക്കന്മാരോടുകൂടെ ഞാൻ ഉണ്ടായിരുന്നതുകൊണ്ടാണ് അവർക്കു യാതൊരു ഹാനിയും തട്ടാതിരുന്നത് (ദാനി. 3:23–25;1 പത്രൊ. 4:12,13). അതിനാൽ പരിശുദ്ധാത്മ സ്നാനം മൂലം പുതിയ ജീവൻ ലഭിച്ചിട്ടുള്ളവർ കഷ്ടതയോ ഉപദ്രവമോ വകവയ്ക്കുന്നില്ല.അവർ എന്നിൽ വസിക്കുന്നതുകൊണ്ടു നിത്യസൗഭാഗ്യവും ക്ഷേമവും അനുഭവിക്കുന്നു.

## II

1. വേനലിന്റെ കാഠിന്യംകൊണ്ടു വൃക്ഷങ്ങൾ ഇല പൊഴിഞ്ഞു മിക്കവാറും ജീവനില്ലാതെ നിൽക്കുമെങ്കിലും വർഷകാലമാകുമ്പോൾ അവ വീണ്ടും തളിർത്തു പുഷ്പിച്ചു ഫലങ്ങൾ പുറപ്പെടുവിക്കുന്നു.എന്റെ ക്രൂശാരോഹണവും പുനരുത്ഥാനവും സംബന്ധിച്ചും ഇതു വാസ്തവമായിരുന്നു.വിശ്വസ്തതയോടെ തങ്ങളുടെ കുരിശു വഹിക്കുന്നവരുടെ കാര്യത്തിലും ഇതു സത്യം തന്നെ (2 കൊരി. 4:8–12; 6:4–10). വഹിക്കുന്നതായ കുരിശ് അവരെ ഞെരുക്കി മൃതപ്രായരാക്കുന്നെങ്കിലും അവർ എന്നും എന്നേക്കും നിലനിൽക്കുന്നതായ നിത്യജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു.

2. ഒരു ആകാത്ത വൃക്ഷത്തിൽ





നിന്നു നല്ല ഫലം പുറപ്പെടേണ്ടതിന് അതിനെ നല്ല വൃക്ഷത്തോട് ഒട്ടിച്ചു ചേർക്കേണ്ടിയിരിക്കുന്നു.അതിനായി രണ്ടു വൃക്ഷങ്ങളുടേയും കൊമ്പുകൾ മുറിക്കേണ്ടത് ആവശ്യമാണ്.അപ്രകാരം തന്നെ പാപത്താൽ വിഷമേറ്റിരിക്കുന്നതായ മനുഷ്യന്റെ ദോഷ പ്രകൃതിയിലേക്കു പരിശുദ്ധമായ ആത്മീയ ജീവൻ കടത്തിവിടേണ്ടതിനു ഞാനും എനിക്കുശേഷം എന്നിൽ വിശ്വസിക്കുന്നവനും കുരിശിന്റെ അതിവേദന സഹിക്കേണ്ടത് ആവശ്യമായിരുന്നു.അവർ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും ദൈവത്തിന്റെ മഹത്വമേറിയ സ്നേഹം അവരിൽ വെളിപ്പെടേണ്ടതിനും ഇതാവശ്യമാണ്.

3. ലോകത്തിൽ മനുഷ്യർ നിങ്ങളെ പീഡിപ്പിക്കുകയോ ദുഷിക്കുകയോ ചെയ്താൽ നിങ്ങൾ ആശ്ചര്യപ്പെടേണ്ട, കാരണം, ഈ ലോകം നിങ്ങൾക്ക് ഒരു വിശ്രമസ്ഥലമല്ല, യുദ്ധക്കളമാണ്.ലോകർ നിങ്ങളെ സ്തുതിക്കുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം (ലൂക്കൊ. 6:26).കാരണം, നിങ്ങളും അവരെപ്പോലെ ദോഷവഴികളിലേക്കു തിരിഞ്ഞിരിക്കുന്നുവെന്നാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്.എന്റെ കുഞ്ഞുങ്ങളെ ലോകം സ്തുതിക്കുന്നത് അതിന്റെ സ്വഭാവത്തിനു വിപരീതമാണ്.വെളിച്ചത്തിനും ഇരുട്ടിനും തമ്മിൽ എന്താണ് ബന്ധം?ദുഷ്ട മനുഷ്യർ നിങ്ങളെ പ്രശംസിക്കുന്നെങ്കിൽ നിങ്ങൾക്ക് അതു മഹാദോഷമാണ്.എന്തെന്നാൽ അവരുടെ സ്വാധീനശക്തി നിങ്ങളുടെ ആത്മീയ ജീവനു പ്രതിബന്ധമായിത്തീരുകയും നിങ്ങളുടെ യഥാർത്ഥമായ ശ്രേയസ്സിനെ അതു തടയുകയും ചെയ്യുന്നു.

ലോകത്തിലോ, ലോകത്തിലുള്ള വരിലോ നിങ്ങളുടെ ആശ്രയം വയ്ക്കുന്നത് മണൽപ്പുറത്തു വീടു പണിയുന്നതുപോലെയാണ്.അടിസ്ഥാനം ബലമുള്ളതല്ലാത്തതിനാൽ ഇന്ന് അത് എത്ര ഭംഗിയോടെ ഉയർന്നു നിന്നാലും നാളെ അതു നിലംപതിച്ചു നിന്നോടു കൂടെ നശിച്ചുപോകും.പെസഹാ പെരുന്നാളിനു ഞാൻ യെരുശലേമിലേക്കു പോയപ്പോൾ അവിടെ ജനങ്ങൾ ഒരുമിച്ചു ഹോശാനാ വിളിച്ച് അട്ടഹസിച്ചെങ്കിലും മൂന്നു ദിവസങ്ങൾക്കുശേഷം അവർ തന്നെ 'ക്രൂശിക്ക ക്രൂശിക്ക' എന്നു നിലവിളിച്ചു പറഞ്ഞുവല്ലോ.പാപജീവിതത്തെക്കുറിച്ചു ഞാൻ ശാസിച്ചപ്പോഴാണ് അവർ ഇങ്ങനെ ചെയ്തത്.

4. വല്ല തെറ്റിദ്ധാരണയുടേയും ഫലമായി ദൈവഭക്തന്മാർതന്നെ ശത്രുക്കളായിത്തീർന്നു നിനക്ക് ഉപദ്രവകാരണമായി ഭവിക്കുന്നുവെങ്കിൽ അതു നിർഭാഗ്യമായി വിചാരിക്കേണ്ട.എന്നാൽ പരമാർത്ഥതയോടെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൻ കീഴിൽ നിന്റെ മുറ ശരിയായി നിവർത്തിക്കുന്നെങ്കിൽ ദൈവവും ദൂതഗണങ്ങളും നിനക്കു തുണയായിട്ടുണ്ടെന്നു മനസ്സിലാക്കുക.ഒരിക്കലും അധൈര്യപ്പെടരുത്.കാരണം നിന്റെ എല്ലാ നല്ല ഉദ്ദേശ്യങ്ങളും സ്വാർഥരഹിതമായ സ്നേഹവും സർവലോകത്തിനും പ്രത്യക്ഷമാകുവാനുള്ള നാൾ ആസന്നമായിരിക്കുന്നു.പ്രവൃത്തിക്കും വിശ്വസ്ത ശുശ്രൂഷയ്ക്കും അനുസരണമായ ബഹുമാനം സർവലോകരുടേയും മുമ്പിൽ നിനക്കു ലഭിക്കും.

(തുടരും)

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-29

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണ്ണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസ്റ്ററിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു.*

## പ്രാർത്ഥനയുടെ ശക്തി

**കോളജിന്റെ** ആദ്യവർഷങ്ങളിൽ തന്നെ റീസ് പ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. മധ്യസ്ഥപ്രാർത്ഥനകൾക്കായി ജീവിതം സമർപ്പിച്ച ആളായിരുന്നല്ലൊ റീസ്. അതു കൊണ്ടു തന്നെ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചും അതിന് അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവുണ്ടെന്നതിനെക്കുറിച്ചും റീസിന് ആഴമേറിയ ബോധ്യം ഉണ്ടായിരുന്നു. ഈ ബോധ്യം പുതിയ തലമുറയ്ക്കു കൈമാറാൻ റീസ് ആഗ്രഹിച്ചു.

അതുകൊണ്ട് കോളജിന്റെ തുടക്കം മുതൽ കുട്ടികളെ ഒന്നിച്ചുചേർത്ത് പല വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. ഇങ്ങനെ പ്രാർത്ഥിച്ച് ദേശീയ തലത്തിൽ തന്നെ പല വിഷയങ്ങൾക്കും മറുപടി കിട്ടി. രാജ്യത്തെ സംബന്ധിച്ച് അത്ഭുതകരമായി മറുപടി ലഭിച്ച രണ്ടു കാര്യങ്ങളെക്കുറിച്ചു മാത്രം ഇവിടെ പ്രതിപാദിക്കാം.

1928 ലാണ് ആദ്യ സംഭവം.ഇംഗ്ലണ്ടിലെ ദേശീയ സഭയായ ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ പുതിയ പ്രാർത്ഥനാ പുസ്തകം കൊണ്ടു വരുന്നു എന്നത് അന്ന് ഏറെ ചർച്ചയായിരുന്നു. സഭയിലെ ഏറെക്കുറെ എല്ലാബിഷപ്പുമാരും പുതിയ പ്രാർത്ഥനാ പുസ്തകം കൊണ്ടുവരുന്നതിന് അനുകൂലമായിരുന്നു. റോമൻ കത്തോലിക്കാ സഭയുടെ രീതികളുമായി ചേർന്നു പോകുന്നതായിരുന്നു പുതിയ പ്രാർത്ഥനാ പുസ്തകം. പക്ഷേ ഉത്തരവാദിത്തപ്പെട്ട ആരും അതു ഗൗരവമായി എടുത്തതായി തോന്നിയില്ല. പാർലമെന്റും പ്രാർത്ഥനാ പുസ്തകത്തിന് അനുകൂലമായ തീരുമാനം എടുക്കുമെന്നായിരുന്നു പത്രങ്ങളുടെ റിപ്പോർട്ട്.

എന്നാൽ പെട്ടെന്ന് ഒരു ദിവസം റീസിനോട് പരിശുദ്ധാത്മാവു സംസാരിച്ചു:ഇതു പാസ്സാകാതെ കാക്കാൻ കർത്താവിനു കഴിയുമെന്നു വിശ്വസിക്കുന്നുണ്ടോ എന്നായിരുന്നു പരിശുദ്ധാത്മാവ് റീസിനോടു ചോദിച്ചത്. അങ്ങനെ വിശ്വസിക്കുന്നുവെങ്കിൽ അന്ന് ഉച്ചകഴിഞ്ഞുതന്നെ കോളേജിലെ വിദ്യാർത്ഥികളുടെയും സ്റ്റാഫിന്റെയും ഒരടിയന്തരയോഗം വിളിച്ച് ഇക്കാര്യം പറഞ്ഞു പ്രാർത്ഥിക്കാനായിരുന്നു പരിശുദ്ധാത്മാവിന്റെ നിർദ്ദേശം.ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ പുതിയ പ്രാർത്ഥനാ പുസ്തകം വരുന്നതിനെതിരെ പാർലമെന്റ് നിലപാടെടുക്കാൻ വേണ്ടി വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുകയോ? പാർലമെന്റും താനും തമ്മിൽ എന്തുബന്ധം?- റീസ് അമ്പരന്നുപോയി. രാവിലെ പത്തുമുതൽ ഒരു മണിവരെ റീസ് ഇക്കാര്യവുമായി പ്രാർത്ഥനയിൽ പോരാടി. ഒടുവിൽ ഒരു മണിയായപ്പോൾ തീരുമാനമായി- മീറ്റിംഗ് വിളിക്കുക തന്നെ!

ഉച്ചകഴിഞ്ഞുള്ള കോളജിലെ ലക്ചർക്ലാസ്സുകൾ റദ്ദാക്കി. എല്ലാവരെയും വിളിച്ചു കൂട്ടി. പരിശുദ്ധാത്മാവു നൽകിയഭാരവും പുതിയ പ്രാർത്ഥന പുസ്തകത്തിനെതിരെ ജനപ്രതിനിധികൾ വോട്ടു ചെയ്യാൻ അവരെ പ്രേരിപ്പിക്കത്തക്കവണ്ണം പ്രാർത്ഥനയിൽ പോരാടേണമെന്ന നിയോഗവും റീസ് ജനത്തിന്റെ മുമ്പാകെ വിശദമായി വിവരിച്ചു. തുടർന്നു പ്രാർത്ഥന ആരംഭിച്ചു. വിജയത്തെക്കുറിച്ചു കർത്താവു പൂർണ്ണ ഉറപ്പു നൽകുന്നതുവരെ യോഗം നീണ്ടുപോയി.

എന്നാൽ പിറ്റേന്നു പത്രം വന്നപ്പോൾ പ്രതീക്ഷകളെല്ലാം തകിടം മറിഞ്ഞു. പാർലമെന്റിന്റെ പ്രഭുസഭയിൽ ഇതു സംബന്ധിച്ചു വോട്ടെടുപ്പു നടക്കുകയും പുതിയ പ്രാർത്ഥനാ പുസ്തകം കൊണ്ടു വരുന്ന കാര്യം പ്രഭുസഭ വൻ ഭൂരിപക്ഷത്തോടെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

പക്ഷേ പ്രഭുസഭയുടെ തീരുമാനം അല്ല പ്രധാനം. ജനപ്രതിനിധിസഭയ്ക്ക് പ്രഭുസഭയുടെ തീരുമാനം റദ്ദുചെയ്യാനും പുതിയ പ്രാർത്ഥനാ പുസ്തകം വേണ്ടെന്നു തീരുമാനിക്കാനുമുള്ള അവകാശം ഉണ്ട്.ജനപ്രതിനിധിസഭയിൽ ഇക്കാര്യം പരിഗണനയ്ക്ക് അന്നാണു വരുന്നത്.

പരിശുദ്ധാത്മാവ് റീസിന് ഉറപ്പു നൽകി: "സംശയിക്കാതെ മുന്നോട്ടു പോകുക." അന്നും പ്രാർത്ഥന തുടർന്നു.

അതിന്റെ ഫലം അത്ഭുതാവഹമായിരുന്നു. അന്നു പാർലമെന്റിന്റെ ജനപ്രതിനിധിസഭയിൽ ഈ ബിൽ പരിഗണനയ്ക്കു വന്നപ്പോൾ നാടകീയമായ രംഗങ്ങൾ അവിടെ ഉണ്ടായി.ദേശീയ സഭയിൽ റോമൻ ആധിപത്യത്തിന്റെ നുഴഞ്ഞുകയറ്റം ഒരു കാരണവശാലും അനുവദിക്കുകയില്ലെന്നു ചില അംഗങ്ങൾ അതിശക്തമായ വാദഗതികൾ ഉയർത്തിക്കൊണ്ടു വ്യക്തമാക്കി.ചിലർ അതിനു മുൻപൊരിക്കലും പ്രകടമാക്കിയിട്ടില്ലാത്ത വാഗ്വിലാസത്തോടെ ശ്രദ്ധേയമായ പ്രകടനം തന്നെ ജനപ്രതിനിധി സഭയിൽ നടത്തി.ജനപ്രതിനിധി സഭയുടെ അന്തരീക്ഷം തന്നെ മതപരമായ ഒരു മീറ്റിംഗു പോലെ തോന്നിച്ചുവെന്നായിരുന്നു റിപ്പോർട്ട്.ഒടുവിൽ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ജനപ്രതിനിധി സഭയുടെ തീരുമാനം വന്നു- പുതിയ പ്രാർത്ഥനാ പുസ്തകം വേണ്ടെന്ന് വൻഭൂരിപക്ഷത്തോടെയുള്ള തീരുമാനം.പക്ഷേ ഇങ്ങനെ സംഭവിക്കുമെന്നു റീസിനു നേരത്തെ അറിയാമായിരുന്നു.

"തലേന്ന് ഉച്ചയ്ക്കു തന്നെ വിജയം സംബന്ധിച്ചു ദൈവം ഞങ്ങൾക്ക് ഉറപ്പു നൽകിയിരുന്നല്ലോ."

രാജ്യത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നത്തിനായി റീസും കൂട്ടരും പ്രാർത്ഥനയിൽ പോരാടിയ മറ്റൊരു സംഭവം 1936 ലാണ്.എഡ്വേർഡ് എട്ടാമൻ രാജാവിന്റെ വിവാഹത്തോടനുബന്ധിച്ച് ദേശവ്യാപകമായി വലിയ വിവാദം ഉണ്ടായി (രാജാവ് സഭാചട്ടങ്ങൾക്കു വിരുദ്ധമായ ഒരു വിവാഹത്തിനു തയ്യാറായ സന്ദർഭം. ഒന്നുകിൽ രാജാവ് ആ വിവാഹത്തിൽ നിന്നു പിന്മാറണം, അല്ലെങ്കിൽ സിംഹാസനം വിട്ടു മാതൃക കാട്ടണം എന്നു സഭയും വിശ്വാസികളും നിലപാടെടുത്തതാണു സാഹചര്യം.) ഈ ഘട്ടത്തിലും ദൈവനാമം ദുഷിക്കപ്പെടാതിരിക്കാൻ കാര്യങ്ങൾ ദൈവഹിതപ്രകാരം ക്രമീകരിക്കപ്പെടാതായി കോളജ് പ്രാർത്ഥനയിൽ ഒരു നിലപാടെടുത്തു.കോളജിലെ ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ സംബന്ധിച്ചു രേഖപ്പെടുത്തുന്ന ഡയറിയിൽ ആ കാര്യങ്ങൾ എഴുതിയിരിക്കുന്നത് ഇങ്ങനെ:

ഡിസംബർ നാല്: രാജാവിന്റെ വിവാഹം സംബന്ധിച്ചുള്ള വാർത്തകൾ ഇന്നത്തെ പത്രത്തിൽ വന്നു.രാജ്യത്തെ സംബന്ധിച്ച കാര്യം എത്ര പ്രധാനപ്പെട്ടതാണെന്നു ഡയറക്ടർ ചൂണ്ടിക്കാട്ടി. ഞങ്ങൾ വൈകുന്നേരം ഒത്തുകൂടി ഇക്കാര്യത്തിനായി പ്രാർത്ഥിക്കാൻ ആരംഭിച്ചു. രാജാവിനും, ഈ പ്രതിസന്ധിയുമായി ബന്ധപ്പെട്ട എല്ലാവർക്കും, വിവേകവും വിവേചനവും നൽകാനുമായിരുന്നു ഞങ്ങളുടെ പ്രാർത്ഥന.

ഡിസംബർ അഞ്ച്:കോളജിൽ സമ്പൂർണ പ്രാർത്ഥനാ ദിനം.ഇംഗ്ലണ്ടിലെ സാഹചര്യം അതീവസങ്കീർണമാണ്. കാരണം ഇക്കാര്യം ഇംഗ്ലണ്ടിനെ മാത്രമല്ല മുഴുവൻ ബ്രിട്ടീഷ് സാമ്രാജ്യത്തെയും ബാധിക്കുന്നതാണല്ലോ.

ഡിസംബർ ആറ്: കോളജിൽ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിവസം. ഞങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യത്തിനായും ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കപ്പെടേണ്ടതിനായും പ്രാർത്ഥിക്കേണ്ടതുണ്ട്. എഡ്വേർഡു രാജാവു സിംഹാസനം ഉപേക്ഷിക്കണമെന്നു തന്നെയാണു ദൈവഹിതം എന്നു ഞങ്ങൾക്കു ബോധ്യമായി. മിസ്റ്റർ റീസ് ഹൊവൽസ് ഈ പോരാട്ടത്തിൽ ഒരു സിംഹത്തെപ്പോലെ ഇങ്ങനെ പ്രഖ്യാപിച്ചു: "എഡ്വേർഡ് ഇനി ഭരിക്കുകയില്ല; അല്ലെങ്കിൽ ദൈവം എന്നോടു സംസാരിച്ചിട്ടില്ല''.വൈകുന്നേരത്തെ പ്രാർത്ഥനയിൽ അത്ഭുതകരമായ വിജയം കൈവന്നതായ ബോധ്യം ഞങ്ങൾക്കുണ്ടായി.

ഡിസംബർ ഏഴ്: തലേന്നു ലഭിച്ച വിജയത്തിൽ നന്ദി പറയാനുള്ള ഒരു സ്തോത്രപ്രാർത്ഥനയായിരുന്നു ഇന്നത്തേത്. കഴിഞ്ഞയാഴ്ച അവസാനം രാജാവ് തന്റെ അധികാരം മുറുകെപ്പിടിക്കുമെന്ന വാശിയിലായിരുന്നു.പക്ഷേ ഈ ദിവസം ആയപ്പോഴേക്കും അദ്ദേഹത്തിന്റെ മനോഭാവത്തിൽ മാറ്റം വന്നു.സാമ്രാജ്യത്തിനു നല്ലത് ഏതാണെന്നു വച്ചാൽ അതുചെയ്യാം എന്ന സമവായത്തിന്റെ നിലപാടിലേക്ക് രാജാവു വന്നു എന്നാണ് ഇന്നത്തെ പത്രങ്ങൾ പറയുന്നത്!

ഡിസംബർ ഒൻപത്: ദൈവഹിതം അനുസരിച്ചുള്ള ഒരു തീരുമാനത്തിലെത്താൻ ദൈവം എഡ്വേർഡ് രാജാവിനെ സഹായിക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹവും അനുഗ്രഹിക്കപ്പെടട്ടെ!

ഡിസംബർ 10: കർത്താവു രാജ്യത്തെ നിയന്ത്രിക്കാനായി പ്രാർത്ഥിക്കാൻ ഞങ്ങൾ രണ്ടരയ്ക്കുകൂടി. ഇപ്പോഴിതാ എഡ്വേർഡ് എട്ടാമൻ രാജാവിന്റെ സ്ഥാനത്യാഗം സംബന്ധിച്ച വാർത്ത വന്നിരിക്കുന്നു!

ഡിസംബർ 11: പരിശുദ്ധാത്മാവിന്റെ നടത്തിപ്പുകൾ വിശ്വസിക്കുന്നതിന് ഇടയാക്കിയതിൽ ഞങ്ങൾ നന്ദി പറഞ്ഞു.





കർത്താവു രാജ്യത്തെ രക്ഷിച്ചു. ദൈവിക നിലവാരം നമ്മുടെ രാജ്യത്തു നിലനിർത്താനും അവിടുന്ന് ഇടയാക്കി.

ദക്ഷിണവെയിൽസിൽ കോളജിന് ഒട്ടേറെ അഭ്യുദയകാംക്ഷികൾ ഉണ്ടായിരുന്നു. അവരിൽ പലരും മിക്കപ്പോഴും കോളജ് സന്ദർശിക്കും. അവർ അവിടെയുള്ള കൂട്ടായ്മകൾ, യോഗങ്ങൾ തുടങ്ങിയവയിൽ നിന്ന് അനുഗ്രഹവും ഉത്സാഹവും പ്രാപിക്കും. അവർ കോളജിന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായും പിൻതുണയ്ക്കും. അവരിൽ പലരേയും ആത്മീയമായും പ്രയോഗികമായും സഹായിക്കുവാൻ റീസിനു കഴിഞ്ഞു. അത്തരം ചില സംഭവങ്ങളിതാ:

കോളജിന്റെ തുടക്കം മുതൽ അതിന്റെ അഭ്യുദയകാംക്ഷിയും സ്നേഹിതനുമായിരുന്ന ഒരാൾ തന്റെ ബിസിനസ്സിൽ വൻ തകർച്ച നേരിട്ടു. കടക്കാർ അയാളെ ഞെരുക്കാൻ തുടങ്ങി. നിരാശയോടെ അദ്ദേഹം ഒരിക്കൽ റീസിനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു: "റീസ് ഹൊവൽസ്, താങ്കൾ ഇനി ഞങ്ങളുടെ രഥത്തിന്റെ ചാടുകൾ ഊരിപ്പോകുവാൻ മാത്രം ദൈവത്തോടു പ്രാർത്ഥിച്ചാൽ മതി" (പുറപ്പാട് 14:25).

ബിസിനസ്സിനു ഷട്ടർ ഇട്ട് എല്ലാം അവസാനിപ്പിക്കാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു റീസിനു മനസ്സിലായി. "നിങ്ങൾ അങ്ങനെ ചെയ്യരുത്. നിങ്ങളുടെ കുഞ്ഞുങ്ങൾ എന്തു ചെയ്യും? അതോർക്കുക."

റീസ് അദ്ദേഹത്തെ ധൈര്യപ്പെടുത്തി. ബാങ്കിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിനു ബിസിനസ്സ് മുന്നോട്ടു കൊണ്ടുപോകാൻ വേണ്ട ക്രമീകരണം അവിടെ നടത്തി. അന്നു മുതൽ അദ്ദേഹത്തിന്റെ സ്ഥിതി മെച്ചപ്പെട്ടു. പിന്നീട് അനേകവർഷങ്ങൾ അദ്ദേഹം മുട്ടില്ലാതെ ജീവിക്കുകയും കോളജിന് എപ്പോഴും വിശ്വസിക്കാവുന്ന വിശ്വസ്തനായ അഭ്യുദയകാംക്ഷിയായി തുടരുകയും ചെയ്തു!

കോളജിന്റെ മറ്റൊരു സ്നേഹിതനും യോഗങ്ങൾക്കു സ്ഥിരമായി വരുന്ന ആളുമായി റീസിന്റെ സഭയിൽ ഒരു ഡീക്കനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബിസിനസ്സും അധോഗതിയായി. ഹൃദയഭാരത്തോടെ ഒരു ദിവസം ഇദ്ദേഹം റീസിനെ കാണാൻ വന്നു പ്രാർത്ഥിക്കാനായി അപേക്ഷിച്ചു. ചില ദിവസങ്ങൾക്കുശേഷം റീസ് അദ്ദേഹത്തിന്റെ വീട്ടിൽചെന്നപ്പോൾ വീട്ടു സാധനങ്ങൾ എല്ലാം വിറ്റിരിക്കുന്നു!വീട്ടിലെ അമ്മയും മകളും കരച്ചിലോടു കരച്ചിൽ! എന്നാൽ ദൈവം റീസിനോടു സംസാരിച്ചു. അതനുസരിച്ച് അവരുടെ ആവശ്യങ്ങളെല്ലാം താൻ നിറവേറ്റിക്കൊള്ളാമെന്ന് റീസ് ഉറപ്പു പറഞ്ഞു.അവരുടെ കണ്ണീർ, ആനന്ദക്കണ്ണീരായി മാറി!

മറ്റൊരു സന്ദർഭത്തിൽ റീസിനു നികുതിപ്പണമായി നാല്പതു പൗണ്ട് കെട്ടേണ്ടതുണ്ടായിരുന്നു. റീസിന്റെ മറ്റൊരു സ്നേഹിതനും നികുതി അടയ്ക്കേണ്ട ആവശ്യത്തിലായിരുന്നു. അദ്ദേഹത്തിന് എട്ടു പൗണ്ടുമാത്രം അടച്ചാൽ മതി. ഒടുവിൽ ഇരുവർക്കും നികുതി കെട്ടേണ്ട അവസാന ദിവസമെത്തി. റീസു നോക്കിയപ്പോൾ തന്റെ കയ്യിൽ ആകെയുള്ളത് എട്ടു പൗണ്ടുമാത്രം! അദ്ദേഹം ആ പണവുമായി സ്നേഹിതന്റെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹവും ഭാര്യയും അവിടെ മുഴങ്കാലിൽ നിന്നു പണത്തിനായി പ്രാർത്ഥിക്കുകയാണ്. "നിങ്ങൾക്കു പ്രാർത്ഥന നിർത്താം. ഇതാ പണം!"- റീസ് വിളിച്ചു പറഞ്ഞു. അവർ സന്തോഷത്തോടെ പ്രാർത്ഥനയുടെ മറുപടിയായി ആ എട്ടു പൗണ്ടു സ്വീകരിച്ചു. എന്നാൽ താനും ഇതേ ആവശ്യത്തിലാണെന്ന് ഒരു വാക്കുപോലും റീസ് അവരോടു പറഞ്ഞില്ല. അദ്ദേഹം മെല്ലെ

തിരിച്ചു നടന്നു. ഒടുവിൽ വീട്ടിലെത്തിയപ്പോൾ അവിടെ ഒരാൾ എത്തിച്ച സംഭാവന റീസിനെ കാത്തിരിക്കുന്നു. എണ്ണി നോക്കിയപ്പോൾ കൃത്യം 40 പൗണ്ട്!.

മറ്റൊരു സന്ദർഭത്തിൽ റീസിന് ആ ദിവസം തന്നെ ഒരു നിശ്ചിത തുക വേണം. അദ്ദേഹം പ്രാർത്ഥിക്കുവാൻ തുടങ്ങി. കോളജിന്റെ നടത്തിപ്പിന് ഉദാരമായി സ്ഥിരമായി സംഭാവന ചെയ്യാറുള്ള ഒരു വനിത അന്നുതന്നെ കോളജിൽ വന്നു. അവർ പതിവുപോലെ ഒരു തുക നൽകി. അത് അന്നത്തെ ആവശ്യത്തിനു മതിയായതായിരുന്നു.

എന്നാൽ റീസ് നോക്കിയപ്പോൾ ആ സഹോദരിയുടെ മുഖത്തിന് ഒരു തെളിച്ചമില്ല. എന്തോ വലിയ മനോവ്യസനം അവൾക്കുള്ളതുപോലെ. അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത്, അവളുടെ മരുമകനെതിരെ ഒരു കേസ് നിലവിലുണ്ട്. അതിന്റെ വിധി അടുത്ത ദിവസം വരും. വിധി എതിരായാൽ മരുമകനു ജയിൽ വാസം ഉറപ്പ്. ഇക്കാര്യത്തിനായി പ്രാർത്ഥിക്കണമെന്ന് അവൾ ആവശ്യപ്പെട്ടു.

റീസ് അവൾ കൊണ്ടുവന്ന പണത്തിനായി ആദ്യം പ്രാർത്ഥിച്ചു. തുടർന്നു സംഭവിച്ച കാര്യങ്ങൾ റീസ് ഇങ്ങനെയാണു വിവരിക്കുന്നത്: “പക്ഷേ ഈ സംഭാവന എന്റെ കണ്ണുകളെ കുരുടാക്കരുത്. അവൻ യഥാർത്ഥത്തിൽ കുറ്റം ചെയ്തവനാണെങ്കിൽ ദൈവത്തിന് എങ്ങനെ അവനെ വെറുതെ വിടാൻ കഴിയും? എനിക്കെങ്ങനെ അതിനു വേണ്ടി പ്രാർത്ഥിക്കാൻ കഴിയും? ഇതേ സമയം അവൻ കുറ്റമൊന്നും ചെയ്തിട്ടില്ലെന്ന് ഇരിക്കട്ടെ. എങ്കിൽ ദൈവം ആ നിരപരാധിയെ രക്ഷിക്കാതിരിക്കുമോ? ദൈവം അവനെ മോചിപ്പിക്കുകയില്ലേ?..... ഞാൻ ധർമ്മസങ്കടത്തിലായി.

“ഏതായാലും ഞാൻ മുകളിലത്തെ നിലയിലേക്കു പ്രാർത്ഥിക്കാൻ പോയി. ഏറെ നേരം പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ കർത്താവ് എന്നോടു പറഞ്ഞു: അവൻ കുറ്റവാളിയല്ല. അവനെ സ്വതന്ത്രനായി വിടും.”

ഞാൻ താഴെ വന്ന് വീണ്ടും ആ സഹോദരിയോടു സംസാരിച്ചു: “ദൈവമാണോ നിന്നെ ഇന്ന് ഇങ്ങോട്ട് അയച്ചത്? ഇതിന്റെ മറുപടി എന്നിലൂടെ ലഭിക്കുമെന്നു കർത്താവു നിന്നോടു പറഞ്ഞോ?”

ഉവ്വെന്ന് അവൾ പറഞ്ഞു.

അപ്പോൾ ഞാൻ പറഞ്ഞു: “ശരി, നിനക്കു കരയണമെങ്കിൽ ഇപ്പോൾ ഇഷ്ടം പോലെ കരഞ്ഞുകൊള്ളു. ഞാൻ മറുപടി പറഞ്ഞശേഷം ഒരു തുള്ളി കണ്ണുനീരുപോലും പൊഴിച്ചേക്കരുത്.സമ്മതമാണോ?”

“സമ്മതം”

“ശരി, എങ്കിൽ കേട്ടോളൂ. അവൻ നിരപരാധിയാണ്. അവനെ കോടതി സ്വതന്ത്രനായി വിട്ടയയ്ക്കും”.

അവൾ വീട്ടിലേക്കു മടങ്ങി; അവളുടെ മുഖം പിന്നെ വാടിയതുമില്ല.

ഒടുവിൽ വിധി പ്രഖ്യാപിക്കുന്ന ദിവസമെത്തി. പക്ഷേ ജൂറിമാർക്ക് ഏകാഭിപ്രായത്തിൽ എത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് വിധി പ്രഖ്യാപനം രണ്ടു ദിവസത്തേക്കുനീട്ടി.

പക്ഷേ രണ്ടു ദിവസം കഴിഞ്ഞു കേസ് വിശദമായി പരിശോധിച്ചപ്പോൾ ഒരു സാക്ഷി നേരത്തെ പറഞ്ഞമൊഴിയിൽ മാറ്റം വരുത്തിയതായി ജഡ്ജിക്കു ബോധ്യമായി.പ്രോസിക്യൂഷന്റെ വാദം അതോടെ പൊളിഞ്ഞു. ജഡ്ജി കേസ് തള്ളി. ആ മനുഷ്യനെ നിരപരാധിയായി കണ്ട് സ്വതന്ത്രനായി വിട്ടയച്ചു.

റീസ് നേരത്തെ പറഞ്ഞതുപോലെ തന്നെ എല്ലാം സംഭവിച്ചു. ആ വാർത്ത പട്ടണം മുഴുവൻ പരന്നു.

(തുടരും)

❖





Youth Section




# What is the Baptism In The Holy Spirit

## - Part II

**Sandeep Poonen**

***Question:***

Can you please help me understand how I can receive the baptism in the Holy Spirit?

***Answer:***

Last month, I shared the first part of my answer to the question of the baptism in the Holy Spirit. I want to share the remaining points now.

**6. Another phrase to help us to understand "baptism in" or being "filled with" the Holy Spirit is the phrase "full of the Holy Spirit" (Acts 7:55; Act 11:24)**

If we seek to constantly be "full" of the Holy Spirit, we will make sure that we never seek for an experience but rather for a continuous lifestyle. A vehicle that is always "full" of gasoline is guaranteed to have the fuel to be able to move. But if we base our lives on an experience or a past "filling" (from even a week ago), then we are in danger of running dry.

**7. The primary proof of the baptism/filling with/being full of the Holy Spirit is an increased longing for and evidence of holiness.**

This is why He's called the HOLY Spirit. If He was the Laughing Spirit, He would primarily be known for making people laugh. If He was the Crying Spirit, He would primarily be known for making people cry. *But if we receive the Holy Spirit, He will primarily be known for making His people holy*!

Ask yourself honestly what proof you have or seek that you have received the Holy Spirit? Is it a feeling or emotion? Or is a definitive difference in your view of sin and the holiness of God? I find that very few Christians use this very-obvious test to identify the Holy Spirit. *That is why many remain deceived about the Holy Spirit.*

**8. The Holy Spirit has not been given to *overpower* the sins within us.**

**He has been given to us as a Helper – so that WE can overcome sins with His help.**

The Holy Spirit is all-powerful because He is God. But He is restricted in His operations with humans by God's sovereign plan. So the Holy Spirit has been given to us to _help_ us win the battle against sin, but He will never fight sin all by Himself. So, on the one hand, we simply cannot win the battle against sin without the Holy Spirit. And yet on the other hand, the Holy Spirit does not magically overcome sin for us while we sit and watch. WE are the ones who must fight and overcome sin, by using the help of the Holy Spirit. *Romans 8:13*: *…if by the Spirit you put to death the deeds of the body, you will live.*

The story of Jesus fighting the devil in the wilderness wonderful illustrates this (Matthew 4:1-10). Now Jesus overcame sin here on earth as a man. Jesus was fully God and fully man, but He overcame sin as a man, because God cannot be tempted (James 1:13). That is why Jesus is our example in overcoming sin. And we see that He always wielded the Sword of the Holy Spirit, the Word of God (Ephesians 6:17), to defeat every temptation to sin. So we too must wield the Sword of the Spirit to fight every last temptation to sin.

**9. The baptism/filling of the Holy Spirit for power over sin is done by Jesus in each person. The Holy Spirit does not fall on a whole church to give all of them power over sin.**

Paul, who was undoubtedly baptized/filled with the Holy Spirit, speaks very little of seeking for the "baptism in the Holy Spirit" to live a holy life. He primarily speaks about the active part we have to play to live a holy life, while seeking to be filled with the Holy Spirit.

*Sin will not suddenly become significantly simpler to avoid if I am baptized or filled with or full of the Holy Spirit.* My flesh will always be attracted to the passing pleasures of sin.

*But sin will suddenly become significantly easier to overcome as I use the powerful Sword of the Holy Spirit to fight my flesh (Romans 8:1-13).*

We must realize something very important: Victory over sin is not a one-time event. It is a lifestyle. The Holy Spirit will _never_ change us such that we CANNOT sin anymore. He has been given to help us so that we WILL NOT sin anymore. The Holy Spirit has been given so that we see God differently, and so that we see Jesus differently, and so that we see holiness differently. And as a result of this changed viewpoint that the Holy Spirit helps us see, we will also respond to sin differently. *But till the end of our lives, it will be a choice we have to consistently make by the Spirit's help*. This is why we need to persist in our hunger (need) and in our asking for the Holy Spirit even for our own sins.

**10. The baptism/filling of the Holy Spirit in Acts 2 changed the disciples**





**to stand up as united and bold witnesses for Him. It did not give the disciples victory over sin**

There is zero evidence that the events in Acts 2 gave the disciples instant victory over their sins in their inner life. What we do see it give them is a unity and a boldness to proclaim the message of Jesus.

So also, it is this UNITY and BOLDNESS is what we look for within a GROUP of people (church) who seek for the baptism in the Holy Spirit. The local church seeks for a unity in our primal desire to love God completely and to hate all sin. And we seek for a boldness that helps us speak prophetically about the power of God to conquer all the sin and dead works that we find inside of us.

For victory over sin, each of the disciples had to work out their own salvation individually with fear and trembling, and consider themselves dead to sin, and not set their minds on the things of the flesh, and crucify the flesh with its passions and desires, and so on. And to the extent that each disciple was individually faithful to listen to the Holy Spirit, he/she was able to live in victory over their sins. That is why that two sold-out Christians who had both been filled with the Holy Spirit and sought to live full of the Holy Spirit (Peter and Paul) had two opposite responses to interacting with non-Jews (we read this in Galatians 2:11-21). Peter was filled with the Holy Spirit but yet had failed in this instance to listen to the Holy Spirit in how to interact with the Gentiles. So Paul confronted Peter for this sinful attitude.

**11. The baptism/filling of the Holy Spirit in Acts 2 gave the disciples gifts with which to minister to others**

Jesus began His public ministry at the age of 30 when He came out of the waters of baptism and the Holy Spirit rested on Him through the symbol of a dove. He was perfectly sinless up until then. But this fresh "resting upon" Jesus was for the gifts He would need to help others in His public ministry. So also, the present Body of Christ (every local church) needs to be anointed with the gifts of the Holy Spirit to build itself up and help others. So the church needs to continuously seek to be baptized/filled/full of the Holy Spirit, so that we can help others as the Church of Jesus Christ, and not as just a social service group.

**12. The baptism/filling of the Holy Spirit is performed by Jesus and confirmed by the Word**

We are commanded to baptize people in water (Matthew 28:19). But Jesus remains the only One who baptizes people in the Holy Spirit. Even though the apostles laid hands on people to receive the Holy Spirit, it was still Jesus who was the One who did the baptizing.

The Holy Spirit fell on people without the laying of hands (Acts 2:1-4; Acts

10:44-46), but we do notice that the early apostles had a unique authority so that they could lay their hands on others to receive the Holy Spirit (Acts 8:17; Acts 19:6). One reason I believe that the apostles had this ability back then was as a visible proof to the people of God's true authority over His apostles versus imposters who were believers externally but were secretly greedy and enslaved to sin (see Acts 8:17-24).

We also see in the book of Acts that the gift of tongues almost always accompanied the receiving the Holy Spirit. We know that the gift of tongues is the least of the gifts of the Holy Spirit that is available to the church (1 Corinthians 12:28). So it was the most basic gift of the Spirit, and served as immediate and tangible evidence that assured even newborn believers that their prayers had been answered. And the hope was that the visible proof of this gift would build up their faith to seek the greater gifts (1 Corinthians 12:31).

For us today, I do not believe that the Holy Spirit is received through the laying of hands. I don't know of anybody in the last several centuries who could reliably lay hands on people for them to receive the Holy Spirit. I also don't believe that the Holy Spirit is confirmed today through the gifts of tongues (primarily or only). The gift of tongues is most definitely still active and useful in the church today, but people like John Wesley were clearly filled with the Holy Spirit more than almost any Christian today, yet never spoke in tongues.

One big reason that things are different now in both the receiving and the evidence of the Holy Spirit is that we have the complete written Word of God that tells us everything that we need to know about the Holy Spirit – something that the first century folks didn't have.

So we who live today now rely on God's written Word to confirm the presence of the Holy Spirit within us. Our faith and assurance comes from the Word of God (Romans 10:17). And the Word of God acts as a super-sharp sword that sinks to the deepest parts of us (between soul and spirit – Hebrews 4:12), and attests whether we are still being baptized/filled/full of the Holy Spirit (in our spirits) or just having human emotional experiences (in our souls).

In closing, after all that I've written, the ministry and Person of the Holy Spirit remains a mystery. And while we pray that the Lord gives us wisdom and understanding, I hope we can also joyfully embrace the beautiful mystery of the Holy Spirit – knowing that He is THE ONLY PERSON who can help us reflect the life of Jesus. No amount of self-denial can get us there and neither can the most lofty track record of righteous living (remember the rich young ruler).

Your fellow pilgrim who seeks to be perpetually full of the Holy Spirit,

(please mail your genuine doubts to: **sandeep@poonen.org**)

❖